●വാർഷിക വരിസംഖ്യ: ₹80

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2022 ●മേയ് - ജൂൺ ●പുസ്തകം: 05 ●ലക്കം: 03 ● RNI Regn No: KERMAL/2017/73545



# കോവിഡ്കാല വിദ്യാഭ്യാസം: ഇന്നും നാളെയും



കവർ സ്റ്റോറി

ഷാജി മാലിപ്പാറ

**കോവിഡ്കാല വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ തുടക്കം, തുടർച്ച എന്നിവയൊക്കെ വിലയിരുത്തേണ്ട സന്ദർഭമാണിത്. സാധ്യതകളെയും പരിമിതികളെയും പരിഗണിച്ചുകൊണ്ട്, ഇനി വരുംനാളുകളിൽ എങ്ങനെ വിദ്യാഭ്യാസം ആസൂത്രണം ചെയ്യാമെന്നു ചിന്തിക്കുന്നതിന് ഇപ്പറഞ്ഞ വിലയിരുത്തൽ അത്യാവശ്യമാണ്.**

ജീവിതത്തിന്റെ സമസ്ത മേഖലകളെയും ഏതെങ്കിലും വിധത്തിൽ സ്വാധീനിക്കുകയോ മാറ്റിമറിക്കുകയോ ചെയ്തുകൊണ്ടാണ് കോവിഡ്കാലം വന്നതും വളർന്നതും. അതിൽ സുപ്രധാനമായ ഒന്ന് വിദ്യാഭ്യാസരംഗം തന്നെ. പുതുതലമുറയുടെ വിദ്യാഭ്യാസത്തിന് പരമപ്രാധാന്യം നൽകുന്ന കേരളം പോലൊരു സംസ്ഥാനം, കോവിഡ് ഉയർത്തിയ വെല്ലുവിളിക്കുമുമ്പിൽ ആദ്യമൊന്നു പകച്ചു നിൽക്കുകയും പിന്നെ പുത്തൻ സാധ്യതകളിലൂടെ അതിജീവനമാർഗങ്ങൾ തേടുകയുമാണുണ്ടായത്.

പകർച്ചവ്യാധിയെത്തന്നെ കൃത്യമായി നിർവചിക്കാനോ പ്രതിരോധമാർഗങ്ങൾ സംശയരഹിതമായി സ്വീകരിക്കാനോ കഴിയാതെ ലോകമാകെ സന്ദേഹത്തിൽപ്പെട്ടുഴലുമ്പോൾ, കാത്തിരുന്നു കാണാമെന്നുള്ള തീരുമാനത്തിൽ കാര്യമില്ലാതില്ല. എന്നാൽ കുട്ടികളുടെ പഠനകാര്യത്തിൽ എത്ര നാളിങ്ങനെ കാത്തിരിക്കാനാവും? ആവുന്നതു ചെയ്യാമെന്ന വിചാരത്തിലേക്ക് അധികൃതർ എത്തിച്ചേർന്നപ്പോൾ അതിനോടു സഹകരിക്കാനാണ് ഏവരും പരിശ്രമിച്ചത്. എന്നാൽ അവയെല്ലാം സഫലമായോ? ഉത്തരം കാണേണ്ടതുണ്ട്.

കോവിഡ്കാല വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ തുടക്കം, തുടർച്ച എന്നിവയൊക്കെ വിലയിരുത്തേണ്ട സന്ദർഭമാണിത്. സാധ്യതകളെയും പരിമിതികളെയും പരിഗണിച്ചുകൊണ്ട്, ഇനി വരുംനാളുകളിൽ എങ്ങനെ വിദ്യാഭ്യാസം ആസൂത്രണം ചെയ്യാമെന്നു ചിന്തിക്കുന്നതിന് ഇപ്പറഞ്ഞ വിലയിരുത്തൽ അത്യാവശ്യമാണ്. ചെയ്തതെല്ലാം പരമാബദ്ധങ്ങളാണെന്ന വിധിയെഴുത്തും കെങ്കേമമാണെന്ന അവകാശവാദവും മാറ്റിവച്ച് വസ്തുതാപരമായ ഒരവലോകനത്തിനു തയ്യാറായാൽ അതു നാളേയ്ക്കു നന്മയായിത്തീരും.

▸ പേജ് 3,4 തുടരും

പേജ് 4 നാളേയ്ക്കൊരു മാർഗരേഖ

പേജ് 5 കേന്ദ്ര സർവകലാശാലകളിൽ പ്രവേശനത്തിന് CUET

പേജ് 20 ഉള്ളറിഞ്ഞും ഉള്ളുലഞ്ഞും വേണം, നമ്മുടെ നേതൃത്വശുശ്രൂഷകൾ

എഡിറ്റോറിയൽ

● പുസ്തകം: 5 ● ലക്കം: 3

# മതനിന്ദയേക്കാൾ വലുത് മാനവനിന്ദ

നൈജീരിയയിലെ സെക്കോട്ടോ സ്റ്റേറ്റിൽ മേയ് രണ്ടാം വാരം നടന്ന ക്രൂരകൊലപാതകം വലിയ വാർത്തയാകാതെ തമസ്കരിക്കപ്പെട്ടു. ഷാഗിരി കോളേജ് ഓഫ് എഡ്യൂക്കേഷനിൽ വിദ്യാർത്ഥിയായിരുന്ന ഡെബോറ സാമുവൽ എന്ന വിദ്യാർത്ഥിനിയാണ് സഹപാഠികളായ മതതീവ്രവാദികളാൽ അഗ്നിക്കിരയാക്കപ്പെട്ടത്. ആക്രമണം ഭയന്ന് കോളജിന്റെ സെക്യൂരിറ്റി റൂമിൽ ഒളിപ്പിച്ചിരുന്ന ഡബോറയെ സഹപാഠികൾ വലിച്ചിറക്കി എറിഞ്ഞു കൊല്ലുകയും ശേഷം തീ കൊളുത്തുകയുമായിരുന്നു എന്ന് റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്യുന്നു. സാമ്പത്തിക ബുദ്ധിമുട്ടുള്ള കുടുംബത്തിൽ നിന്നും ഏഴു മക്കളിൽ ഒരാളായ ഡെബോറയെ കഷ്ടപ്പെട്ട് പഠിക്കാനയച്ച മാതാപിതാക്കളുടെ സ്വപ്നങ്ങളാണില്ലാതായത്.

എന്താണ് ഡെബോറയുടെ മേൽ ആരോപിക്കുന്ന കുറ്റം? കുട്ടികളുടെ ഒരു വാട്സ്ആപ്പ് ഗ്രൂപ്പിൽ വന്ന മെസ്സേജിനെതിരെ സംസാരിച്ചു എന്നതാണ് ഡെബോറയുടെ ഭാഗത്തു നിന്നും സംഭവിച്ച വീഴ്ച. ഇസ്ലാം മത വിശ്വാസികളോളം തന്നെ ക്രിസ്ത്യാനികളുമുള്ള രാജ്യത്ത് പ്രവാചക നിന്ദ ആരോപിച്ചു ശരിയത്ത് നിയമപ്രകാരം വധശിക്ഷ നൽകാൻ തയ്യാറായ, ഇന്നും കൊലപാതകികളെ ന്യായീകരിക്കുന്ന സഹപാഠികൾക്ക് ഇതിനൊക്കെയുള്ള ആഹ്വാനങ്ങൾ ആരോ നൽകിയിട്ടുണ്ടാകണം. അല്ലെങ്കിൽ പിന്നെ പ്രതികളെന്ന നിലയിൽ പോലീസ് അറസ്റ്റ് ചെയ്ത വിദ്യാർത്ഥികളെ മോചിപ്പിക്കാൻ അഭിഭാഷകരുടെ ഒരു പറ്റം തന്നെ ഹാജരായതിനു പിന്നിലെ രാഷ്ട്രീയം എന്തായിരിക്കും?

അന്യമതത്തെ ശത്രുക്കളായി കാണാൻ പഠിപ്പിക്കുന്ന വൈകൃതത്തെ മതം എന്ന് വിളിക്കുന്നത് എങ്ങനെയാണ്? മാനവികതയെ ഉൾക്കൊള്ളാൻ പഠിപ്പിക്കാത്തതൊന്നും യഥാർത്ഥ മതം അല്ല. മതനിന്ദ ആരോപിച്ചുള്ള കൊലപാതകങ്ങൾ നൈജീരിയയ്ക്ക് പുതുമയല്ല എന്നതിന് ചരിത്രം സാക്ഷിയാണ്. ലോകത്തിൽ എവിടെയായാലും മതത്തിന്റെ പേരിലുള്ള അക്രമങ്ങൾ നിരുത്സാഹപ്പെടുത്തേണ്ടതാണ്. അതിനാവശ്യമായ തിരുത്തലുകൾവരുത്താൻ മുൻകൈ എടുക്കേണ്ടത് മതനേതാക്കൾ തന്നെയല്ലേ? നിയമം അനുശാസിക്കുന്ന മതസ്വാതന്ത്ര്യം ജീവിക്കാനുതകുന്ന നിയമനിർമാണം നടത്താൻ രാഷ്ട്രത്തിനും ബാധ്യതയില്ലേ? മതം മാനവികതയ്ക്ക് ഊന്നൽ കൊടുക്കുമ്പോൾ പ്രഘോഷിക്കാനും പ്രബോധിപ്പിക്കാനും ബാക്കിയാകുന്നത് ഒന്നുമാത്രം; 'നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക.'

# അറിവിന്റെ വാതായനങ്ങൾ വീണ്ടും തുറക്കുമ്പോൾ



ഇടയശബ്ദം

മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

പുതിയ അദ്ധ്യയന വർഷത്തിലേക്ക് കടക്കാനൊരുങ്ങുകയാണ് നമ്മുടെ പ്രിയപ്പെട്ട കുഞ്ഞുങ്ങൾ. സ്നേഹത്തിന്റെ പാഥേയമൊരുക്കി കരുതലോടെ അവരെ യാത്രയാക്കുന്ന മാതാപിതാക്കൾ. അവർക്കായി കരുതി വെച്ച അറിവിന്റെ പൂക്കളുമായി അവരെ വരവേൽക്കാൻ ഒരുങ്ങിയിരിക്കുന്ന അദ്ധ്യാപകർ. സൗഹൃദത്തിന്റെ ഓർമ്മച്ചെപ്പുകൾ വീണ്ടും തുറക്കാൻ കാത്തിരിക്കുന്ന കളിക്കൂട്ടുകാർ. പുത്തൻ കുടയും, യൂണിഫോമും, പുസ്തകക്കെട്ടും നനയ്ക്കാൻ കുസൃതിയോടെ പെയ്യുന്ന മഴ. അങ്ങനെ കുട്ടികളുടെ ഉത്സവക്കാലമാണ് ജൂൺ മാസം.

കളികളും യാത്രകളുമൊക്കെയായി ആഘോഷത്തോടെ ചിലവിടുന്ന അവധിക്കാലവും കഴിഞ്ഞാണ് സാധാരണ നാം സ്കൂളുകളിലേക്ക് മടങ്ങി വരാറുള്ളത്. എന്നാൽ കഴിഞ്ഞ രണ്ട് വർഷം കൊണ്ട് നമ്മുടെ ജീവിത ശൈലിയൊന്നാകെ മാറ്റിയ കൊറോണയുടെ ലോകത്ത് നിന്നാണ് ഇത്തവണ സ്കൂളുകളിലേക്കുള്ള നമ്മുടെ യാത്ര. മൊബൈലിനോടും ഇന്റർനെറ്റിനോടും കൂട്ടുകൂടി ഏകാന്തതയും വിഷാദവുമൊക്കെ ശീലിച്ച് കളിക്കാനും ചിരിക്കാനും മറന്ന് പോയ കുട്ടികളുടെ കളിചിരികളെ നമുക്കൊന്നിച്ച് വീണ്ടെടുക്കാം. നേരത്തെ ഉണരുന്നതും, പ്രാർത്ഥനയോടെ ദിവസം ആരംഭിക്കുന്നതും, വിശുദ്ധ കുർബാനയിൽ നിന്ന് ശക്തി നേടുന്നതും, ഒരുമിച്ച് ഭക്ഷണം കഴിക്കുന്നതും, വിശേഷങ്ങൾ പരസ്പരം പങ്കുവയ്ക്കുന്നതുമൊക്കെ ഓർമ്മകളിൽ എവിടെയോ നഷ്ടപ്പെട്ടുപോയ ചില സുകൃതങ്ങൾ മാത്രമായി മാറാതിരിക്കട്ടെ. മാതാപിതാക്കളും അദ്ധ്യാപകരും കുട്ടികൾക്ക് ആവശ്യമായ ശിക്ഷണത്തോടൊപ്പം നല്ല മാതൃക കൂടി നൽകുമ്പോഴാണ് അറിവ് ജീവിതഗന്ധിയാകുന്നത്.

'ശിക്ഷണത്തോടുള്ള ആത്മാർത്ഥമായ അഭിലാഷമാണ് ജ്ഞാനത്തിന്റെ ആരംഭം.' (ജ്ഞാനം 6:17) അറിവ് നേടണമെന്ന ആഗ്രഹത്തോടൊപ്പം, അനുസരണമെന്ന പുണ്യം കൂടി ചേരുമ്പോഴാണ് വിദ്യാഭ്യാസം ഫലം ചൂടുന്നത്. മാതാപിതാക്കളെയും, ഗുരുഭൂതരെയും, മുതിർന്നവരെയും ബഹുമാനിക്കുകയും, അനുസരിക്കുകയും ചെയ്യുന്ന നല്ല ശീലം നഷ്ടപ്പെട്ട് പോകാതെ പ്രിയപ്പെട്ട കുട്ടികൾ ശ്രദ്ധിക്കണം. മനസ്സിൽ സ്വാർത്ഥത നിറയുമ്പോഴാണ് നമ്മുടേത് മാത്രമായ ലോകത്തിലേക്ക് നാം ചുരുങ്ങിപ്പോകുന്നത്. നമ്മുടെ ചിന്തകളിലും വാക്കുകളിലും പ്രവൃത്തികളിലുമെല്ലാം സാമൂഹികബോധം പ്രതിഫലിക്കണം. എല്ലാവരോടും സ്നേഹത്തോടെ ഇടപെടാനും, ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളരാനും നിങ്ങൾക്ക് സാധിക്കട്ടെ.

രണ്ട് വർഷങ്ങൾകൊണ്ട് നമുക്ക് നഷ്ടപ്പെട്ടുപോയ പഠനാനുഭവങ്ങൾ വീണ്ടെടുക്കാനുള്ള അവസരമാണിത്. ഏറെ വൈകിമാത്രം പൂർത്തിയായ അദ്ധ്യയന വർഷവും, നേരത്തെയെത്തിയ മഴയും, കഴിഞ്ഞ രണ്ട് വർഷമായി നമ്മെ അലോസരപ്പെടുത്തുന്ന കൊറോണപ്പേടിയുമൊന്നും ഇത്തവണത്തെ വിദ്യാരംഭത്തിന്റെ മാറ്റ് കുറയ്ക്കാതിരിക്കട്ടെ. അറിവിനായുള്ള ദാഹത്തോടെ വിദ്യാലയത്തിന്റെ പടികൾ കയറാം. സൗഹൃദങ്ങളെ ശക്തിപ്പെടുത്താനും, ഗുരുമുഖത്ത് നിന്ന് അറിവ് ഒപ്പിയെടുക്കാനും, പ്രകൃതിയുടെ വാതായനങ്ങൾ തുറന്ന് നന്മയുടെ വെളിച്ചം ഉള്ളിലേക്ക് സ്വീകരിക്കാനും നമുക്കൊരുങ്ങാം. എല്ലാ പ്രിയപ്പെട്ട വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും, മാതാപിതാക്കൾക്കും നല്ലൊരു അദ്ധ്യയന വർഷം ആശംസിക്കുന്നു. മറ്റെല്ലാ ധനത്തേയുംകാൾ ശ്രേഷ്ഠമായ വിജ്ഞാനം സ്വന്തമാക്കാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# കൊച്ചു സന്തോഷങ്ങൾ അത്ര ചെറുതല്ല



അകം പുറം

കെ. എഫ്. ജോർജ്

എത്ര പേരുടെ അധ്വാനവും സൂക്ഷ്മതയുമാണ് രാവിലെ ആദ്യം കഴിക്കുന്ന ഒരു കപ്പ് ചായയായി പരിവർത്തനം ചെയ്ത് കൈയിലിരിക്കുന്നത്!

മൂന്നാറിലെതേയിലത്തോട്ടത്തിലെതൊഴിലാളികൾ, ഫാക്ടറികൾ, വിപണനം ചെയ്ത വ്യാപാരികൾ, കർണാടകയിലെ കരിമ്പുതോട്ടത്തിൽ വിയർപ്പൊഴുക്കിയ പാവപ്പെട്ടവർ, പഞ്ചസാര ഫാക്ടറിയിലെ തൊഴിലാളികൾ, പാൽ ഉത്പാദിപ്പിച്ച കർഷകൻ, ഗൾഫ് നാടുകളിലെ എണ്ണപ്പാടത്തു നിന്ന് പാചക വാതകമായി വീട്ടിലെത്തിയ ഇന്ധനത്തിനു പിന്നിൽ പ്രവർത്തിച്ചവർ, കപ്പ് ഉണ്ടാക്കിയ ചൈനാക്കാർ... നമ്മുടേതെന്നു പറയാൻ വീട്ടിലെ വെള്ളംമാത്രമേ കാണൂ. പൈപ്പു വെള്ളമാണെങ്കിൽ അതും മറ്റു ചിലരുടെ കാരുണ്യം.

ചായക്കോപ്പ ഉയർത്തി ചൂടും മണവും നിറവും ആസ്വദിച്ച് പുലർച്ചെ ഉണർവു തേടുമ്പോൾ അജ്ഞാതരായ എത്രയോ ആളുകളോടുള്ള ആദരവിന്റെ നനവ് ഉള്ളിനെ ആർദ്രമാക്കേണ്ടതല്ലേ? പണമുണ്ടായിട്ടു കാര്യമില്ല. ഇവരെല്ലാം അധ്വാനിക്കാതിരുന്നാൽ ചായകുടി നടക്കില്ലല്ലോ.

മൊബൈലിൽ നോക്കി യാന്ത്രികമായി ചായ അകത്താക്കുമ്പോൾ ആരെ ഓർക്കാൻ! കഴിക്കുന്ന സാധനത്തിന്റെ മണമോ രുചിയോ പോലും മനസിനെ സ്പർശിക്കാതെ യാന്ത്രികമായി ആമാശയത്തിൽ ചെന്നു ചേരുകയാണ്.

ഭക്ഷണം തയ്യാറാക്കുന്നതും കഴിക്കുന്നതും വിശപ്പടക്കാൻ വേണ്ടി മാത്രമല്ല അത് ആനന്ദത്തിനുള്ള വഴി കൂടിയാണ്. കണ്ണിന് ഇമ്പം നൽകാൻ തീൻമേശ നന്നായി ഒരുക്കി വയ്ക്കുന്നതും കലയാണ്. മാത്രമല്ല അതു ഭക്ഷണത്തിലേക്കുള്ള ഒരു ക്ഷണവുമാണ്.

ജോലി, വീട്, ധനസമ്പാദനം തുടങ്ങി വലിയ ആഗ്രഹങ്ങളും ലക്ഷ്യങ്ങളും തീർച്ചയായും ഉണ്ടാകും. അങ്ങനെയാണ് വേണ്ടതും.

പക്ഷെ, ഇതിനിടയിൽ താനേ വീണു കിട്ടുന്ന സന്തോഷിക്കാനുള്ള കുഞ്ഞു കുഞ്ഞ് അവസരങ്ങളെ അവഗണിച്ചാൽ ജീവിതം മുഷിപ്പനാകും. ഇതു തുടർന്നാൽ കുടുംബജീവിതത്തിൽ ഉരസലുകളും സംഘർഷങ്ങളും താളഭംഗവുമുണ്ടാകാം.

ചെറിയ സന്തോഷ അവസരങ്ങളൊന്നും ഉപയോഗിക്കാതെ വലിയ ലക്ഷ്യം മാത്രം മുന്നിൽ കണ്ട് ജീവിക്കുമ്പോൾ സ്വാർത്ഥനാകാൻ സാധ്യതയുണ്ട്. കുറച്ച് ലാഘവത്തോടെ ആനന്ദവേളകളെ വരുംപോലെ സ്വീകരിക്കുമ്പോൾ നമ്മുടെ നടത്തവും വർത്തമാനവും പെരുമാറ്റവുമെല്ലാം ചുറ്റുമുള്ളവരെയും സന്തോഷിപ്പിക്കും. അപ്പോൾ അവിടെ ആനന്ദത്തിന്റെ



കൊടുക്കൽവാങ്ങൽ നടന്നുകൊള്ളും.

കുഞ്ഞുങ്ങൾ പട്ടിയോടും പൂച്ചയോടും പൂക്കളോടുമെല്ലാം സംസാരിക്കും. അവർക്ക് എല്ലാം കൗതുകം. അസംഖ്യം കാലുകളുമായി നീങ്ങുന്ന തേരട്ടയെ പിടിക്കാൻ നോക്കും. കിളികളെ കണ്ട് അത്ഭുതം കൂറും. പശുക്കുട്ടിയും ആട്ടിൻകുട്ടിയും കളിക്കൂട്ടുകാരാണ്.

നഴ്സറിയിലും ചെറിയ ക്ലാസിലും പഠിക്കുമ്പോൾ വിശേഷങ്ങൾ പറഞ്ഞ് അമ്മയെ പൊറുതിമുട്ടിക്കുന്ന കുട്ടി മുതിർന്നു വരുംതോറും സംസാരം കുറഞ്ഞു കുറഞ്ഞു വരും. അവസാനം മിണ്ടാട്ടം തന്നെ കഷ്ടിയാകും.

വളരുകയെന്നാൽ കുഞ്ഞുതമാശകളെയും ചിരികളെയും വേണ്ടന്ന് വയ്ക്കുന്ന അവസ്ഥയാണോ?

സന്തോഷിക്കാനുള്ള അവസരങ്ങൾ ദൈനംദിന ജീവിതത്തിൽ എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഭക്ഷണം ഒരുക്കുമ്പോഴും കഴിക്കുമ്പോഴും സംഭാഷണങ്ങളിലും കൂട്ടായ്മകളിലുമെല്ലാം ഇതിനുള്ള വഴികൾ ഒളിഞ്ഞു കിടക്കുന്നു. ഇവയെല്ലാം ഒന്നൊഴിയാതെ പ്രയോജനപ്പെടുത്തിയാൽ സമ്മർദ്ദമുക്തമാക്കി മനസിനെ നിലനിർത്താം.

ആധുനിക സമ്പർക്ക മാധ്യമങ്ങളെ അമിതമായി ആശ്രയിക്കുമ്പോൾ ഇവയൊന്നും നേരിട്ടുള്ള മനുഷ്യബന്ധങ്ങളിൽ നിന്നു ലഭിക്കുന്ന ജൈവികാനന്ദത്തിനു പകരം നിൽക്കാൻ ത്രാണിയുള്ളതല്ലെന്നു മനസിലാക്കും.

ബൈബിളിലെങ്ങും ചെറുതിന്റെ വാഴ്ത്തുപാട്ടുകൾ കേൾക്കാം. പുൽക്കൂട്ടിൽ നിന്ന് തുടങ്ങാം. ശിശുക്കളിലും കടുകുമണിയിലും വിത്തിലും വിധവയുടെ കൊച്ചുകാശിലും ഉയരം കുറഞ്ഞ സക്കേവൂസിലും ഒരു നാണയത്തുട്ടിനു വിൽക്കുന്ന രണ്ടു കുരുവികളിലുമെല്ലാമായി അങ്ങനെ പരന്നു കിടക്കുന്നു. ദൈവത്തിന് ഒന്നും നിസാരമല്ല. എല്ലാം വിലപ്പെട്ടവ തന്നെ.

അഞ്ചപ്പവും രണ്ടു മത്സ്യവും കൊണ്ട് വമ്പൻസദ്യ ഒരുക്കുമ്പോൾ കൊച്ചു കാര്യങ്ങളിൽ കൂടി വലിയ ലക്ഷ്യങ്ങളിലേക്കു നീങ്ങാമെന്ന ശാശ്വത സത്യവും വെളിപ്പെടുന്നു. അതിനാൽ ചെറുതിനെ ഒരിക്കലും നിസ്സാരമായി അവഗണിക്കരുത്.

# അമ്പരപ്പും ആശങ്കയുമായി ഓൺലൈൻ തുടക്കം

**കോവിഡൊക്കെ മാറി സ്കൂൾ തുറന്നിട്ട് പഠിക്കാമെന്നും പഠിപ്പിക്കാമെന്നും കരുതിയ ചുരുക്കം ചിലരുണ്ടായി എന്നത് ഒരു മറുവശമാണ്. എങ്കിലും പൊതുവേ പറഞ്ഞാൽ അമ്പരന്നുനിൽക്കുമ്പോഴും ആശങ്കയൊക്കെ ഉണ്ടെങ്കിലും പറ്റുന്നതുചെയ്യാൻതന്നെ വിദ്യാഭ്യാസമേഖലയിലെ ഭൂരിപക്ഷംപേരും തയ്യാറായി**

2020 മാർച്ച് 20–ന് കേരളത്തിലെ സ്കൂളുകൾ പെട്ടെന്നൊരു പ്രഖ്യാപനത്തോടെ അടച്ചത് വാർഷികപരീക്ഷകൾക്കിടയിലാണ്. സഹപാഠികളോടോ അധ്യാപകരോടോ ഒന്നു യാത്രപറയാൻപോലും അവസരം ലഭിക്കാതെയാണ് ലക്ഷക്കണക്കിനു വിദ്യാർത്ഥികൾ വീടുകളിലേക്കു മടങ്ങിയത്. മാർച്ച് 24–ന് രാജ്യമൊട്ടാകെ സമ്പൂർണ ലോക്ക്ഡൗൺ പ്രഖ്യാപിച്ചതോടെ എല്ലാവരും വീടുകൾക്കുള്ളിലായി. അധികം വൈകാതെ നിയന്ത്രണം പിൻവലിച്ച് പരീക്ഷകൾ നടത്തുമെന്ന പ്രതീക്ഷ എല്ലാവർക്കുമുണ്ടായിരുന്നു. ഏപ്രിൽ, മെയ് മാസങ്ങൾ സാഹചര്യങ്ങളെ മെച്ചപ്പെടുത്തിയില്ല. എസ്എസ്എൽസി, പ്ലസ്ടു പരീക്ഷകൾ എങ്ങനെയും നടത്തിയെന്നേ പറയേണ്ടൂ.



പുതിയ അധ്യയനവർഷം പതിവുപോലെ തുടങ്ങാനാവില്ലെന്ന തിരിച്ചറിവിലേക്ക് വേഗമെത്താൻ കഴിഞ്ഞു. അങ്ങനെയാണ് 2020 ജൂൺ ആദ്യവാരംതന്നെ കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ 'ഫസ്റ്റ് ബെൽ' എന്ന പേരിൽ വിദൂരവിദ്യാഭ്യാസപരിപാടി ആരംഭിച്ചത്. സ്റ്റേറ്റ് സിലബസിലെ എല്ലാ ക്ലാസുകളിലെയും എല്ലാ വിഷയങ്ങളുടെയും ആകർഷകമായ വീഡിയോ ക്ലാസുകൾ സമയക്രമമനുസരിച്ച് സംപ്രേഷണം ചെയ്യാൻ തുടങ്ങി. അവ യൂട്യൂബിലും മറ്റും ലഭ്യമാക്കുകയും ചെയ്തു. അധ്യാപകർ ക്ലാസടിസ്ഥാനത്തിൽ വാട്സാപ് ഗ്രൂപ്പുകൾ രൂപീകരിച്ച് പഠനപ്രവർത്തനങ്ങളെ കുട്ടികളിലെത്തിക്കാൻ ശ്രമിച്ചു. ഫസ്റ്റ് ബെൽ ക്ലാസുകളിൽ പങ്കെടുക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കാനും ആവശ്യമായ പിന്തുണാസംവിധാനം ഒരുക്കാനുമാണ് അധ്യാപകരോട് നിർദ്ദേശിച്ചത്. അതിനുപുറമെയുള്ള ക്ലാസുകൾ ഓൺലൈനിൽപോലും നൽകാൻ അധ്യാപകർക്ക് അനുവാദമില്ലായിരുന്നു.

അതുവരെ തങ്ങൾക്ക് നിഷിദ്ധമായിരുന്ന സ്മാർട്ടുഫോൺ സ്വന്തമായി ഉപയോഗിക്കാൻ കഴിയുന്നതിന്റെ ത്രില്ലിൽ കുട്ടികൾ സന്തോഷചിത്തരായി. മാതാപിതാക്കളുടെ സാന്നിദ്ധ്യത്തിലും അല്ലാതെയും കുട്ടികൾ പുതുമയേറിയ ക്ലാസുകൾ ആസ്വദിക്കാൻ തുടങ്ങി. സാങ്കേതികവിദ്യകളോട് പുറംതിരിഞ്ഞുനിന്നിരുന്ന അധ്യാപകർ പോലും അവയിൽ മികവു നേടാൻ പരിശ്രമിച്ചു. ഓൺലൈൻ പരീക്ഷകൾ ആദ്യഘട്ടത്തിൽ അധികൃതർ അനുവദിച്ചില്ലെങ്കിലും പഠനത്തിന് പരീക്ഷ വേണമെന്ന കാഴ്ചപ്പാടിൽ പല വിദ്യാലയങ്ങളും തങ്ങളുടേതായ സങ്കേതങ്ങൾ ഉപയോഗിച്ച് പലതരം വിലയിരുത്തൽപ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. പാഠ്യേതരപ്രവർത്തനങ്ങൾ ഓൺലൈനിൽ നടത്തി, സർഗാത്മകതയുടെ പുത്തനധ്യായങ്ങൾ വിരചിച്ച വിദ്യാലയങ്ങളും ധാരാളമുണ്ട്. അവയൊക്കെ സമൂഹമാധ്യമങ്ങളിലൂടെ പ്രചരിക്കുകയും പ്രശംസിക്കപ്പെടുകയും ചെയ്തു.

കുട്ടികളുടെ മാനസികോല്ലാസത്തെതെല്ലും നഷ്ടപ്പെടുത്തരുതെന്നും ഒന്നിനും അവരെ നിർബന്ധിക്കരുതെന്നുമുള്ള ഉത്തരവുകൾ ഇടയ്ക്കിടെ ഇറങ്ങിയത് ചിലർക്കെങ്കിലും ഒന്നും ചെയ്യാതിരിക്കാനുള്ള അനുമതിപത്രങ്ങളായി. കോവിഡൊക്കെ മാറി സ്കൂൾ തുറന്നിട്ട് പഠിക്കാമെന്നും പഠിപ്പിക്കാമെന്നും കരുതിയ ചുരുക്കം ചിലരുണ്ടായി എന്നത് ഒരു മറുവശമാണ്. എങ്കിലും പൊതുവേ പറഞ്ഞാൽ അമ്പരന്നുനിൽക്കുമ്പോഴും ആശങ്കയൊക്കെ ഉണ്ടെങ്കിലും പറ്റുന്നതുചെയ്യാൻതന്നെ വിദ്യാഭ്യാസമേഖലയിലെ ഭൂരിപക്ഷംപേരും തയ്യാറായി.

പൊതുവിദ്യാലയങ്ങളെ സംബന്ധിച്ച ഇക്കാര്യങ്ങൾക്കു സമാന്തരമായി ഇതര സ്വകാര്യവിദ്യാലയങ്ങളും കാര്യക്ഷമമായി ഓൺലൈൻപഠനം തുടങ്ങുകയും തുടരുകയും ചെയ്തുപോന്നു. ഓരോ സ്കൂളും അവരവരുടേതായ മാർഗങ്ങളാണ് സ്വീകരിച്ചത്. കൂടുതൽ സമയം ക്ലാസുകൾ, ഇടയ്ക്കിടെയുള്ള ഓൺലൈൻ പരീക്ഷകൾ എന്നിവയൊക്കെ അവയുടെ പ്രത്യേകതകളായിരുന്നു. കോളജുകളും ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളും നാനാവിധത്തിൽ ഓൺലൈൻ പഠനം മെച്ചപ്പെടുത്താൻ ശ്രമിച്ചു. അവിടങ്ങളിലൊക്കെ വിദ്യാഭ്യാസത്തിൽ ഡിജിറ്റൽ വേരുകളാഴ്ത്താനുള്ള അവസരമായി കോവിഡ് കാലം മാറി.

2020 ജൂണിലെ പ്രതീക്ഷ ഓണമാകുമ്പോഴേക്കും സ്കൂൾ തുറക്കാമെന്നായിരുന്നു. പക്ഷേ ഒരധ്യയനവർഷം ഒരു ദിവസം പോലും സ്കൂൾ തുറക്കാനാവാത്ത അവസ്ഥയാണ് നിലനിന്നത്. ഒരു വർഷം കുട്ടികൾ നേടിയതും നേടാത്തതുമൊക്കെ തുല്യമായി പരിഗണിച്ച് അടുത്ത വർഷത്തിലേക്ക് അവരെ നയിക്കുകയായിരുന്നു അതിന്റെ ബാക്കിപത്രം.

## കൂടുതൽ കൃത്യതയോടെ രണ്ടാം വർഷത്തിലേക്ക്

2021 ജൂൺ 1–ന് ആഘോഷമായ പ്രവേശനോത്സവത്തോടെ കേരളമെമ്പാടും അധ്യയനവർഷമാരംഭിച്ചത്, സ്കൂൾ തുറക്കൽ അകലെയാണെന്ന ഉറപ്പിലാണ്. മുൻവർഷത്തേതിൽനിന്ന് വ്യത്യസ്തമായി കൃത്യവും വ്യക്തവുമായ പ്രായോഗികപദ്ധതികൾ മുന്നോട്ടുവയ്ക്കാൻ കഴിഞ്ഞു. എല്ലാ കുട്ടികൾക്കും ഡിജിറ്റൽ ഉപകരണങ്ങൾ ഉറപ്പാക്കുക, ഫസ്റ്റ് ബെൽ ക്ലാസുകൾക്കുപുറമെ അധ്യാപകർ സ്വന്തം നിലയ്ക്ക് ക്ലാസുകൾ നടത്തുക എന്നിവയൊക്കെ എടുത്തുപറയേണ്ടതാണ്. ഗൂഗിൾമീറ്റിലൂടെയാണ് ഭൂരിഭാഗം വിദ്യാലയങ്ങളിലും ക്ലാസുകൾ നടത്തിയത്. സൂം, ടീച്ച്മെന്റ്, യൂട്യൂബ് തുടങ്ങിയ വിവിധ ഓൺലൈൻവേദികൾ ഇതിനായി ഉപയോഗിച്ചവരുമുണ്ട്. ഇത്തരം ക്ലാസുകളിൽ പങ്കെടുക്കാൻ കുട്ടികളെ നിർബന്ധിക്കുകയും ഹാജർ രേഖപ്പെടുത്തുകയുമൊക്കെ ചെയ്തുപോന്നു. കൃത്യമായി നോട്ടുനൽകുകയും ഹോംവർക്കുകൾ നിർദ്ദേശിക്കുകയും ചെയ്യുന്നതിൽ അധ്യാപകർ ഉത്സുകരായി. കോവിഡിന്റെ കാരണത്താൽ വേണ്ടെന്നുവയ്ക്കേണ്ടതല്ല പഠനമെന്ന കാഴ്ചപ്പാട് സമൂഹത്തിൽ വേരുറച്ചതും ഇക്കാലത്താണ്.

മാതാപിതാക്കൾക്ക് പുതിയ കാലത്തിന്റെ സാധ്യതകളെയും പ്രശ്നങ്ങളെയും പരിചയപ്പെടുത്തുന്ന ക്ലാസുകൾ സ്കൂൾ തലത്തിലും സന്നദ്ധസംഘടനാതലത്തിലുമൊക്കെ ഓൺലൈനായി നടത്തപ്പെട്ടു. യഥാസമയങ്ങളിൽ പലതരം ഓൺലൈൻ പരീക്ഷകൾ നടത്തി. സ്കൂൾ തുറക്കാൻ കഴിയുന്നത് എപ്പോഴാണെങ്കിലും അന്ന് വെറുംകൈയോടെ വരാൻ ഇടയാവരുതെന്ന ബോധമുണർത്താൻ നീക്കങ്ങളുണ്ടായി.

2021 നവംബർ ഒന്നിന് സ്കൂളുകൾ തുറന്നത് ബയോബബിൾപ്രകാരം കുറച്ചുകുട്ടികളും പാതിനേരത്തെ ക്ലാസുകളുമായിട്ടാണ്. എങ്കിൽപ്പോലും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കുമെല്ലാം എന്തൊരുത്സാഹവും ആവേശവുമായിരുന്നു. നഷ്ടപ്പെട്ടതൊക്കെ തിരിച്ചുപിടിക്കണമെന്ന ആഗ്രഹമാണ് എല്ലാവരിലും ദൃശ്യമായത്. ഇടയ്ക്കൊരു സ്കൂളടയ്ക്കൽ ഉണ്ടായെങ്കിലും 2022 ഫെബ്രുവരി 21 മുതൽ മുഴുവൻ കുട്ടികളും പൂർണനേരവുമായി വിദ്യാലയങ്ങൾ സജീവമായി. കിട്ടിയ അവസരമുപയോഗിച്ച് കലോത്സവങ്ങൾ, കായികമേളകൾ, സ്കൂൾവാർഷികങ്ങൾ എന്നിവയൊക്കെ സംഘടിപ്പിച്ച സ്കൂളുകളും നമ്മുടെ നാട്ടിലുണ്ട്. പാഠപുസ്തകങ്ങൾക്കപ്പുറത്തെ അനുഭവങ്ങൾ പകരാൻ സ്കൂളുകൾക്ക് കഴിയേണ്ടതിന്റെ ആവശ്യകതയിലേക്ക് ഇത് വിരൽചൂണ്ടുന്നു. മാർച്ച് ഒടുവിൽ വാർഷികപരീക്ഷകളും നടത്തിയാണ് സ്കൂളുകൾ പൂട്ടിയത്. മുതിർന്ന ക്ലാസുകളിലെ പൊതുപരീക്ഷകൾ ഏപ്രിലിൽ നടന്നു.

പൊതുവിദ്യാലയങ്ങളിലെ ഒന്നുമുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസുകളിലെ അധ്യയനത്തിന്റെ വിവരങ്ങളാണ് ഇവിടെ പങ്കുവയ്ക്കുന്നത്. ഇതിനു സമാന്തരമായി ഇതരവിദ്യാലയങ്ങളിലും ഉന്നത കലാലയങ്ങളിലും നടപ്പിലാക്കിയവയും പരിഗണിക്കപ്പെടേണ്ടതുതന്നെയാണ്.

(പേജ് നാലിൽ തുടരും)






# ഓൺലൈൻ സാധ്യതകളിലെ പരിമിതികൾ

സാങ്കേതികവിദ്യയുടെ സഹകരണത്തോടെയുള്ള കോവിഡ് കാലവിദ്യാഭ്യാസം വലിയ സാധ്യതകളാണ് തുറന്നിട്ടത്. നിരവധി വർഷങ്ങൾ കൊണ്ട് ഉണ്ടാകാമായിരുന്ന മാറ്റം ഏതാനും നാളുകൾ കൊണ്ട് ഈ രംഗത്ത് ഉണ്ടായി. പൊതുവേ പഴഞ്ചരെന്ന് സ്വയം കരുതിപ്പോന്ന അധ്യാപകസമൂഹം സന്ദർഭത്തിനൊത്ത് നവീകരിക്കപ്പെടാൻ തയ്യാറായി. സ്മാർട്ടായ കുട്ടികളെ പഠിപ്പിക്കുന്ന അധ്യാപകരും സ്മാർട്ടായെന്നു ചുരുക്കം. പതിനാലാം നൂറ്റാണ്ടിൽ യൂറോപ്പിലുണ്ടായ പ്ലേഗ്, ഇരുപതാം നൂറ്റാണ്ടിലെ സ്പാനിഷ് ഫ്‌ളൂ എന്നിവയാണല്ലോ മുൻകാലത്തെ പ്രധാന പകർച്ചവ്യാധികൾ. പ്ലേഗ് പടർന്നപ്പോൾ വിദ്യാഭ്യാസം പൂർണമായി നിർത്തിവയ്ക്കാനേ പറ്റിയുള്ളൂ. സ്പാനിഷ് ഫ്‌ളൂവിന്റെ കാലത്ത് തപാൽമാർഗം പാഠ്യവസ്തുതകൾ അയച്ചും മറ്റും ബദൽമാർഗങ്ങൾ പരീക്ഷിച്ചു. എന്നാൽ അവയോട് തുലനം ചെയ്യുമ്പോൾ കോവിഡ്കാലത്തെ മെച്ചപ്പെട്ട രീതിയിൽ മറികടക്കാൻ നമുക്കു കഴിഞ്ഞു. അതേസമയം സാധ്യതകളെ പ്രയോഗക്ഷമമാക്കിയപ്പോൾ നിരവധി പരിമിതികളും പ്രശ്നങ്ങളും ഉണ്ടാവുകതന്നെ ചെയ്തു. അവയിൽ പലതും ഇനിയും പരിഹരിക്കാനായിട്ടുമില്ല.

കേരളത്തിൽ 2020 ജൂൺ ഒന്നിന് ഓൺലൈൻപഠനം ആരംഭിക്കുമ്പോൾ സർക്കാരിന്റെ കണക്കുപ്രകാരം 2.6 ലക്ഷം കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ ഉണ്ടായിരുന്നില്ല. ഉള്ളവർക്കുതന്നെ കണക്ടിവിറ്റി സൗകര്യങ്ങളും കുറവ്. അതൊന്നും വേണ്ടത്ര പരിഗണിക്കാതെ മുന്നോട്ടുപോകാനുള്ള 'ധീരത' അത്ര നന്നായില്ലെന്ന് പിന്നീട് മനസിലായി. പുറംവാതിലുകളെല്ലാമടച്ച് ഡിജിറ്റൽ ദ്വീപുകളിൽ ഒറ്റപ്പെട്ട കുട്ടികളിൽ ആയിരത്തോളം പേർ ആത്മഹത്യയ്ക്കു ശ്രമിച്ചത് നിസാരമായി തള്ളേണ്ടതല്ല. ഡിജിറ്റൽ ഉപകരണങ്ങളുടെ അപര്യാപ്തത, അധ്യാപകരുമായി നേരിട്ടുള്ള ഇടപഴകാൻ കഴിയായ്ക, സഹപാഠികളുടെ അഭാവം തുടങ്ങിയവ കുട്ടികളെ വലിയ മാനസികസംഘർഷങ്ങളിലേക്കു നയിച്ചു. സർക്കാരിന്റെ കുറവുകളെ നികത്തുന്ന മട്ടിൽ സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും വിദ്യാർത്ഥികൾക്ക് സാങ്കേതികസൗകര്യങ്ങൾ സൗജന്യമായി നൽകാൻ മുന്നിട്ടിറങ്ങി. അതാകട്ടെ ഗുണത്തോടൊപ്പം ഏറെ ദോഷങ്ങളുമുണ്ടാക്കി. അന്നുവരെ നിഷിദ്ധമായിരുന്ന സ്മാർട്ടുഫോണുകൾ നെറ്റ് കണക്ഷനോടുകൂടി കൊച്ചുകുട്ടികൾക്കുവരെ സ്വന്തമായിക്കിട്ടിയത് ഉണ്ടാക്കിത്തീർത്ത കുഴപ്പങ്ങൾ ചില്ലറയല്ല.

ഓൺലൈൻ പഠനം വിദ്യാഭ്യാസരംഗത്തെ അടിസ്ഥാനധാരണകളെ തകിടം മറിച്ചു. വ്യക്തിത്വവികാസത്തിന് ഉപയുക്തമായ വിദ്യാലയങ്ങളുടെ സാമൂഹികാന്തരീക്ഷം അപ്രത്യക്ഷമായി. വിദ്യാഭ്യാസം കൊണ്ടു നേടേണ്ട സാമൂഹ്യവൽക്കരണം സാധ്യമാകാത്തത് കുറച്ചൊന്നുമല്ല അസ്വസ്ഥതകൾ വരുത്തിയത്. സ്കൂളിലേക്ക് കൂട്ടുചേർന്നു പോവുകയും വരികയും ചെയ്യുക, സഹപാഠികളോട് ഇണങ്ങിയും പിണങ്ങിയും ഇടപഴകുക, അധ്യാപകരുടെ സ്നേഹവും ശകാരവും അനുഭവിക്കുക, സംഘം ചേർന്ന് പ്രവർത്തിക്കുക, വിജയപരാജയങ്ങളെ നേരിടാനും സ്വായത്തമാക്കാനും കഴിയുക, അനുഭവങ്ങളിൽനിന്നു പഠിക്കുക – എന്നിങ്ങനെ ഓരോന്നും സാമൂഹ്യജീവിതത്തിന്റെ പാഠങ്ങൾ നൽകുന്നവയാണ്. ഇതെല്ലാം അന്യമായ കാലമാണ് ഓൺലൈൻപഠനനാളുകൾ.



ക്ലാസ്മുറിയുടെ നാലു ചുവരുകൾക്കുള്ളിൽനിന്നു പഠനം പുറത്തേക്കു വ്യാപിക്കുകയല്ല ഉണ്ടായത്. മറിച്ച് വീട്ടിലേക്ക്, മുറിയിലേക്ക്, അവനവനിലേക്ക് ഒതുക്കുകയാണ് ഓൺലൈൻകാലം ചെയ്തത്. ഇത് സംഘർഷങ്ങൾ വർദ്ധിപ്പിക്കാനേ ഉതകിയുള്ളൂ. കൂടുതൽ സ്വാർത്ഥപരമായ, മത്സരാധിഷ്ഠിതമായ വിദ്യാഭ്യാസരീതിയെ ഊട്ടിവളർത്താൻ ഡിജിറ്റൽ വിദ്യാഭ്യാസത്തെ ഉപാധിയാക്കുകയും ചെയ്തു. വിദ്യാർത്ഥികളുടെ പൊതുവായ പ്രശ്നങ്ങൾ വ്യക്തിപരമായ പ്രശ്നങ്ങളായിമാത്രം അവതരിപ്പിക്കപ്പെട്ടു. വ്യക്തികേന്ദ്രീകൃതമായ പഠനവും ജീവിതവും സാധാരണ കുട്ടികൾക്ക് വളരെ പെട്ടെന്ന് മടുപ്പുളവാക്കി. ആദ്യത്തെ കൗതുകമെല്ലാം നഷ്ടമായ കൊച്ചുകുട്ടികൾപോലും ഓൺലൈൻ പഠനത്തോട് വിമുഖത കാണിക്കാൻ തുടങ്ങി. ഇരുപത്തിനാലുമണിക്കൂറും വീടിനുള്ളിലിരുന്ന് പഠിക്കേണ്ടിവരുന്ന അവസ്ഥ വീടിനെ നരകതുല്യമാക്കി. അകലങ്ങളിലിരുന്ന് അധ്യാപകരും അരികിലിരുന്ന് രക്ഷിതാക്കളും പഠിപ്പിക്കുന്ന ദുരവസ്ഥയെ പല കുട്ടികളും വെറുത്തു. എങ്ങനെയെങ്കിലും സ്കൂളൊന്നു തുറന്നാൽ മതിയെന്നായി പ്രാർത്ഥന. ഭാഗികമായെങ്കിലും സ്കൂൾ തുറന്നത് ഏവർക്കും വലിയ ആശ്വാസമായി.

അവധി കഴിഞ്ഞ് ഓഫ്‌ലൈൻ ക്ലാസ് പ്രതീക്ഷിച്ച് ജൂണിൽ സ്കൂൾ തുറക്കും. പിന്നീട് രോഗവ്യാപനമോ അടച്ചിടലോ ഉണ്ടായാലും ഇല്ലെങ്കിലും ഓൺലൈൻ സാധ്യതകൾ പൂർണമായും ഉപേക്ഷിക്കാനാവില്ല എന്നതാണ് വാസ്തവം.

# നാളേയ്ക്കൊരു മാർഗരേഖ

● ഓൺലൈൻ–ഓഫ്‌ലൈൻ പഠനത്തിന്റെ സമ്മിശ്ര സാധ്യതകളാണ് നാളെ ഉണ്ടാവേണ്ടത്. സാങ്കേതിക ഉപകരണങ്ങളുടെ സൗകര്യങ്ങൾ തുടർന്നും ഉപയോഗിക്കാം. അതേസമയം നേരനുഭവത്തിനുള്ള അവസരങ്ങൾ ഉണ്ടാകണം. സ്കൂൾ വിദ്യാർത്ഥികൾക്ക് ഇതു പ്രധാനമാണ്. ഓൺലൈനിൽ കിട്ടുമെന്നു ധരിച്ച് ഓഫ്‌ലൈനിലുള്ള എന്തും ഉപേക്ഷിക്കുന്ന രീതി ഉണ്ടാകരുത്. സ്കൂളിൽ പോയില്ലെങ്കിലും സാരമില്ല, എല്ലാം ഫോണിൽനിന്ന് പഠിച്ചുകൊള്ളാം എന്നു കരുതരുത്. ഇക്കാര്യത്തിൽ കൃത്യമായ മാർഗനിർദ്ദേശം മുതിർന്നവർ നൽകണം.

● ഡിജിറ്റൽ ഉപകരണങ്ങളുടെ ലഭ്യത, അവ കാര്യക്ഷമമായി ഉപയോഗിക്കാനുള്ള കഴിവ് എന്നിവ ഓൺലൈൻ പഠനത്തിൽ പ്രധാനമാണ്. കുട്ടികൾക്കുള്ളത്ര കഴിവ് രക്ഷിതാക്കൾക്കില്ലെങ്കിലും സാമാന്യമായ കാര്യങ്ങൾ അറിഞ്ഞേ മതിയാവൂ. ഇക്കാലത്ത് അത്ര പ്രയാസമുള്ള കാര്യമല്ല.

● ഇന്ന് ഉപയോഗത്തിലുള്ള ഡിജിറ്റൽ ഉപകരണങ്ങൾ വിദ്യാഭ്യാസാവശ്യങ്ങൾക്കുവേണ്ടി ഉണ്ടാക്കിയവയല്ല. മറിച്ച്, അവ വിദ്യാഭ്യാസരംഗത്തേക്ക് കടന്നുവന്നതാണ്. അതിനാൽ പഠനത്തിനു പുറമെയുള്ള കാര്യങ്ങൾക്ക് അവ കൂടുതലായി ഉപയോഗിക്കാൻ ഇടയുണ്ട്. അത് പഠനത്തെ ദോഷകരമായി ബാധിക്കാം. സ്കൂൾ കുട്ടികൾക്ക് സ്വന്തമായി സ്മാർട്ട്ഫോൺ വേണ്ട; അതേസമയം പഠനത്തിനു ഫോൺ വേണം; അത് കുട്ടിയുടെ സ്വന്തമല്ല, കുടുംബത്തിലേതാവണം എന്നതായിരിക്കണം നയം. കുട്ടിക്ക് പഠനാവശ്യത്തിനായി സൗജന്യമായി കിട്ടുന്ന ഫോൺപോലും അങ്ങനെ കരുതണം. വീട്ടിലെ എല്ലാവർക്കും എല്ലാ ഫോണുകളും കൈയിലെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ടാവണം. അത്രത്തോളം തുറവി കാത്തുസൂക്ഷിക്കാൻ കഴിയുമെങ്കിൽ ഫോൺ ദുരുപയോഗങ്ങളെ ഒരളവുവരെ പരിഹരിക്കാനാകും.

● വീട്ടിലിരുന്നുള്ള ഓൺലൈൻ പഠനത്തിൽ രക്ഷിതാക്കളുടെ പങ്ക് വലുതാണ്. പഠിപ്പും ജോലിയുമുള്ള



രക്ഷിതാക്കൾക്ക് മക്കളെ സഹായിക്കാൻ സമയമില്ല. പഠിപ്പും സമയവുമുള്ളവരാകട്ടെ വേണ്ടതിലധികം പഠനകാര്യങ്ങളിൽ ഇടപെട്ട് അവരവർക്കും മക്കൾക്കും സമ്മർദ്ദം സൃഷ്ടിക്കുന്നു. പഠിപ്പുകുറവും പിന്നാക്കാവസ്ഥയുമുള്ള രക്ഷിതാക്കളാകട്ടെ നിസ്സഹായരായി നോക്കിനിൽക്കുന്നു. ഈ മൂന്നു കൂട്ടർക്കും അവരുടെ മക്കൾക്കും അസ്വസ്ഥതകൾ ഉണ്ട്. ഓരോരുത്തരും തങ്ങളുടെ ചുമതലകൾ മാത്രം നിർവഹിക്കുവാൻ ഉത്സാഹിക്കുകയേ തരമുള്ളൂ. അമിതമായ ഇടപെടലും ഒഴിവായി നിൽക്കലും ഒരുപോലെ ദോഷകരമാണെന്ന് ഓർക്കുക. മുഴുവൻ നേരവുമുള്ള ഉപദേശവും ശകാരവും കുറ്റപ്പെടുത്തലും ഉപകാരമാവില്ല. ഒന്നിലും ഇടപെടാതിരിക്കുന്നതും നന്നല്ല.

● വീടുകളിലിരുന്ന് കുട്ടികൾ ഡിജിറ്റൽ ക്ലാസിൽ പങ്കെടുക്കുമ്പോൾ രക്ഷിതാക്കളുടെ സാന്നിദ്ധ്യം അവർ ആഗ്രഹിക്കുന്നില്ല. അവരുടെ സ്വാതന്ത്ര്യത്തെ ഹനിച്ചുകൊണ്ട് യഥാർത്ഥപഠനം നടക്കുകയില്ല. തീരെ ചെറിയ കുട്ടികളാണെങ്കിൽ ചലനസ്വാതന്ത്ര്യം ആഗ്രഹിക്കുന്നവരാണ്. സ്കൂളിൽപോലും അവർ ഇടയ്ക്കിടെ എഴുന്നേറ്റും നടന്നും ഓടിയുമൊക്കെ പഠിക്കുന്നവരാണ്. അത്തരം അവസരം വീടുകളിലും ലഭിക്കണം. ഓൺലൈൻപഠനത്തിന്റെ പേരിൽ കുട്ടികൾക്ക് മുതിർന്നവരാകാനാവില്ലല്ലോ.

● കോവിഡ് കാലത്ത് നഷ്ടമായ പഠനമെല്ലാം തിരികെപ്പിടിക്കാൻ കുട്ടികളെ ക്ലേശിപ്പിക്കരുത്. അവർക്ക് പഠനം മാത്രമല്ല, കളികളും യാത്രകളും വിനോദങ്ങളുമൊക്കെ നഷ്ടമായിരുന്നു. നിറമുള്ള ജീവിതം നഷ്ടമായ കുട്ടികൾക്ക് അവയൊക്കെ തിരികെ നേടാൻ ആഗ്രഹമുണ്ട്. അതുകൊണ്ടാണ് ഇക്കഴിഞ്ഞ നാളുകളിൽ സ്കൂളിലെത്തിയവർ ഡ്രിൽപീരിയഡുകൾക്കുവേണ്ടി കാത്തിരുന്നത്. വീട്ടിലും വിദ്യാലയത്തിലും കുട്ടികളുടെ സമഗ്രവളർച്ചയ്ക്ക് ആവശ്യമായതെല്ലാം അനുവദിക്കുന്നത് പഠനത്തെയും മെച്ചപ്പെടുത്തും. കലകളും കായികവിനോദങ്ങളും സംഘപ്രവർത്തനങ്ങളുമെല്ലാം കുട്ടികൾക്കുമുന്നിൽ തുറന്നിടണം.

● വിദ്യാഭ്യാസമെന്നാൽ കേവലം അറിവിന്റെ വിനിമയമല്ല; സമത്വത്തിലേക്കുള്ള പാതയാണ്. അതാകട്ടെ അനുഭവങ്ങളിലൂടെ നേടേണ്ടതുമാണ്. വിദൂരസാങ്കേതികപഠനം വിവരങ്ങൾ മാത്രം കൈമാറുന്നതായി ചുരുങ്ങുമ്പോൾ നേരിട്ടുള്ള, ഓഫ്‌ലൈൻ പഠനം വിദ്യാർത്ഥികളെ അനുഭവതലങ്ങളിലൂടെ നയിക്കുന്നു. അതിനെ പിന്തുണയ്ക്കുന്ന ഓൺലൈൻ പഠനരീതികളാണ് കാലഘട്ടത്തിന്റെ ആവശ്യം. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള നിർവചനങ്ങളെ ഈ വിധത്തിൽ നവീകരിക്കാൻകൂടി കഴിയേണ്ടതുണ്ട്.

# കേന്ദ്ര സർവകലാശാലകളിൽ പ്രവേശനത്തിന് CUET

**രാജ്യത്ത് ഇതാദ്യമായി ഈ വർഷം മുതൽ എല്ലാ കേന്ദ്രസർവകലാശാലകളിലെയും ഡിഗ്രി, പിജി പ്രവേശനത്തിനായി പൊതുപ്രവേശന പരീക്ഷ – സെൻട്രൽ യൂണിവേഴ്സിറ്റി എൻട്രൻസ് ടെസ്റ്റ് (CUET) നടത്തുന്നു.**



## വിദ്യാധനം

പ്രഫ. ചാർലി കട്ടക്കയം



കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സ്ഥാപിക്കപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് കേന്ദ്രസർവകലാശാലകൾ. ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി, ഡൽഹി യൂണിവേഴ്സിറ്റി, ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി, പോണ്ടിച്ചേരി യൂണിവേഴ്സിറ്റി, സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള (കാസർകോഡ്) അടക്കം 54 സർവകലാശാലകൾ ഈ പട്ടികയിൽ ഉൾപ്പെടുന്നു. വിവിധ വിഷയങ്ങളിൽ ബിരുദ–ബിരുദാനന്തര പഠനത്തിനും ഗവേഷണത്തിനും കേന്ദ്രസർവകലാശാലകളിൽ അവസരമുണ്ട്. മുൻവർഷങ്ങളിൽ പ്രധാനപ്പെട്ട എല്ലാ സർവകലാശാലകളും അവരവരുടേതായ പ്രവേശന പരീക്ഷയാണ് നടത്തിയിരുന്നത്. എന്നാൽ ഈ വർഷം മുതൽ പൊതുപ്രവേശന പരീക്ഷയുടെ സ്കോറിന്റെ അടിസ്ഥാനത്തിലായിരിക്കും അഡ്മിഷൻ. ബോർഡ് പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ നടത്തിയിരുന്ന സ്ഥാപനങ്ങളിലും ഇനിമുതൽ സി.യു.ഇ.ടി സ്കോറിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. കേന്ദ്രസർവകലാശാലകൾ കൂടാതെ മറ്റ് യൂണിവേഴ്സിറ്റികളും കോളജുകളും സ്വന്തമായി നടത്തിയിരുന്ന പ്രവേശന പരീക്ഷകൾ ഒഴിവാക്കി സി.യു.ഇ.ടി പ്രവേശനത്തിന് കൂടുതൽ ഉപയോഗിക്കുവാനുള്ള സാധ്യതയുണ്ട്.

**പരീക്ഷാ രീതി (ഡിഗ്രി പ്രവേശനം):** നാഷണൽ ടെസ്റ്റിംഗ് എജൻസി (NTA) യ്ക്കാണ് സി.യു.ഇ.ടി പരീക്ഷാ നടത്തിപ്പിന്റെ ചുമതല. കംപ്യൂട്ടർ ബേസ്ഡ് ടെസ്റ്റ് (CBT) മോഡലിലാണ് പരീക്ഷ നടത്തുക.

cuet.samarth.ac.in എന്ന വെബ്സൈറ്റിലൂടെ ഇപ്പോൾ ഓൺലൈനായി പരീക്ഷയ്ക്ക് അപേക്ഷിക്കാം.

പരീക്ഷയ്ക്ക് നാല് ഭാഗങ്ങൾ ഉണ്ടാകും

വിഭാഗം I എ: 13 ഭാഷകൾ
വിഭാഗം I ബി: 19 ഭാഷകൾ
വിഭാഗം II: 27 വിഷയങ്ങൾ
വിഭാഗം III: പൊതുപരീക്ഷ

എല്ലാ വിദ്യാർത്ഥികളും എല്ലാ ഭാഗവും എഴുതണമെന്ന് നിർബന്ധമില്ല. പ്രവേശനം ആഗ്രഹിക്കുന്ന കേന്ദ്ര സർവകലശാലകളിലെ പ്രവേശന രീതിക്ക് അനുയോജ്യമായ വിഭാഗവും ഭാഷയും തിരഞ്ഞെടുത്തുവേണം പരീക്ഷ എഴുതുവാൻ. അതിനാൽ താൽപര്യമുള്ള സർവകലാശാലകളുടെ ഇൻഫർമേഷൻ ബുള്ളറ്റിൻ ആദ്യം റഫർ ചെയ്യണം. അതത് വെബ് സൈറ്റുകളിൽ ഇത് ലഭ്യമാണ്.

45 മിനിട്ട് ദൈർഘ്യമുള്ള I എ വിഭാഗത്തിൽ ഇംഗ്ലീഷിലും തിരഞ്ഞെടുക്കപ്പെട്ട ഒരു പ്രാദേശിക ഭാഷയിലുമുള്ള മികവ് പരിശോധിക്കപ്പെടുന്നു. ഭാഷകളിൽ ഹിന്ദിയും മലയാളവും ഉൾപ്പെട്ടിട്ടുണ്ട്. വിദേശ ഭാഷകൾക്കുള്ള ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനം നേടാൻ ഉദ്ദേശിക്കുന്നവർക്കുള്ളതാണ് 1 ബി വിഭാഗം. 19 വിദേശ ഭാഷകളിൽ ഏതെങ്കിലും തിരഞ്ഞെടുക്കാം.

പഠിക്കാൻ ആഗ്രഹിക്കുന്ന ബിരുദ വിഷയം കേന്ദ്രീകരിച്ചാണ് വിഭാഗം രണ്ട്. ഈ വിഭാഗത്തിൽ 27 വിഷയങ്ങളിൽ നിന്ന് ആറെണ്ണമാണ് തെരഞ്ഞെടുക്കേണ്ടത്. 50 ചോദ്യങ്ങളിൽ നിന്ന് 40 ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. 45 മിനിട്ട് സമയം. മാത്സ്, ബയോളജി, ഫിസിക്സ്, കെമിസ്ട്രി, കംപ്യൂട്ടർ സയൻസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, ചരിത്രം, ഭൂമിശാസ്ത്രം, ഹോം സയൻസ്, തുടങ്ങിയവയെല്ലാം ഈ 27 വിഷയങ്ങളിൽ ഉൾപ്പെടുന്നു.

പൊതുവിജ്ഞാനമാണ് വിഭാഗം 3 ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ വിഭാഗം നിർബന്ധിത വിഭാഗമല്ല. പൊതുവിജ്ഞാനം, ക്വാണ്ടിറ്റേറ്റീവ് റിസണിങ്, ബേസിക് മാത്സ്, എന്നിവയെ അടിസ്ഥാനമാക്കി 75 ചോദ്യങ്ങളിൽ 60 എണ്ണത്തിന് ഉത്തരമെഴുതണം. ഒരു മണിക്കൂർ സമയം.

പ്ലസ്ടു സിലബസ് അടിസ്ഥാനമാക്കിയാണ് സി.യു.ഇ.ടി പരീക്ഷ നടത്തുക. എൻസിഇആർടി പുസ്തകങ്ങളെ ആശ്രയിച്ചാൽ മതിയാകും. ഏതു സർവകലാശാലയിൽ പഠിക്കണം എന്നതും, ഏതു വിഷയം പഠിക്കണമെന്നതും അഭിരുചിക്കും കഴിവിനും അനുസരിച്ചു വേണം തീരുമാനിക്കാൻ. എല്ലാ കേന്ദ്ര സർവ്വകലാശാലകളും ഓരോ നിലവാരത്തിലുള്ളവയല്ല. സർവ്വകാലാശാലകളുടെ റാങ്കിങ് പരിശോധിക്കുന്നത് നന്നായിരിക്കും.

കേന്ദ്ര സർവ്വകലാശാലകളുടെ ലിസ്റ്റും ഓരോ സർവ്വകലാശാലകളുടെ വെബ് സൈറ്റ് അഡ്രസ്സും www.ugc.ac.in ൽ ലഭ്യമാണ്. പൊതുപ്രവേശനപരീക്ഷയെക്കുറിച്ചുള്ള വിവരങ്ങൾ www.nta.ac.in ൽ ലഭിക്കും.

50–ാം വിവാഹ വാർഷികം
01-05-2022



വി. ഡി തോമസ്സ് & ലീലാമ്മ തോമസ്സ്
പരത്തമല, തേക്കും കുറ്റി
പ്രാർത്ഥനാശംസകളോടെ, മക്കളും, മരുമക്കളും, പേരക്കിടാങ്ങളും.
Best compliments from MITHRA TYRES AND WHEEL ALIGNMENT, Kunnamagalam

35–ാം വിവാഹ വാർഷികം
03–05–2022



പ്രൊഫ. കെ. ജെ. മാത്യു & മേരിക്കുട്ടി മാത്യു
കൂനംതടത്തിൽ, ചക്കിട്ടപാറ
ഞങ്ങളുടെ ജീവിതത്തിന് മാതൃകയായ ചാച്ചക്കും അമ്മയ്ക്കും സ്നേഹം നിറഞ്ഞ ആശംസകൾ
Subin Mathew & Dr. Hima Subin, Mathew Joseph
Dr. Bipin Mathew & Dr. Theres Mathew, Edwin Mathew
Sudeep George Thekkanattu & Dr. Merin Sudeep

# ദിവ്യകാരുണ്യത്തിന്റെ വാനമ്പാടി

**"ഇവിടെ കത്തി നിൽക്കുന്ന മെഴുകുതിരികൾ ഉരുകിത്തീരുകയോ ആരെങ്കിലും ഊതിക്കെടുത്തുകയോ ചെയ്തേക്കാം. എന്നാൽ, ഈ പെൺകുട്ടി ചുരുങ്ങിയ ജീവിതകാലം കൊണ്ട് തനിക്കു ചുറ്റും പകർന്നു നൽകിയ വെളിച്ചം അനേകരിലേക്ക് താമസിയാതെ ആളിപ്പടരും" – എന്ന് അജ്നയുടെ മൃതസംസ്ക്കാര വേളയിൽ പ്രസംഗിച്ച, 'ദിവ്യകാരുണ്യത്തിന്റെ വാനമ്പാടി' എന്ന ഗ്രന്ഥത്തിന്റെ സഹരചയിതാവ് ഫാ. ജോസഫ് കുമ്പുക്കൽ അജ്നയെ അനുസ്മരിക്കുന്നു.**



ഫാ. ജോസഫ് കുമ്പുക്കൽ
SH കോളേജ് തേവര

അജ്ന ജോർജ്ജ് എന്ന 27 വയസ്സുകാരി മരണമടഞ്ഞിട്ട് നാല് മാസങ്ങൾ പിന്നിട്ടിരിക്കുന്നു. സാധാരണഗതിയിൽ, ഒരാളെക്കുറിച്ചുള്ള ഓർമ്മകൾ ചുറ്റുമുണ്ടായിരുന്നവരുടെ മനസ്സിൽ മങ്ങിത്തുടങ്ങാനുള്ള സമയമായിരിക്കുന്നു. എന്നാൽ, ചരിത്രം പരിശോധിച്ചാൽ ചിലർ കൂടുതൽ സജീവമാകുന്നത് ജീവിച്ചിരുന്നപ്പോൾ എന്നതിനേക്കാൾ മരണ ശേഷമാണ് എന്ന് മനസ്സിലാക്കാനാകും. മുട്ടത്തുപാടത്തെ സിസ്റ്റർ അൽഫോൻസയെ ജീവിച്ചിരുന്നപ്പോൾ പരിസരത്തുള്ള കുറച്ചാളുകൾ മാത്രമേ അറിഞ്ഞിരുന്നുള്ളൂ. അവളുടെ മൃതസംസ്കാരത്തിനും വളരെ കുറച്ച് ആളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ, മരിച്ച് വർഷങ്ങൾ പിന്നിടുന്തോറും അവൾ കൂടുതൽ കൂടുതൽ സജീവയാകുകയായിരുന്നുവല്ലോ. നിശ്ചയമായും അത് ഒരു സൂചനയായിരുന്നു. ഈ ലോകത്തിലെ സഹനങ്ങളെല്ലാം ദൈവഹിതമായിക്കണ്ട് ഇരുകൈകൾ നീട്ടി സ്വീകരിച്ചു ജീവിതം സമർപ്പിച്ചത് കേവലം വിഡ്ഢിത്തമായിരുന്നില്ലെന്ന് ലോകത്തിനു മുൻപിൽ തെളിയിച്ചു കൊടുക്കേണ്ടതും അങ്ങനെയുള്ള ജീവിതങ്ങളെ പീഠത്തിന്മേൽ വച്ച വിളക്കുപോലെ ചുറ്റുമുള്ളവർക്ക് പ്രകാശമേകാൻ വാഴ്ത്തിയുയർത്തി നിർത്തേണ്ടതും ദൈവിക നീതിയുടെ ഭാഗമാണെന്ന് കരുതിയാൽ മതി.

ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷ വാർത്ത തന്നെ തേടിയെത്തിയ അന്നുതന്നെയാണ് ഏറ്റവും ഞെട്ടിക്കുന്ന രോഗവിവരവും അജ്ന അറിയാനിടയായത്. രാജഗിരി കോളേജിൽ അസിസ്റ്റന്റ് പ്രൊഫസറായി നിയമനം കിട്ടിയ അന്നുതന്നെ താടിയെല്ലിന് സർക്കോമ എന്ന ക്യാൻസറാണെന്നും എത്രയും പെട്ടെന്ന് താടിയെല്ല് മുറിച്ചു മാറ്റി കാലിലെ എല്ലു വച്ച് പിടിപ്പിക്കുന്ന സർജറി നടത്തേണ്ടതുണ്ടെന്നും അറിയുമ്പോൾ മറ്റേതൊരു പെൺകുട്ടിയാണെങ്കിലും തളർന്നിരുന്നു പോകും. എന്നാൽ, ഈ വാർത്തയറിഞ്ഞ അന്നും തുടർന്ന് അഞ്ചു വർഷത്തിനുള്ളിൽ നാല് സർജറികൾക്ക് വിധേയയാകേണ്ടിവന്നപ്പോഴും ക്യാൻസർ കോശങ്ങൾ കാർന്നുതിന്ന് മുഖം ആർക്കും ഒന്നുകൂടി നോക്കാൻ കഴിയാത്ത വിധം വിരൂപമായപ്പോഴും എന്തിന്, അന്ത്യവിനാഴികയിൽപ്പോലും അവളുടെ ആന്തരിക സമാധാനവും മുഖത്ത് കളിയാടിയിരുന്ന പുഞ്ചിരിയും തെല്ലും മായ്ച്ചുകളയാൻ ആ മാരക രോഗത്തിനായില്ല. കുഞ്ഞുനാൾ മുതലേ മുടങ്ങാതെ വിശുദ്ധ കുർബാനയിൽ പങ്കുകൊണ്ടിരുന്ന അവൾ വേദനയുടെ പാരമ്യത്തിലും ആ ശീലം മുടക്കിയില്ല. ഉള്ളിൽ ക്യാൻസർ വളർന്നു മുറ്റിയതിനാൽ വായിലിക്കൂടെ കുർബാന സ്വീകരിക്കാൻ കഴിയാതെ വന്ന അവസാനത്തെ ഏഴു മാസങ്ങളിൽ വികാരിയച്ചന്റെ പ്രത്യേകാനുവാദത്തോടെ കുർബാനയ്ക്കു ശേഷം പള്ളിമുറിയിലെത്തി തിരുവോസ്തി ഗ്ലാസിലെ വെള്ളത്തിൽ അലിയിച്ച് വയറു തുളച്ചിട്ടിരുന്ന ട്യൂബിലൂടെ ഉള്ളിലേക്ക് ഒഴിച്ചുകൊടുത്ത് അവൾ തന്റെ ആത്മനാഥനെ ഉൾക്കൊണ്ടു.

ക്യാൻസറിന്റെ തീവ്ര വേദന അനുഭവിച്ചിരുന്ന ഒരു നാൾ അവളുടെ നോട്ട് ബുക്കിൽ കുറിച്ചിട്ടതായിക്കണ്ട ഒരു വാക്യം തീവ്രമായ സഹനം നേരിടാൻ അവൾക്ക് ശക്തി ലഭിച്ചത് എവിടെ നിന്നാണെന്നു സാക്ഷ്യപ്പെടുത്തുന്നു: "പ്രത്യാശിക്കാനും അവലംബിക്കാനും ലോകത്തിൽ ഒന്നും ഇല്ലാതെയായാലും ചോദ്യങ്ങൾക്ക് ഉത്തരം ഇല്ലാതെയായാലും ജീവിതത്തിന്റെ അർത്ഥം മനസ്സിലാക്കാതെ വന്നാലും എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്ന, തന്നെ ആശ്രയിക്കുന്നവരെയും അവസാനം വരെ പിടിച്ചു നിൽക്കുന്നവരെയും എന്നും കാക്കുന്ന, ജീവിക്കുന്ന ഒരു ദൈവമുണ്ടെന്ന് ദിനവും എന്നെ ഓർമ്മിപ്പിക്കുന്നു ദിവ്യകാരുണ്യം."

2022 ജനുവരി 21 വെള്ളിയാഴ്ച ഉച്ച കഴിഞ്ഞ് മൂന്നു മണിക്ക് കൊച്ചിയിലെ അമൃത മെഡിക്കൽ കോളേജിൽ വച്ചാണ് അജ്നയുടെ ആത്മാവ് ദൈവസന്നിധിയിലേക്ക് പറന്നുയർന്നത്. പിറ്റേ ദിവസം വൈറ്റില തൈക്കൂടം പള്ളിയിലാണ് അവളുടെ മൃതദേഹം സംസ്കരിച്ചത്. അജ്നയുടെ ചരമ പ്രസംഗം ഉപസംഹരിക്കുമ്പോൾ അവളുടെ മൃതദേഹത്തിനു ചുറ്റുമായി കത്തിച്ചു വച്ചിരിക്കുന്ന മെഴുതിരികൾ കണ്ട് ഇങ്ങനെ പറയാൻ എനിക്ക് പ്രേരണയുണ്ടായി: "ഈ മൃതശരീരം ഇപ്പോൾ വീട്ടിൽ നിന്ന് ദേവാലയത്തിലേക്കും അവിടെ നിന്ന് സെമിത്തേരിയിലേക്കും സംവഹിക്കപ്പെടും. ഇവിടെ കത്തി നിൽക്കുന്ന മെഴുകുതിരികൾ ഉരുകിത്തീരുകയോ ആരെങ്കിലും ഊതിക്കെടുത്തുകയോ ചെയ്തേക്കാം. എന്നാൽ, ഈ പെൺകുട്ടി ചുരുങ്ങിയ ജീവിതകാലം കൊണ്ട് തനിക്കു ചുറ്റും പകർന്നു നൽകിയ വെളിച്ചം അനേകരിലേക്ക് താമസിയാതെ ആളിപ്പടരും. അവൾ ജീവിച്ചു തീർത്ത അടിയുറച്ച വിശ്വാസജീവിതം പലർക്കും ജീവിത പ്രതിസന്ധികളിലും സഹനവേളകളിലും മാർഗ്ഗദർശിയാകും." ചുരുങ്ങിയ നാളുകൾക്കുള്ളിൽത്തന്നെ എന്തുമാത്രം ആളുകളാണ് അവളെക്കുറിച്ച് അറിയാനിടയായത്! എത്രയോ ആളുകൾക്കാണ് ജീവിതത്തിലെ നിനച്ചിരിക്കാത്ത പ്രതിസന്ധികൾ ധീരതയോടെ അഭിമുഖീകരിക്കാൻ അവൾ കരുത്തു പകർന്നത്!

ഇതെഴുതിക്കൊണ്ടിരിക്കുമ്പോൾത്തന്നെ ഇംഗ്ലണ്ടിൽ നിന്നും ഒരു പെൺകുട്ടിയുടെ മെസ്സേജ് ഫേസ്ബുക്കിൽ വന്നു കിടപ്പുണ്ട്. "നാട്ടിൽ അവധിക്കു വന്നപ്പോൾ ഓൺലൈനായി വാങ്ങിയ ദിവ്യകാരുണ്യത്തിന്റെ വാനമ്പാടി എന്ന പുസ്തകം നാലോ അഞ്ചോ ആവർത്തി വായിച്ചുതീർത്തിട്ടും മതിയായിട്ടില്ല. വായിക്കുമ്പോഴൊക്കെ കണ്ണീരൊഴുകും. എന്നാൽ, വായിച്ചു കഴിയുമ്പോൾ എന്റെ സങ്കടങ്ങളും പരിഭവങ്ങളുമെല്ലാം തനിയെ അലിഞ്ഞില്ലാതാകും. പള്ളിയിലൊക്കെ പോകാറുണ്ടായിരുന്നെങ്കിലും വിശ്വാസം അത്ര സജീവമായിരുന്നില്ല. അജ്നയുടെ ജീവിതം അടുത്തറിഞ്ഞതിൽപ്പിന്നെ വിശുദ്ധ കുർബാനയോട് വല്ലാത്ത അടുപ്പമുണ്ട്. എത്ര തണുപ്പാണെങ്കിലും ഞാനിപ്പോൾ നടന്നുതന്നെ പള്ളിയിൽ പോകും. വേണമെങ്കിൽ കാർ എടുത്തു പോകാം. എന്നാൽ, തീവ്രസഹനത്തിന്റെ നാളുകളിലും അജ്ന നടന്നു തന്നെ പള്ളിയിൽ പോയത് എന്നെ വല്ലാതെ പ്രചോദിപ്പിച്ചു. അവളെ പരിചയപ്പെട്ടതോടെ ഞാനിപ്പോൾ ആളാകെ മാറി."



അജ്ന ജോർജ്ജ്

അജ്നയെക്കുറിച്ചുള്ള ഒരു ഫേസ്ബുക്ക് പോസ്റ്റിനടിയിൽ വയനാട്ടിൽ നിന്നും ലിജി എന്ന ഒരു പെൺകുട്ടി ഇങ്ങനെ കമന്റ് എഴുതിയിരിക്കുന്നു: "ഞങ്ങളുടെ ജീവിതത്തിൽ പരാതികൾ വരുമ്പോൾ എന്തിനിങ്ങനെ വന്നു എന്ന് ചോദിച്ചു പോകാറുണ്ട്. എന്നാൽ, ഇത്ര വലിയ സഹനത്തെ ദൈവത്തോട് യാതൊരു പരിഭവവും പറയാതെ സ്വീകരിച്ച അജ്ന മോളുടെ ജീവിതം എന്നെ വല്ലാതെ പ്രചോദിപ്പിച്ചു. അവളെക്കുറിച്ച് ഞാൻ എന്റെ മക്കൾക്ക് പറഞ്ഞു കൊടുത്തു. അജ്ന വിശുദ്ധയായി പ്രഖ്യാപിക്കപ്പെടുന്ന ദിനത്തിനായി കാത്തിരിക്കുന്നു."

അജ്ന ജോർജ്ജിന്റെ ജീവിത കഥയായ 'ദിവ്യകാരുണ്യത്തിന്റെ വാനമ്പാടി' എന്ന പുസ്തകം കേവലം രണ്ടു മാസത്തിനുള്ളിൽ അഞ്ച് എഡിഷനുകളാണ് പുറത്തിറങ്ങിയത്. ഓരോ എഡിഷനും അയ്യായിരം കോപ്പികളാണ് പ്രിന്റ് ചെയ്തത്. ആമസോണിൽ ലോകമെമ്പാടുമുള്ള ക്രിസ്തീയ പുസ്തകങ്ങളിൽ ഏറ്റവുമധികം ശ്രദ്ധ പിടിച്ചുപറ്റി ഇപ്പോഴും ബെസ്റ്റ് സെല്ലറാണ്. വരാപ്പുഴ അതിരൂപത പ്രസിദ്ധീകരിച്ച 'ഈശോക്കൊച്ച്' എന്ന പുസ്തകത്തിനും വലിയ സ്വീകാര്യതയാണ് ലഭിച്ചത്. ഓർക്കണം ഒരു സാധാരണ പെൺകുട്ടി ക്യാൻസർ വന്നു മരിച്ച് രണ്ടു മാസത്തിനുള്ളിൽത്തന്നെ അവളെക്കുറിച്ച് രണ്ടു പുസ്തകങ്ങൾ പുറത്തിറങ്ങുക, രണ്ടിനും പ്രചുര പ്രചാരം ലഭിക്കുക എന്നത് അത്യപൂർവ്വമാണ്. അതും പുസ്തകങ്ങൾ അധികമാരും വായിക്കാറില്ലാത്ത ഈ ഓൺലൈൻ കാലത്ത്! ബുക്ക് സ്റ്റാളുകളിൽ പുസ്തകവുമായി ചെന്നപ്പോൾ ആദ്യം നിരാശയാണ് ഉണ്ടായത്. "ആരും തന്നെ ഇപ്പോൾ പുസ്തകങ്ങൾ വാങ്ങിക്കാറില്ല. എങ്കിലും അച്ചൻ കൊണ്ടു വന്ന സ്ഥിതിക്ക് അഞ്ചെണ്ണം തന്നേരെ." എന്നാണ് മിക്കവാറും എല്ലാ ബുക്ക് സ്റ്റാളുകളിൽ നിന്നും കിട്ടിയ മറുപടി. എന്നാൽ, രണ്ടു മൂന്നു ദിവസത്തിനുള്ളിൽത്തന്നെ വിളി വരും: "പുസ്തകം തീർന്നു. കുറച്ചു കൂടുതൽ കോപ്പികൾ വേഗം എത്തിച്ചു തരണം. ആളുകൾ ചോദിച്ചു വരുന്നുണ്ട്!"

സംശയമില്ല, അജ്ന ജോർജ്ജ് എന്ന പെൺകുട്ടി ഈ കാലഘട്ടത്തിൽ നമ്മെ തൊട്ടുണർത്താൻ ദൈവം അയച്ച മാലാഖക്കുഞ്ഞു തന്നെയാണ്. കഴിഞ്ഞ നോമ്പുകാലത്ത് ഏതാനും പള്ളികളിൽ വാർഷികധ്യാനങ്ങൾ നടത്താൻ അവസരം കിട്ടിയപ്പോൾ ഒരു കാര്യം പ്രത്യേകം ശ്രദ്ധിച്ചു. ദേവാലയത്തിൽ യുവജനങ്ങളുടെ സാന്നിധ്യം വളരെക്കുറവാണ്. കോവിഡ് കാലത്ത് ഏതാണ്ട് രണ്ടു വർഷത്തോളം ദേവാലയത്തിൽ നിന്നും ആത്മീയ ശുശ്രൂഷകളിൽ നിന്നും അകന്നു നിന്നശേഷം സ്വാഭാവികമായും ഉണ്ടായേക്കാവുന്ന ഒരു മടിയാവാം കാരണം. എന്നാൽ, താടിയെല്ലിനെ ബാധിച്ച ക്യാൻസർ കോവിഡ് കാലത്ത് അതിതീവ്രമായതിനാൽ കുർബാന മുടക്കാൻ ഏറ്റവുമധികം ഒഴികഴിവുകൾ നിരത്താമായിരുന്ന അജ്ന എങ്ങനെ അനുദിനം വിശുദ്ധ കുർബാന സ്വീകരണം മുടക്കാതിരുന്നു എന്നത് യുവജനങ്ങൾക്ക് മാത്രമല്ല ഏതൊരു വിശ്വാസിക്കും വെല്ലുവിളിയാണ്.

കഴിഞ്ഞ പെസഹാ വ്യാഴാഴ്ച ഒരു പള്ളിയിൽ പ്രസംഗ മദ്ധ്യേ അജ്നയുടെ ദിവ്യകാരുണ്യ ഭക്തിയെക്കുറിച്ചും അവസാന ശ്വാസം വരെ വിശ്വാസ ജീവിതം അചഞ്ചലമായി കാത്തുസൂക്ഷിച്ചതിനെക്കുറിച്ചും സൂചിപ്പിക്കാനിടയായി. കുർബാന കഴിഞ്ഞപ്പോൾ കുറേപ്പേർ വന്നു പറഞ്ഞു: "കരയിപ്പിച്ചല്ലോ അച്ചാ." ഒരു വ്യക്തി അപ്പോൾത്തന്നെ ഇരുപത് പുസ്തകങ്ങൾ ചോദിച്ചു മേടിച്ചു കൊണ്ടുപോയി. എന്തിനാണ് ഇത്രയും പുസ്തകങ്ങൾ എന്ന് തിരക്കിയപ്പോൾ മറുപടി ഇങ്ങനെയായിരുന്നു: "എനിക്ക് ദൈവവിശ്വാസം തീരെയില്ലാത്ത ചില സുഹൃത്തുക്കൾ ഉണ്ട്. അവർക്ക് നൽകാനാണ്." രണ്ടു ദിവസത്തിനുള്ളിൽ അയാൾ ഫോണിൽ വിളിച്ചു: "അച്ചാ, അഞ്ഞൂറ് പുസ്തകങ്ങൾ ഈ വർഷം ആദ്യ കുർബാന സ്വീകരിക്കുന്ന കുഞ്ഞുങ്ങൾക്ക് നൽകാനായി ഞാൻ സ്പോൺസർ ചെയ്യാം. അച്ചന് പരിചയമുള്ള ഏതെങ്കിലും ഇടവകകളിൽ നൽകിക്കോളൂ. ഞാനാണ് ഇത് ചെയ്തതെന്ന് ആരും അറിയേണ്ട." ആ മനുഷ്യൻ സ്വന്തമായി ഒരു വീട് പോലും ഇല്ലാതെ വാടകയ്ക്ക് താമസിക്കുന്ന ആളാണെന്നറിഞ്ഞപ്പോൾ അത്ഭുതത്തോടെ ചോദിച്ചു: "താങ്കൾ ഒരു സാധാരണക്കാരനാണല്ലോ. എന്തിന് ഇങ്ങനെ ഒരു കാര്യത്തിന് ഇത്രയും പണം ചെലവഴിക്കണം?" "അച്ചാ, എനിക്ക് നാല് പെൺകുട്ടികളാണ്. ദിവ്യകാരുണ്യത്തിന്റെ വാനമ്പാടി ഞാൻ ഒറ്റയിരുപ്പിന് വായിച്ചു തീർത്തു. മക്കളും വായിച്ചു. അജ്നാമോളുടെ ജീവിതം അറിഞ്ഞപ്പോൾ അവർക്കുണ്ടായ വ്യത്യാസം ഞാൻ ശ്രദ്ധിച്ചു. അനേക കുഞ്ഞുങ്ങളിലേക്ക് ഇതെത്തണം എന്ന് എനിക്ക് തീവ്രമായ പ്രചോദനം തോന്നി." വെറും ഒരു സാധാരണ മനുഷ്യനായ അയാളുടെ വിശ്വാസ ബോധ്യവും ത്യാഗ സന്നദ്ധതയും കണ്ടപ്പോൾ അത്ഭുതം തോന്നി.

▸ പേജ് 7ൽ തുടരും


> **"പ്രത്യാശിക്കാനും അവലംബിക്കാനും ലോകത്തിൽ ഒന്നും ഇല്ലാതെയായാലും ചോദ്യങ്ങൾക്ക് ഉത്തരം ഇല്ലാതെയായാലും ജീവിതത്തിന്റെ അർത്ഥം മനസ്സിലാക്കാതെ വന്നാലും എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്ന, ഒരു ദൈവമുണ്ടെന്ന് ദിനവും എന്നെ ഓർമ്മിപ്പിക്കുന്നു ദിവ്യകാരുണ്യം." –അജ്ന**

# വാഴ്ത്തപ്പെട്ട കാർലോ അക്യൂറ്റസിന്റെ സഹോദരി

വിശുദ്ധിയിൽ ജീവിക്കാൻ ലോകത്തിൽ നിന്നും ഒളിച്ചോടേണ്ട ആവശ്യമില്ലെന്നും ലോകത്തിലായിരുന്നു കൊണ്ടുതന്നെ ചെളിയിൽ വിരിഞ്ഞു നിൽക്കുന്ന താമര പോലെ ദൈവാഭിമുഖ്യത്തോടെ ജീവിക്കാമെന്നും അജ്ന തെളിയിച്ചു തന്നു. സഹനങ്ങളിൽ നിന്ന് ഓടിയൊളിക്കാതെ, നല്ല ദൈവം അറിഞ്ഞ് അനുവദിച്ചു തരുന്ന വേദനകളെ വീരോചിതമായി സ്വീകരിക്കുമ്പോഴാണ് ക്രൈസ്തവ ജീവിതം ധന്യമാകുന്നതെന്ന് അവളുടെ ജീവിതം തെളിയിക്കുന്നു. തീവ്ര വേദനയുടെ അഗ്നിപരീക്ഷണങ്ങളിലൂടെ കടന്നു പോകുമ്പോഴും അവളുടെ വിശ്വാസം തെല്ലും ശോഭ കെടാതെ പ്രോജ്ജ്വലിച്ചു. 2021 ഡിസംബർ 21 വേദനയുടെ പാരമ്യത്തിൽ ആയിരിക്കുന്ന നേരത്ത് തന്നെ ആശ്വസിപ്പിച്ച ഒരു സുഹൃത്തിന് അവൾ അയച്ച വാട്സാപ്പ് മെസ്സേജ് അജ്നയുടെ ദൈവാശ്രയ ബോധത്തിന്റെ ആഴം വെളിപ്പെടുത്തുന്നു: "നല്ല ദൈവം എന്റെ രോഗവും വേദനയും എടുത്തുമാറ്റിയിട്ടില്ലെന്നത് ശരിയാണ്. എന്നാൽ, അവിടുന്ന് കഷ്ടതയുടെ ഈ നാളുകളിൽ എന്നെ എന്തുമാത്രം പരിപാലിക്കുന്നുണ്ട് എന്നത് ഞാൻ അടുത്തറിഞ്ഞിട്ടുണ്ട്. എന്നെ ആത്മീയമായും മാനസികമായും അവിടുന്ന് ഒത്തിരി ബലപ്പെടുത്തുന്നുണ്ട്. ചികിത്സയ്ക്കായി സാമ്പത്തികമായി സഹായിക്കാൻ ആളുകളെ ഒരുക്കിത്തരുന്നുണ്ട്. ഈശോ എപ്പോഴും എല്ലാക്കാര്യങ്ങൾക്കും എന്റെ കൂടെത്തന്നെയുണ്ടെന്നതിൽ എനിക്ക് സംശയമില്ല."

കഴിഞ്ഞ ദിവസം ഇടപ്പള്ളിയിൽ നിന്നും ഒരു ഫോൺ കോൾ വന്നു. ഒരമ്മച്ചിയാണ്. എങ്ങനെയോ നമ്പർ തേടി കണ്ടുപിടിച്ച് വിളിക്കുകയാണത്രേ: "അച്ചാ, ഒരു സന്തോഷ വാർത്തയറിയിക്കാനുണ്ട്. എന്റെ മകന്റെ ഉറ്റ സുഹൃത്തായ ഒരു ഇരുപത്തിമൂന്നു വയസ്സുകാരന് മുഖത്ത് ചെറിയ ഒരു മുഴയും നീരും പ്രത്യക്ഷപ്പെട്ടു. കുടുംബത്തിൽ ക്യാൻസറിന്റെ ചരിത്രം ഉള്ളതുകൊണ്ട് അത്തരത്തിലുള്ള ടെസ്റ്റുകൾ നടത്തി. ക്യാൻസറാണെന്നു റിസൾട്ട് വന്നപ്പോൾ അവൻ ആകെ തകർന്നു പോയി. കീമോ നിശ്ചയിച്ച് അതിനായി തയ്യാറെടുക്കുമ്പോൾ ആരോ അവനോട് ഇങ്ങനെ പറഞ്ഞു: നിന്റെ പ്രായത്തിൽ താടിയെല്ലിനു ക്യാൻസർ വന്നു മരിച്ച ഒരു പെൺകൊച്ചു വിശുദ്ധയാകാൻ ഇടയുണ്ടെന്ന് എല്ലാവരും പറയുന്നുണ്ട്. അവളുടെ കുഴിമാടത്തിൽ ഒന്ന് പോയി പ്രാർഥിച്ചു നോക്ക്. അവൻ അങ്ങനെ ചെയ്തു. കഴിഞ്ഞ ദിവസം കീമോയ്ക്കു മുൻപ് ഒരിക്കൽ കൂടി ടെസ്റ്റ് നടത്തി നോക്കിയപ്പോൾ റിസൾട്ട് നെഗറ്റീവാണ്."

സന്തോഷം തോന്നിയെങ്കിലും അതിൽ വലിയ അത്ഭുതം ഒന്നും തോന്നിയില്ല. അത് കൊണ്ടുതന്നെ ആ വ്യക്തിയെ തേടിപ്പിടിച്ച് സാക്ഷ്യം പറയിപ്പിക്കാനും ശ്രമിച്ചില്ല. 'Wounded Healer' – മുറിവേറ്റ വൈദ്യൻ – എന്ന ഒരു ചിന്തയുണ്ട്. ഒരാൾ പരിഭവമില്ലാതെ തന്റെ മുറിവുകളെ ദൈവകരങ്ങളിൽ നിന്ന് സ്വീകരിച്ച് അതേറ്റെടുത്ത് സഹിച്ചാൽ ആ മുറിവുകളെ തമ്പുരാൻ തിരുമുറിവുകൾ ആക്കി മാറ്റും എന്നാണ് അതിന്റെ പൊരുൾ. അതേ മേഖലയിൽ മുറിവേറ്റവരെ സൗഖ്യപ്പെടുത്താൻ പിന്നീട് ദൈവം അയാൾക്ക് കൃപ നൽകുമെന്നതാണ് അതിന്റെ മനോഹാരികത. അഞ്ചു വർഷം താടിയെല്ലിലെ ക്യാൻസറിനോട് ദിവ്യകാരുണ്യ നാഥന്റെ കരം പിടിച്ച് സധൈര്യം പൊരുതി മരണത്തിന് കീഴടങ്ങിയ ധീര വനിതയുടെ മുറിവുകൾ ഇന്ന് അർഹിക്കുന്നവർക്ക് സൗഖ്യകാരണമാക്കിത്തീർക്കാൻ നല്ല ദൈവം തിരുമനസ്സാകുന്നതിൽ എന്തിന് അത്ഭുതപ്പെടണം!



"വാഴ്ത്തപ്പെട്ട കാർലോ അക്യൂറ്റസിന് കേരളത്തിൽ നിന്ന് ഒരു സഹോദരിയുണ്ടായിരിക്കുന്നു" എന്ന് മരണ സമയത്ത് അവളോടൊത്തുണ്ടായിരുന്ന ഇടവക വികാരിയായ ജീനച്ചൻ പിന്നീട് കുറിച്ചത് അജ്നയെ പരിചയമുണ്ടായിരുന്നവർ മാത്രമല്ല, അവളുടെ ജീവിതകഥ വായിച്ചറിഞ്ഞവരൊക്കെ ഏകകണ്ഠേന ഏറ്റുപറയുകയായിരുന്നു. ആധുനിക മാധ്യമങ്ങളിലൂടെ ദിവ്യകാരുണ്യ ഭക്തി ലോകമെങ്ങും എത്തിക്കാൻ ഏറെ പരിശ്രമിക്കുകയും ക്യാൻസർ ബാധിതനായി പതിനഞ്ചാം വയസ്സിൽ സ്വർഗീയ സൗഭാഗ്യത്തിനായി വിളിക്കപ്പെടുകയും ചെയ്ത പുണ്യജീവിതമായിരുന്നല്ലോ കാർലോയുടേത്. ഇരുപത്തിയേഴു വർഷങ്ങൾ മാത്രം ഈ ഭൂമിയിൽ ജീവിച്ചു തീർത്ത് അതിൽത്തന്നെ അഞ്ചു വർഷങ്ങൾ കാൻസർ രോഗത്തോട് പോരാടി വീരമൃത്യു വരിച്ച ദിവ്യകാരുണ്യത്തിന്റെ തോഴിയായ അജ്നയ്ക്ക് ഏറ്റവും ചേരുന്ന വിശേഷണം 'വാഴ്ത്തപ്പെട്ട കാർലോ അക്യൂറ്റസിന്റെ സഹോദരി' എന്നതല്ലാതെ മറ്റെന്താണ്!

ഈ കാലഘട്ടത്തിലെ യുവജനങ്ങൾക്ക് മാതൃകയാക്കാൻ ചുരിദാറിട്ട ഒരു പുണ്യവതിയെ തീർച്ചയായും ആവശ്യമുണ്ട്. ക്യാംപസ് ജീവിതം കൂട്ടുകാരോടൊത്ത് അടിച്ചുപൊളിക്കുമ്പോൾത്തന്നെ ഈശോയ്ക്ക് ജീവിതത്തിൽ ഒന്നാം സ്ഥാനം കൊടുക്കുകയും പരിചയപ്പെട്ട എല്ലാവരെയും ദിവ്യകാരുണ്യത്തിലേക്ക് നയിക്കുകയും ചെയ്ത അവൾ വേദപാഠം പന്ത്രണ്ടാം ക്ലാസ്സ് പൂർത്തിയാക്കിയാൽപ്പിന്നെ ക്രിസ്തുവുമായുള്ള ബന്ധം തീർന്നു എന്ന മട്ടിൽ ജീവിക്കുന്ന ഇക്കാലത്തെ പല ക്രിസ്തീയ യുവതീ യുവാക്കൾക്കും വെല്ലുവിളിയാണ്. 'ഈശോ' എന്ന മധുരനാമം ഏറ്റുപറയുന്നതിനും പ്രഘോഷിക്കുന്നതിനും കിട്ടിയ സകല അവസരങ്ങളും പ്രയോജനപ്പെടുത്തിയ അജ്ന പുതുതലമുറയ്ക്ക് പ്രചോദനമാകണം.

ജീവിതം നാളെ നമുക്കായി എന്താണ് കരുതി വച്ചിരിക്കുന്നതെന്നത് പ്രവചനാതീതമാണല്ലോ. ജീവിതത്തിൽ അപ്രതീക്ഷിതമായി സംഭവിക്കുന്ന കാര്യങ്ങൾ നമ്മുടെ നിയന്ത്രണത്തിലല്ല. എന്നാൽ, സംഭവിക്കുന്നതിനോട് എങ്ങനെ പ്രതികരിക്കണം എന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം വ്യക്തിയുടെ നിയന്ത്രണത്തിലാണ്. കരഞ്ഞു തളർന്നിരിക്കണമോ, പിടഞ്ഞെഴുന്നേറ്റ് ധൈര്യപൂർവ്വം പൊരുതണമോ എന്ന് തീരുമാനിക്കേണ്ടത് ഓരോരുത്തരുമാണ്. ഒന്ന് തീർച്ചയാണ്, ഏറ്റവും ശക്തരായ പോരാളികൾക്കാണ് ഏറ്റവും വെല്ലുവിളികൾ നിറഞ്ഞ യുദ്ധങ്ങളിൽ ഏർപ്പെടേണ്ടി വരിക. ഏറ്റവും വലിയ സഹനങ്ങളിലൂടെ കടന്നു പോകാൻ ഒരാൾക്ക് ദൈവം ഇടവരുത്തുന്നെങ്കിൽ അത് അയാൾ ഏറ്റവും ശക്തനായ പോരാളിയാണെന്ന് അവിടുന്ന് കണ്ടത് കൊണ്ട് തന്നെയാണ്. അതേ, അജ്ന അന്ത്യ ശ്വാസം വരെ ഏറ്റവും കരുത്തുറ്റ പോരാളി തന്നെയായിരുന്നു.

അജ്നയുടെ ജീവിതകഥ വായിക്കുന്ന മാതാപിതാക്കന്മാരോട് ഒരു വാക്ക്. നിങ്ങളുടെ മക്കൾക്ക് ആദ്യമായും അധികമായും നൽകേണ്ടത് അടിയുറച്ച ദൈവവിശ്വാസമാണ്. പഠനത്തിൽ ഉയർന്ന മാർക്ക് നേടി വിജയിക്കുന്നതിൽ മാത്രം ശ്രദ്ധ പതിപ്പിക്കാതെ ജീവിതത്തിലെ പ്രതിസന്ധികളെയും പരാജയങ്ങളെയും മനസ്സ് പതറാതെ നേരിടാൻ കൂടി അവരെ പ്രാപ്തരാക്കണം. പത്താം ക്ലാസ്സിലും പ്ലസ്ടുവിനും തങ്ങളുടെ മകൾ ഫുൾ എ പ്ലസ് നേടിയപ്പോഴും തുടർന്ന് ബിരുദാനന്തര പഠനത്തിനിടയിൽത്തന്നെ NET പരീക്ഷ പാസായപ്പോഴും പഠിച്ചിറങ്ങിയപ്പോൾത്തന്നെ നല്ല ജോലി ലഭിച്ചപ്പോഴും നിശ്ചയമായും അവളുടെ മാതാപിതാക്കൾ സന്തോഷിച്ചിട്ടുണ്ട്, അഭിമാനിച്ചിട്ടുണ്ട്. എന്നാൽ, ഒരുപക്ഷെ, അവളുടെ മാതാപിതാക്കൾ തങ്ങളുടെ മകളെക്കുറിച്ച് ഏറ്റവുമധികം അഭിമാനിക്കുന്നത് ഇപ്പോഴാവണം, അവളുടെ മരണശേഷം.

വരാപ്പുഴ അതിരൂപതയിലെ വൈറ്റില സെന്റ് പാട്രിക് ഇടവകയിൽ മുട്ടുങ്കൽ ജോർജ് – അച്ചാമ്മ ദമ്പതികളുടെ മകളാണ് അജ്ന. അടിയുറച്ച ദൈവാശ്രയ ബോധത്തിൽ സ്വന്തം മകളെ വളർത്തിയ മാതാപിതാക്കൾ അജ്നയിലൂടെ ലോകത്തിന് നൽകുന്ന സന്ദേശം ഇതാണ്: ജീവിതത്തിൽ സമ്പാദിക്കുന്ന മറ്റെല്ലാ നേട്ടങ്ങളും മരണത്തോടെ അവസാനിച്ചേക്കാം. എന്നാൽ, വിശുദ്ധ ജീവിതത്തിന്റെ പരിമളം മരണശേഷവും നിലനിൽക്കും.

മരണ ശേഷം നാളുകൾക്കുള്ളിൽത്തന്നെ അവളെക്കുറിച്ച് ലോകമെമ്പാടുമറിയാനിടയായി. പലവിധ രോഗങ്ങളിൽപെട്ട് നിരാശരായിരിക്കുന്നവർക്ക് അവളുടെ സഹനജീവിതത്തിന്റെ ധീര ചരിത്രം ആശ്വാസവും പ്രത്യാശയുമായി. വേദനകളെയും മരണത്തെയും എങ്ങനെയാണ് കൃപയിൽ നേരിടേണ്ടതെന്നതിന് അവളുടെ ജീവിതം നമുക്ക് മാതൃകയാണ്. സഹനം രക്ഷാകരമാക്കി മാറ്റേണ്ടതെങ്ങനെയെന്നും മുറിവുകളെ തിരുമുറിവുകളാക്കിത്തീർക്കേണ്ടതെങ്ങനെ എന്നതിനും അജ്നയുടെ ജീവിതം തലമുറകൾ പാഠപുസ്തകമാക്കും. തീർച്ച.


## പാവനസ്മരണയ്ക്ക്

1-ാം ചരമവാർഷികം



കെ. എസ് പൗലോസ്
കിഴക്കയിൽ, ചേവായൂർ

ജനനം: 08-10-1923 മരണം: 23-05-2021

പ്രാർത്ഥനയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

## സ്നേഹസ്മരണയ്ക്ക്



Rev.Sr. Florence MSMI

ജനനം: 01-01-1939
വ്രതവാഗ്ദാനം: 08-12-1967
മരണം: 13-03-2021

പ്രാർത്ഥനയോടെ, മെഴുകനാൽ ഫാമിലി

## 41-ാം ചരമദിനം

23-05-2022



ജോർജ് ഫിലിപ്പ്
കോവുക്കുന്നേൽ, ഈസ്റ്റ്ഹിൽ

ജനനം: 27-07-1961 മരണം: 13-04-2022

പ്രാർത്ഥനയോടെ, കുടുംബാംഗങ്ങൾ

# ഭക്തിസാന്ദ്രം കുളത്തുവയൽ തീർത്ഥാടനം

**കുളത്തുവയൽ:** റഷ്യ – ഉക്രൈൻ യുദ്ധ പശ്ചാത്തലത്തിൽ ലോക സമാധാനത്തിനായും സഭയ്ക്കായും പ്രാർത്ഥിക്കുകയെന്ന നിയോഗത്തോടെ നാൽപതാം വെള്ളിയാഴ്ച നടത്തിയ കുളത്തുവയൽ തീർത്ഥാടനം ഭക്തിസാന്ദ്രമായി. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിന്റെ നേതൃത്വത്തിൽ താമരശ്ശേരി കത്തീഡ്രലിൽ നിന്ന് ആരംഭിച്ച തീർത്ഥാടനം 30 കിലോമീറ്റർ പിന്നിട്ടാണ് കുളത്തുവയലിൽ എത്തിച്ചേർന്നത്. കുരിശിന്റെ വഴിയും ജപമാലയും തുടർച്ചയായി ചൊല്ലിക്കൊണ്ടായിരുന്നു തീർത്ഥാടനം.

എല്ലാവരും നിത്യതയിലേക്കുള്ള തീർത്ഥാടകരാണെന്നും യേശുവിനോടും സഭയോടും ചേർന്ന് കുരിശിന്റെ വഴിയിലൂടെ കരുണയുടെ പ്രാർത്ഥനാമന്ത്രങ്ങൾ ഉരുവിട്ടുകൊണ്ട് സ്വർഗ്ഗത്തെ ലക്ഷ്യമാക്കിയുള്ളതാണ് ഈ തീർത്ഥാടനമെന്നും സമാപന ശുശ്രൂഷയുടെ ഭാഗമായി അർപ്പിച്ച വിശുദ്ധ കുർബാന മധ്യേ തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോർജ്ജ് ഞരളക്കാട്ട് അഭിപ്രായപ്പെട്ടു.

തീർത്ഥാടന യാത്രയിൽ നാം ഒറ്റയ്ക്കല്ല. വലിയ ഒരു സാക്ഷ്യത്തിന്റെ സമൂഹം നമ്മോടൊപ്പമുണ്ട്. ദീപമാകുന്ന യേശുവിനെ മുന്നിൽ കണ്ടുവേണം ക്രൈസ്തവരായ നമ്മുടെ മുന്നോട്ടുള്ള യാത്ര. യേശു ഏറ്റെടുത്ത സഹനങ്ങളാണ് ജീവിതയാത്രയിൽ നമുക്ക് കരുത്തായിട്ടുള്ളത്. അതിനാൽ ജാഗരൂകരായി വർത്തിക്കണം. അബദ്ധ പ്രബോധകരുടെ പിന്നാലെ പോകാതെ സഭയും സഭാപിതാക്കന്മാരും അധികാരികളും പഠിപ്പിക്കുന്ന യാഥാർത്ഥ പ്രബോധനത്തിന്റെ പിന്നാലെ പോകണമെന്നും ആർച്ച് ബിഷപ് പറഞ്ഞു.



ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിന്റെ നേതൃത്വത്തിൽ നാൽപതാം വെള്ളിയാഴ്ച നടത്തിയ കുളത്തുവയൽ തീർത്ഥാടനത്തിൽ നിന്ന്

വിശുദ്ധ കുർബാനയ്ക്ക് വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര, രൂപതാ ചാൻസലർ ഫാ. ബെന്നി മുണ്ടനാട്ട്, തീർത്ഥാടന കേന്ദ്രം റെക്ടർ ഫാ. ജോർജ്ജ് കളപ്പുരയ്ക്കൽ, ഫാ. മാത്യു പുളിമൂട്ടിൽ, ഫാ. ജെയിംസ് വാമറ്റത്തിൽ, ഫാ. മൈക്കിൾ കാരിമറ്റം, ഫാ. ജോർജ്ജ് കളത്തൂർ, ഫാ. വിൻസെന്റ് കണ്ടത്തിൽ, ഫാ. മാത്യു നിരപ്പേൽ, ഫാ. പ്രിയേഷ് തേവടിയിൽ, ഫാ. ജോസഫ് കളരിക്കൽ, ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ തുടങ്ങിയവർ സഹകാർമികരായിരുന്നു.

പുരോഹിതരും, സന്യസ്തരുമടക്കം നിരവധി വിശ്വാസികൾ തീർത്ഥാടനത്തിൽ പങ്കെടുത്തു.



## കർമ്മയോഗിയുടെ അഞ്ച് പതിറ്റാണ്ട്

മോൺ. ഡോ. ആന്റണി കൊഴുവനാൽ പൗരോഹിത്യ ജീവിതത്തിന്റെ 50 വർഷം പൂർത്തിയാക്കിയതിനോടനുബന്ധിച്ചു പുറത്തിറക്കിയ പുസ്തകം 'കർമ്മയോഗിയുടെ അഞ്ച് പതിറ്റാണ്ട്' മാർ ജോസഫ് പാംപ്ലാനി പ്രകാശനം ചെയ്തു. മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ആദ്യ പ്രതി ഏറ്റുവാങ്ങി. ഫാ. ജിൽസ് കാരികുന്നേൽ പുസ്തകം പരിചയപ്പെടുത്തി. രൂപതാദിനത്തോട് അനുബന്ധിച്ച് നടത്തിയ ചടങ്ങിലായിരുന്നു പുസ്തക പ്രകാശനം.

## നേട്ടം



● ഭാഷാ ശ്രീ പത്താമത് ബാലസാഹിത്യ സംസ്ഥാന പുരസ്കാര ജേതാവ് കെ. ടി. ത്രേസ്യ ചേമ്പ്ലാനിയിൽ. സ്നേഹ സമ്മാനം എന്ന ബാലകഥാ സമാഹാരഗ്രന്ഥത്തിനാണ് പുരസ്കാരം. പൊതുമരാമത്ത് മന്ത്രി പി. എ. മുഹമ്മദ് റിയാസിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങി. തെംസ് നദിയുടെ നാട്ടിലേക്ക്, ജോർദാൻ നദിയുടെ തീരഭൂമിയിൽ, യൂറോപ്പ് ഒരു വിസ്മയം, യുഎസ്എ ഒരു വിജയഗാഥ എന്നിവയാണ് ഗ്രന്ഥകാരിയുടെ മറ്റു പുസ്തകങ്ങൾ.



● കോയമ്പത്തൂർ ഭാരതിയാർ യൂണിവേഴ്സിറ്റിയിൽ നിന്നും മാസ് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസത്തിൽ ഡോക്ടറേറ്റ് നേടിയ ജോബിൻ ജോയ് മാഞ്ചിറ. കൂടരഞ്ഞി ഇടവകാംഗം മാഞ്ചിറ ജോയ് – മേരി ദമ്പതികളുടെ മകൻ.

## പരീക്ഷ ഒരുക്ക സെമിനാർ സംഘടിപ്പിച്ചു

**പെരിന്തൽമണ്ണ:** കെസിവൈഎം താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ പെരിന്തൽമണ്ണ മേഖലയുടെ ആതിഥേയത്വത്തിൽ എസ്എസ്എൽസി, പ്ലസ്ടു വിദ്യാർഥികൾക്ക് വേണ്ടി പരീക്ഷ ഒരുക്ക സെമിനാറും കരിയർ ഗൈഡൻസ് ക്ലാസും ദൈവവിളി ബോധവത്കരണവും സംഘടിപ്പിച്ചു. രൂപത പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ അധ്യക്ഷനായി. മരിയാപുരം യൂണിറ്റിൽ നടന്ന പരിപാടി വികാരി ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ ഉദ്ഘാടനം ചെയ്തു. ജിയോ കാപ്പൻ, റോബിൻ ഉപ്പിട്ടുപാറയിൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ഫാ. ജോർജ്ജ് വെള്ളായ്ക്കാകുടിയിൽ, ഫാ. മനോജ് കൊച്ചുമുറിയിൽ, ഫാ. തോമസ് മാവുങ്കൽ, സുനിൽ മൂലയിൽ, സിസ്റ്റർ നൈസി സിഎംസി, ആഷ്‌ലി തെരേസ മാത്യു, ലെറ്റിഷ്യ ജോഷി, ഷിജി കെ. ഷാജി, ക്രിസ്റ്റോ സുനിൽ, പോൾ കെ. മനോജ് എന്നിവർ നേതൃത്വം നൽകി.

## ലോകവനിതാദിനം ആഘോഷിച്ചു

**താമരശ്ശേരി:** കെസിവൈഎം താമരശ്ശേരി രൂപത വിമൻസ് വിങ്ങിന്റെ നേതൃത്വത്തിൽ വനിതാ ദിനാഘോഷം ഓൺലൈൻ ആയി സംഘടിപ്പിച്ചു. രൂപത വൈസ്പ്രസിഡന്റ് അഖില തോമസ് അധ്യക്ഷയായി. മെർലിൻ മേരി മാത്യു ഉദ്ഘാടനം ചെയ്തു. കുടുംബജീവിതം എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് നയിക്കുകയും ചെയ്തു. യോഗത്തിൽ രൂപത ആനിമേറ്റർ സിസ്റ്റർ ഷാർലെറ്റ് സിഎംസി ആമുഖ പ്രസംഗം നടത്തി. രൂപത ഡയറക്ടർ ഫാ. ജോർജ് വെള്ളക്കക്കുടിയിൽ, രൂപത പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

യോഗത്തിൽ കില്ലിങ് പേപ്പർ ആർട്ട് വർക്കിൽ സമർത്ഥയായ കൽക്കുണ്ട് ഇടവക അംഗം എലിസബത്ത് തോമസിനെ ആദരിച്ചു. വിമൻസ് വിങ്ങിന്റെ നേതൃത്വത്തിൽ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന്റെ (അവൾ) പേരും ലോഗോയും സംസ്ഥാന സിൻഡിക്കേറ്റ് അംഗം ലെറ്റീഷ്യ ജോഷി പ്രകാശനം ചെയ്തു. സംസ്ഥാന സെനറ്റ് അംഗം അലീന മാത്യു നന്ദി പ്രസംഗം നടത്തി.

## അൽഫോൻസാ കോളജിന് ഐഎസ്ഒ അംഗീകാരം

**തിരുവമ്പാടി:** അൽഫോൻസ കോളജിന് അന്താരാഷ്ട്ര ഏജൻസി നൽകുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിനുള്ള ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റം ISO 9001:2015 അംഗീകാരം ലഭിച്ചു. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ നാലാമത്തെ അംഗീകാരമാണ് കോളജിനെ തേടിയെത്തുന്നത്.

കേന്ദ്ര സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന മഹാത്മാ ഗാന്ധി നാഷണൽ കൗൺസിൽ ഫോർ റൂറൽ എഡ്യുക്കേഷൻ ഏർപ്പെടുത്തിയ ഡിസ്ട്രിക് ഗ്രീൻ ചാമ്പ്യൻ അവാർഡിനും ബീറ്റ് കോവിഡ് ക്യാമ്പയിൻ സർട്ടിഫിക്കേഷനും കഴിഞ്ഞ വർഷം അൽഫോൻസ കോളജിനു ലഭിച്ചു. ഈ വർഷം സംസ്ഥാന സർക്കാർ ഹരിത മിഷൻ പദ്ധതിയുടെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ ഹരിത മിഷൻ നൽകുന്ന 'പച്ചത്തുരുത്ത്' അംഗീകാരത്തിന് കോളജ് അർഹമായി. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളജുകളിൽ നിന്ന് ഈ വർഷത്തെ ഏറ്റവും മികച്ച വിമൻസ് ഡെവലപ്പ്മെന്റ് സെല്ലിനുള്ള അവാർഡിനും കോളജ് തെരഞ്ഞെടുക്കപ്പെട്ടു.

ISO 9001:2015

മലയോര മേഖലയിലെ വിദ്യാർഥികളുടെ ഉന്നത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകി താമരശ്ശേരി രൂപത 2014 ലാണ് കോളജ് ആരംഭിച്ചത്. പുതിയ ബ്ലോക്കിന്റെയും വനിതാ ഹോസ്റ്റലിന്റെയും നിർമ്മാണം പുരോഗമിക്കുന്നു. ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ രക്ഷാധികാരിയായ കോളജിന്റെ ട്രസ്റ്റ് പ്രസിഡന്റ് മോൺ. ജോൺ ഒറവുങ്കരയും ഡയറക്ടർ ഫാ. ജോസഫ് പാലക്കാട്ടും മാനേജർ ഫാ. സ്കറിയ മങ്ങരയിലുമാണ്. നാക് അക്രഡിറ്റേഷനിൽ ഉയർന്ന ഗ്രേഡ് നേടിയെടുക്കുക എന്നതാണ് അടുത്ത ലക്ഷ്യമെന്ന് പ്രിൻസിപ്പൽ ഡോ. കെ. വി. ചാക്കോ കാളാംപറമ്പിൽ പറഞ്ഞു.

## ചക്ക ഗ്രാമം പദ്ധതിക്ക് തുടക്കമായി

**താമരശ്ശേരി:** രൂപതയെ ഹൈബ്രീഡ് പ്ലാവുകളുടെ ദേശമായി മാറ്റുന്നതിന്റെ ആദ്യ ചുവടായി രൂപതയുടെ ഉടമസ്ഥതയിലുള്ള തെയ്യപ്പാറ ഇൻഫാം അഗ്രോ ഫാമിൽ പ്ലാവ് കൃഷി ആരംഭിച്ചു. വിയറ്റ്നാം സൂപ്പർ ഏർലി ഓൾ സീസൺ പ്ലാവിൻ തൈ നട്ടുകൊണ്ട് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പദ്ധതി ഉദ്ഘാടനം ചെയ്തു. ഇൻഫാം രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, പ്രസിഡന്റ് അഗസ്റ്റിൻ പുളിക്കക്കണ്ടത്തിൽ എന്നിവർ നേതൃത്വം നൽകി.

ഇൻഫാം അഗ്രോഫാമിലെ എട്ട് ഏക്കർ സ്ഥലത്ത് ഹൈബ്രീഡ് പ്ലാവുകളായ വിയറ്റ്നാം സൂപ്പർ ഏർലി ഓൾ സീസൺ, കമ്പോഡിയൻ ജാക്ക്, ജെ. 33, സിന്ധു, ദൻസൂര്യ, സിസ് ജാക്ക്, ആയൂർ ജാക്ക്, അരക്കില്ലാ വരിക്ക, ചക്കരക്കൂഴ എന്നീ അത്യുല്പാദനശേഷിയുള്ള പ്ലാവിനങ്ങളാണ് നടുക. ഇൻഫാം അഗ്രിഫാമിൽ മേൽത്തരം പ്ലാവിൻ തൈകളുടെ ഒരു നഴ്സറിയും ഇൻഫാമിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. താമരശ്ശേരി രൂപതയിലെ എല്ലാ കുടുംബങ്ങളിലും രണ്ട് പ്ലാവിൻ തൈകൾ എങ്കിലും വിതരണം ചെയ്ത് എല്ലാ ഭവനങ്ങളെയും ചക്കയുടെ കാര്യത്തിൽ സ്വയംപര്യാപ്തതയിലേക്ക് നയിക്കുകയാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നതെന്ന് ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പറഞ്ഞു.

താൽപര്യമുള്ള കർഷകരിൽ നിന്ന് സ്ഥലം പാട്ടത്തിനെടുത്ത് വ്യാപകമായതോതിൽ അത്യുൽപാദന ശേഷിയുള്ള പ്ലാവിനങ്ങൾ കൃഷിചെയ്ത് മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി ഇടനിലക്കാരില്ലാതെ കർഷകർക്ക് ഉയർന്ന വരുമാനം ലഭ്യമാക്കുകയാണ് ഇൻഫാം ലക്ഷ്യമിടുന്നതെന്ന് ഫാ. ജോസ് പെണ്ണാപറമ്പിൽ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 9447218586.

## സാമൂഹ്യനീതി കൂട്ടുത്തരവാദിത്തം: മീന കന്തസാമി

**തിരുവമ്പാടി:** സാമൂഹ്യനീതി കേവലം സർക്കാരുകളുടെ മാത്രം ഉത്തരവാദിത്തമല്ലെന്നും മറിച്ച് ഓരോ പൗരന്റെയും പ്രത്യേകിച്ച് യുവാക്കളുടെയും കൂടി ഉത്തരവാദിത്തമാണെന്നും എഴുത്തുകാരി മീന കന്തസാമി. തിരുവമ്പാടി അൽഫോൻസാ കോളജ് ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് നടത്തിയ 'ടോക്ക് ഓൺ റൈറ്റിങ് ഫോർ സോഷ്യൽ ജസ്റ്റിസ്' എന്ന വെബിനാറിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അവർ. 'വേൾഡ് പോയട്രി ഡേ' യോടനുബന്ധിച്ചാണ് വെബിനാർ സംഘടിപ്പിച്ചത്. ആക്ടീവിസ്റ്റും എഴുത്തുകാരിയുമായ ഡോ. മീന കന്തസാമി തന്റെ ജീവിതാനുഭവങ്ങളെയും പോരാട്ടങ്ങളെയും കുറിച്ച് പങ്കുവച്ചു. 'കഥകൾക്ക് പിന്നിലെ സങ്കൽപ്പങ്ങളിൽ അനുഭവം കൂടെയുണ്ടാവും. ജീവിതത്തിലെ അനുഭവങ്ങൾ ലഭിക്കുന്ന പ്ലാറ്റുഫോമുകളിൽ എഴുതുകയും മാറ്റങ്ങൾക്ക് കാരണമാവുകയും വേണം. യുവതയുടെ ഉത്തരവാദിത്തമാണത്. അരികുവത്ക്കരിക്കപ്പെട്ടവരുടെ സ്വരമായി മാറുക എന്നതാവണം യുവജനങ്ങളുടെ സാമൂഹിക പ്രതിബദ്ധത' – മീന കന്തസാമി പറഞ്ഞു.

# രൂപതാ ദിനം പ്രൗഢഗംഭീരം

● മാർ ജോസഫ് പാംപ്ലാനിക്ക് സ്വീകരണം നൽകി

● വിവിധ മേഖലകളിൽ തിളങ്ങിയവരെ ആദരിച്ചു



താമരശ്ശേരി രൂപതാ ദിനം തലശ്ശേരി അതിരൂപത ബിഷപ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്യുന്നു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, മോൺ. ജോൺ ഒറവുങ്കര, ഫാ. അഭിലാഷ് ചിലമ്പിക്കുന്നേൽ എന്നിവർ സമീപം

താമരശ്ശേരി രൂപതയുടെ 36–ാമത് രൂപതാദിനം പ്രൗഢഗംഭീര ചടങ്ങുകളോടെ താമരശ്ശേരി കത്തീഡ്രലിൽ നടന്നു. തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു.

സഭയുടെ വളർച്ചയ്ക്കു കൂട്ടായ പ്രവർത്തനം അനിവാര്യമാണെന്നും വെറുപ്പും വൈരാഗ്യവും അസൂയയും ആധാരശിലയാക്കി സമുദായം വളർത്താൻ കഴിയില്ലെന്നും ഉദ്ഘാടന പ്രസംഗത്തിൽ മാർ ജോസഫ് പാംപ്ലാനി അഭിപ്രായപ്പെട്ടു. സുവിശേഷ സ്നേഹം കരുണയിൽ അധിഷ്ഠിതമാണ്. അതു ബലികൊടുത്ത വളർത്തുന്ന സമുദായ ശക്തിയായി ബാധ്യതയായി മാറും. സഭയ്ക്ക് എക്കാലത്തും പ്രശ്നങ്ങളും പ്രതിസന്ധികളുമുണ്ട്. ഇപ്പോഴും പ്രശ്നങ്ങളുടെ നടുവിലൂടെയാണ് സഭ കടന്നു പോകുന്നത്; മാർ പാംപ്ലാനി കൂട്ടിച്ചേർത്തു.

തലശേരി അതിരൂപതയ്ക്ക് താമരശ്ശേരി രൂപതയുമായി ഹൃദയത്തിൽ ചേർന്നു നിൽക്കുന്ന ആത്മബന്ധമാണുള്ളതെന്ന് അദ്ദേഹം അനുസ്മരിച്ചു. താമരശേരി രൂപതയുടെ ഉയരങ്ങളിലേക്കുള്ള കുതിപ്പിനു പിന്നിൽ കാന്തദർശികളായ പിതാക്കന്മാരാണ്. മാർ റെമിയോസ് ഇഞ്ചനാനിയിൽ സഭയുടെ ശബ്ദമാണ്. നിരന്തരം, നിർഭയം അദ്ദേഹം അഭിപ്രായം തുറന്നുപറയുന്നു. ഏതു സംഘർഷത്തെയും അഭിപ്രായവ്യത്യാസത്തെയും സൗമ്യതയിലൂടെയും സൗഹൃദത്തിലുടെയും പരിഹരിക്കാനുള്ള കഴിവ് അദ്ദേഹത്തിനുണ്ട്. എല്ലാവരെയും ഉൾക്കൊള്ളാനുള്ള മനസും ഹൃദയ വിശാലതയുമാണ് അദ്ദേഹത്തിനുള്ളതെന്ന് മാർ ജോസഫ് പാംപ്ലാനി പറഞ്ഞു.



തലശേരി അതിരൂപതയുടെ പുതിയ മെത്രാപ്പോലീത്തയായി അഭിഷിക്തനായ മാർ ജോസഫ് പാംപ്ലാനിയെ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ സ്വീകരിക്കുന്നു. മോൺ. ജോൺ ഒറവുങ്കര, ഫാ. മാത്യു മാവേലി എന്നിവർ സമീപം

തലശേരി അതിരൂപതയുടെ പുതിയ മെത്രാപ്പോലീത്തയായി അഭിഷിക്തനായ മാർ ജോസഫ് പാംപ്ലാനിയെ താമരശേരി രൂപത ഹൃദ്യമായി സ്വീകരിച്ചു. കത്തീഡ്രൽ കവാടത്തിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര, ചാൻസലർ ഫാ. ബെന്നി മുണ്ടനാട്ട്, ഫിനാൻസ് ഓഫീസർ ഫാ. മാത്യു പുളിമൂട്ടിൽ, കത്തീഡ്രൽ വികാരി ഫാ. മാത്യു മാവേലി, അസി. വികാരി ഫാ. ടിനു പനച്ചിക്കൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ബെന്നി ലൂക്കോസ്, വൈദികർ, സന്യസ്തർ, പാരിഷ് കൗൺസിൽ അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ ആർച്ച് ബിഷപ്പിനെ സ്വീകരിച്ച് കത്തീഡ്രലിലേക്ക് ആനയിച്ചു.

തുടർന്ന് വിശുദ്ധ കുർബാന നടന്നു. അനുമോദന ചടങ്ങിൽ മാർ ഇഞ്ചനാനിയിൽ സ്വാഗതം പറഞ്ഞു. തുടർന്ന് മാർ ജോസഫ് പാംപ്ലാനിയെ പൊന്നാട അണിയിച്ച് ഉപഹാരം നൽകി ആദരിച്ചു. മാർ ജോസഫ് പാംപ്ലാനി മറുപടി പ്രസംഗം നടത്തി. ലിസി ജോസ് ആശംസയർപ്പിച്ചു. വിവി ധ മേഖലകളിൽ മികച്ച നേട്ടം കൈവരിച്ച 22 വ്യക്തികളെ മാർ റെമിജിയോസ് ഉപഹാരങ്ങൾ നൽകി ആദരിച്ചു. ജെയിംസ് ജോഷി വണ്ടനാനിക്കൽ മറുപടി പ്രസംഗം നടത്തി. ഷോൺ തോമസ്, നിയ ചാർളി എന്നിവർ ഗാനമാലപിച്ചു. പാസ്റ്ററൽ സെക്രട്ടറി ബെന്നി ലൂക്കോസ് നന്ദി പറഞ്ഞു.

**രൂപതാ ദിനത്തിൽ ആദരിക്കപ്പെട്ടവർ:**

● ചെൽസ സി. തോമസ്, ചക്കുംമൂട്ടിൽ (മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭ പുരസ്കാരം) ● മിൽനാ ഫ്രാൻസിസ്, കാക്കക്കൂട്ടുങ്കൽ (മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭ പുരസ്കാരം) ● മോണിയ കെ. ആന്റോ (മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭ പുരസ്കാരം) ● അലീന ജോയി കാളംപറമ്പിൽ (മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭ പുരസ്കാരം) ● അതുല്യാ ജോയി വെള്ളാപ്പള്ളിൽ (ബിഎസ് സി മാത്സ് ഒന്നാം റാങ്ക്) ● ജോർജ്ജ് മഠത്തിക്കുന്നേൽ (36 വർഷം കാൽനടയായി മലയാറ്റൂർ തീർത്ഥാടനം) ● ബേബി തോട്ടുങ്കൽ (മികച്ച സമ്മിശ്ര കർഷകന് കൊടിയത്തൂർ പഞ്ചായത്ത് 2021ൽ അവാർഡ്) ● ജെയിംസ് ജോഷി വണ്ടനാനിയ്ക്കൽ (സംസ്ഥാന കർഷക വകുപ്പിലെ മികച്ച സ്ഥാപന മേധാവിക്കുള്ള അവാർഡ്) ● പീറ്റർ കരിമ്പനക്കുഴി (ദേശീയ മാസ്റ്റേഴ്സ് മീറ്റിലെ മികച്ച നേട്ടം) ● നിയ ചാർളി പെരിയപ്പുറത്ത് (സീ കേരളം റിയാലിറ്റി ഷോയിലെ മികച്ച പ്രകടനം) ● അനീറ്റ സജി ചേന്നാട്ട് (വിശ്വാസ പരിശീലനം 1–12 ക്ലാസ് വരെ മുഴുവൻ ഹാജറും) ● ആൻ മരിയ കാരിമറ്റത്തിൽ (വിശ്വാസ പരിശീലനം 1–12 ക്ലാസ് വരെ മുഴുവൻ ഹാജറും) ● ഡോ. കെ എസ് ട്രീസ (ഇന്ത്യയിൽ ഏറ്റവും കൂടുതൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയ വനിത നാഷണൽ റിക്കോർഡ്) ● മാത്യു ജോൺ ചമ്പാമല (ദ ബോയ്, പാളങ്ങൾക്കപ്പുറം എന്നീ ഹൃസ്വ ചിത്രങ്ങൾക്കുള്ള അവാർഡ്) ● ഷോൺ തോമസ് പെരുമ്പള്ളി (വിവിധ ഭാഷകളിൽ നോൺ സ്റ്റോപ്പായി പാടി വേൾഡ് റിക്കോർഡ്) ● അനഘ ജോസ് മേക്കുന്നേൽ (പ്രധാന മന്ത്രിയുടെ റിസേർച്ച് ഫെല്ലോഷിപ്പ്) ● തോമസ് പി ജെ പുരയിടത്തിൽ (സംസ്ഥാന ജൈവ വൈവിധ്യ സംരക്ഷണ പുരസ്കാരം) ● ജെഫ്രിൻ അബ്രഹാം മണ്ഡപത്തിൽ (നാഷണൽ സോഫ്റ്റ് ബോൾ ടൂർണമെന്റിൽ ചാമ്പ്യൻ) ● അലീന റെജി പുതുപറമ്പിൽ (ദേശീയ സൈക്ലിംഗ് ചാമ്പ്യൻഷിപ്പിൽ ഇരട്ട സ്വർണ്ണം) ● കെ ടി ത്രേസ്യ ചേംബ്ലാനിയിൽ (ഭാഷാശ്രീ സംസ്ഥാന ബാലസാഹിത്യ അവാർഡ്) ● ജിസ്മോൻ ജോസ് അമ്പാട്ടുപറമ്പിൽ (കെമിസ്ട്രിയിൽ ഡോക്ടറേറ്റ്) ● അന്നാ മരിയ താഴത്തേമുറിയിൽ (വിശ്വാസ പരിശീലനം 1–12 ക്ലാസ് വരെ മുഴുവൻ ഹാജറും).

3–ാം ചരമവാർഷികം
(18–06–2022)



വി.ജെ ജോയി
വടക്കേൽ, വാലില്ലാപുഴ
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

പാവനസ്മരണയ്ക്ക്
41 –ാം ചരമദിനം



തോമസ് പ്ലാത്തിചിറയിൽ
മരിയഗിരി, വാളൂക്ക്
മരണം: 23-03-2022
പ്രാർത്ഥനയോടെ, കുടുംബാംഗങ്ങൾ

1 –ാം ചരമവാർഷികം
24-06-2022



ബേബി കെ. ജെ.
കിഴക്കരക്കാട്ട്, ചെമ്പനോട
ജനനം: 15–03–1959 മരണം: 24–06–2021
ഞാൻ നിങ്ങളിൽ നിന്ന് അകന്നുപോയെങ്കിലും
എന്റെ സ്നേഹം നിങ്ങളോടുകൂടെ എന്നും ഉണ്ടായിരിക്കും
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

## നവാഭിഷിക്തൻ

**ഫാ. സെബാസ്റ്റ്യൻ മറ്റപ്പള്ളിൽ**



ചെമ്പുകടവ് ഇടവക മറ്റപ്പള്ളിൽ തോമസ് – ഗ്രേസി ദമ്പതികളുടെ മകൻ. 2022 മേയ് 7ന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു.

കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ നിന്നും ഫിലോസഫിയും കോട്ടയം വടവാതൂർ സെന്റ് അപ്പസ്തോലിക് മേജർ സെമിനാരിയിൽ നിന്നും തിയോളജിയും പൂർത്തിയാക്കി. കൈതപൊയിൽ ലിസ്സാ കോളജിൽ നിന്ന് ബിഎസ്ഡബ്ല്യു ബിരുദം നേടി. സഹോദരങ്ങൾ: സ്റ്റാൻലി, ടെസ്ലി. ഇപ്പോൾ പാറോപ്പടി അസി. വികാരി.

## പ്രീ–കാനാ കോഴ്സ് ഇനി ഓഫ്‌ലൈൻ

**മേരിക്കുന്ന്:** താമരശ്ശേരി രൂപത ഫാമിലി അപ്പോസ്തലേറ്റ് സംഘടിപ്പിക്കുന്ന പ്രീ–കാനാ കോഴ്സ് ജൂൺ മുതൽ ഓഫ് ലൈൻ രീതിയിൽ നടക്കും. കോവിഡ് മഹാമാരിയെത്തുടർന്ന് രണ്ടര വർഷത്തോളം ഓൺലൈൻ ക്ലാസുകൾ നൽകിയാണ് പ്രീ–കാന കോഴ്സ് നടത്തിയിരുന്നത്.

ജൂൺ 9 മുതൽ 12 വരെ മേരിക്കുന്ന് പിഎംഒസിയിലാണ് പ്രീ–കാന കോഴ്സ്. വ്യാഴം രാവിലെ ഒമ്പതിന് ആരംഭിച്ച് ഞായർ രാവിലെ 9ന് സമാപിക്കുന്ന രീതിയിലാണ് ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നതെന്ന് ഫാമിലി അപ്പോസ്തലേറ്റ് രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കവളക്കാട്ട് അറിയിച്ചു. ജൂലൈയിൽ 7 മുതൽ 10 വരെയും ആഗസ്റ്റിൽ 11 മുതൽ 14 വരെയുമായിരിക്കും പ്രീ–കാനാ കോഴ്സ്.

പ്രീ–കാനാ കോഴ്സിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ പിഎംഒസിയിൽ പ്രവർത്തിക്കുന്ന ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിൽ നേരിട്ടോ **8714031056** എന്ന നമ്പറിൽ വിളിച്ചോ ബുക്ക് ചെയ്യാവുന്നതാണ്. കോഴ്സ് ഫീസ് 1400 രൂപ. 600 രൂപ അടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ഇടവക വികാരിയുടെ കത്ത്, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ കൊണ്ടുവരേണ്ടതാണ്. ബൈബിൾ, പേന, ബെഡ്ഷീറ്റ്, പുതപ്പ്, ടോയിലറ്റ് സാധനങ്ങൾ എന്നിവയും കോഴ്സിൽ പങ്കെടുക്കുന്നവർ കൊണ്ടുവരേണ്ടതാണ്.

ഓൺലൈനായി ബുക്ക് ചെയ്യുന്നവർ രജിസ്ട്രേഷൻ ഫീസ് അടയ്ക്കാൻ ഏതെങ്കിലും ക്യാഷ് പെയ്മെന്റ് ആപ് മുഖേന ഇതോടൊപ്പം നൽകിയിരിക്കുന്ന ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

# രൂപതാ വൈദികരുടെ സ്ഥലംമാറ്റം

താമരശേരി രൂപതയിലെ വൈദികരുടെ സ്ഥലംമാറ്റം (2022 മേയ് 14 മുതൽ പ്രാബല്യത്തിൽ). പേരിനൊപ്പം ചേർത്തിരിക്കുന്നത് ചുമതലയേൽക്കുന്ന ഇടവക/ഡിപ്പാർട്ട്മെന്റ്/ സ്ഥാപനം:

● ഫാ. അഗസ്റ്റിൻ ആലുങ്കൽ (കണ്ണോത്ത്) ● ഫാ. ജോസ് അന്തീനാട്ട് (ഡയറക്ടർ, മാതൃവേദി –അഡീഷണൽ) ● ഫാ. തോമസ് ചക്കിട്ടമുറിയിൽ (ചമൽ) ● ഫാ. ഫിലിപ്പ് ചക്കുംമൂട്ടിൽ (കാക്കവയൽ) ● ഫാ. തോമസ് ചിലമ്പിക്കുന്നേൽ (അശോകപുരം) ● ഫാ. മാത്യു ചിലമ്പട്ടുശ്ശേരി എംസിബിഎസ് (അസി. കൂടരഞ്ഞി) ● ഫാ. ജോസ് ചിറകണ്ടത്തിൽ (മഞ്ഞുമല) ● ഫാ. കുര്യക്കോസ് ഐക്കുളമ്പിൽ (കോടഞ്ചേരി) ● ഫാ. വർഗ്ഗീസ് കളത്തൂർ (കട്ടിപ്പാറ) ● ഫാ. വിൻസെന്റ് കണ്ടത്തിൽ (കൂരാച്ചുണ്ട്) ● ഫാ. ജേക്കബ് കപ്പലുമാക്കൽ (പാസ്റ്ററൽ മിനിസ്റ്ററി, ഇറ്റലി) ● ഫാ. ആന്റണി കാരിക്കുന്നേൽ (പെരിന്തൽമണ്ണ) ● ഫാ. ജോസ് കരോട്ടുഴുന്നാലിൽ (മങ്കട/വലമ്പൂർ) ● ഫാ. വിൻസെന്റ് കറുകമാലിൽ (കക്കയം) ● ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട് (ഡയറക്ടർ – പിഎംഒസി, ഫാമിലി അപ്പസ്തോലേറ്റ് & പ്രീസ്റ്റ് ഹോം) ● ഫാ. ജോസഫ് കിളിയൻപറമ്പിൽ (അസി. വികാരി കക്കാടംപൊയിൽ) ● ഫാ. തോമസ് കൊച്ചുമുറിയിൽ (പീടികപ്പാറ/കോനൂർകണ്ടി) ● ഫാ. മാത്യു കോട്ടയ്ക്കൽ (പാതിരിക്കോട്) ● ഫാ. മാത്യു കുളത്തിങ്കൽ (പോപ് ബെനഡിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് & ഫാമിലി യൂണിറ്റ്സ്) ● ഫാ. ജോസഫ് കുഴിക്കാട്ടുമ്യാലിൽ (മഞ്ചേരി ) ● ഫാ. ഡൊമിനിക്ക് കുഴിവേലിൽ (വടകര) ● ഫാ. തോമസ് മലപ്രവനാൽ (പാസ്റ്ററൽ മിനിസ്ട്രി, രാമനാഥപുരം) ● ഫാ. സ്കറിയ മങ്കരയിൽ (കുളിരാമുട്ടി) ● ഫാ. മാത്യു മാവേലിൽ (കല്ലുരുട്ടി) ● ഫാ. കുര്യാക്കോസ് മുഖാല (ഫിനാൻസ് ഓഫീസർ & കൂമുള്ളി) ● ഫാ. മിൽട്ടൺ മുളങ്ങശ്ശേരി (ചക്കിട്ടപ്പാറ & ടെമ്പറൻസ് മൂവ്മെന്റ്) ● ഫാ. തോമസ് നാഗപറമ്പിൽ (തിരുവമ്പാടി) ● ഫാ. ജോസഫ് മാത്യു ഓലിയക്കാട്ടിൽ (നാഷണൽ കോർഡിനേറ്റർ, സീറോ മലബാർ കമ്മ്യൂണിറ്റി – അയർലൻഡ്) ● ഫാ. ജോസഫ് പാലക്കാട്ട് (പാത്തിപ്പാറ – അഡീഷണൽ) ● ഫാ. അഗസ്റ്റിൻ പാലത്തുംതലക്കൽ (കരികണ്ടൻപാറ) ● ഫാ. അലക്സ് പനച്ചിക്കൽ (വാളൂക്ക്) ● ഫാ. അഗസ്റ്റിൻ പന്നിക്കോട്ട് (നെന്മേനി/ഒറവുംപുറം) ● ഫാ. സെബാസ്റ്റ്യൻ പാറത്തോട്ടത്തിൽ (പശുക്കടവ്) ● ഫാ. അഗസ്റ്റിൻ പാറ്റാനിയിൽ (ആനക്കാംപൊയിൽ) ● ഫാ. ജോസ് പെണ്ണാപറമ്പിൽ (തെയ്യപ്പാറ) ● ഫാ. മാത്യു പെരുവേലിൽ (ചാപ്പൻത്തോട്ടം/പി.ടി ചാക്കോ നഗർ) ● ഫാ. ചെറിയാൻ പൊങ്ങൻപാറ (ഡയറക്ടർ, ആൾട്ടർ ബോയ്സ് അസോസിയേഷൻ) ● ഫാ. ജോസഫ് പൂതക്കുഴി (പൊയിലോംചാൽ) ● ഫാ. തോമസ് പൊരിയത്ത് (കരുവാരക്കുണ്ട്) ● ഫാ. മാത്യു പുളിമൂട്ടിൽ Jr (ചീരട്ടാമല) ● ഫാ. മാത്യു പുളിമൂട്ടിൽ Sr (കത്തീഡ്രൽ, താമരശ്ശേരി) ● ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ (പുല്ലൂരാംപാറ) ● ഫാ. ഫ്രാൻസിസ് പുതിയേടത്ത് (പയ്യനാട്) ● ഫാ. ജോസഫ് താണ്ടാംപറമ്പിൽ (വിളക്കാംതോട്) ● ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ (അസി.ഡയറക്ടർ, ബഥാനിയ). ● ഫാ. ഡൊമിനിക്ക് തൂങ്കുഴി (കുറ്റിപ്പുറം). ● ഫാ. മാത്യു തൂമ്മുള്ളിൽ (ഡയറ്കടർ – എകെസിസി, അസി. ബർസാർ – അൽഫോൻസാ സ്കൂൾ താമരശ്ശേരി). ● ഫാ. ജെയിംസ് വലിമലയിൽ സി.എസ്.ടി(മുതുകാട്). ● ഫാ. ജോൺ വള്ളിയാംതടത്തിൽ (മൈലെള്ളാംപാറ) ● ഫാ. ജെയിംസ് വാമറ്റത്തിൽ(മരിയാപുരം).

## മലയോര മേഖലയിലെ ആദ്യ തൊഴിൽ മേളയിൽ 74 പേർക്ക് നിയമനം

**തിരുവമ്പാടി:** അൽഫോൻസ കോളജ് പ്ലേസ്മെന്റ് വിങ്ങും പ്രമുഖ കമ്പ്യൂട്ടർ വിദ്യാഭാസ ശൃംഖലയായ ജി–ടെക് കമ്പ്യൂട്ടർ എഡ്യൂക്കേഷനും സംയുക്തമായി അൽഫോൻസ കോളജിൽ നടത്തിയ ജോബ് ഫെയർ താമരശ്ശേരി രൂപത വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര ഉദ്ഘാടനം ചെയ്തു. കോളജ് മാനേജർ ഫാ. സ്കറിയ മങ്ങരയിൽ അധ്യക്ഷത വഹിച്ചു.

തിരുവമ്പാടി പഞ്ചായത്ത് പ്രസിഡന്റ് മേഴ്സി പുളിക്കാട്ട്, കൂടരഞ്ഞി പഞ്ചായത്ത് പ്രസിഡന്റ് ജോസ് മാവറ, കോടഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് അലക്സ് ചെമ്പകശ്ശേരി, അപ്പു കോട്ടായി, ജി–ടെക് കമ്പ്യൂട്ടർ എഡ്യുക്കേഷൻ പ്രതിനിധി ജോസഫ് തോമസ് കോളജ് പ്രിൻസിപ്പൽ ഡോ. കെ. വി. ചാക്കോ, കോഡിനേറ്റർ ജോസഫ് പുളിമൂട്ടിൽ എന്നിവർ പ്രസംഗിച്ചു.

അൽഫോൻസ കോളജും ജി–ടെക്കും സംയുക്തമായി നടത്തുന്ന ആഡ് ഓൺ കോഴ്സായ ടാലിയുടെ ബ്രോഷർ ചടങ്ങിൽ പ്രകാശനം ചെയ്തു. ഐടി, ബാങ്കിങ്, ഇൻഷുറൻസ്, കൺസ്ട്രക്ഷൻ, ഹോസ്പിറ്റാലിറ്റി, ഹെൽത് കെയർ, സെയിൽസ് ആന്റ് മാർക്കറ്റിങ്, എഡ്യുക്കേഷൻ മീഡിയ, സെക്യൂരിറ്റി സ്റ്റാഫ്, തുടങ്ങി വിവിധ മേഖലകളിലായി 43 കമ്പനികൾ ജോബ് ഫെയറിൽ പങ്കെടുത്തു. 74 പേർക്ക് വിവിധ സ്ഥാപനങ്ങളിൽ നിയമനം ലഭിച്ചു. 416 പേർ ജോലിക്കായുള്ള ചുരുക്ക പട്ടികയിൽ ഉൾപ്പെട്ടു. കോവിഡിനു ശേഷം നടന്ന തൊഴിൽ മേളയിൽ രാവിലെ മുതൽ ഉദ്യോഗാർത്ഥികളുടെ തിരക്കായിരുന്നു.

കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയുടെ ബെക്ക് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ചടങ്ങിൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. കോളജിന് ലഭിച്ച കേരള സർക്കാരിന്റെ പച്ചത്തുരുത്ത് പുരസ്കാരം, കേന്ദ്ര ഗവൺമെന്റിന്റെ ഗ്രീൻ ചാമ്പ്യൻ അവാർഡ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി വിമൻസ് ഡെവലപ്മെന്റ് ഏറ്റവും മികച്ച വിമൻസ് ഡെവലപ്മെന്റിനുള്ള അവാർഡ് എന്നിവ ക്ലബ്ബുകളുടെ കോഡിനേറ്റർമാരായ അധ്യാപകർക്കും വിദ്യാർഥികൾക്കും നല്കി ആദരിച്ചു.

കെസിവൈഎം എസ്എംവൈഎം താമരശ്ശേരി രൂപതയും, കത്തോലിക്കാ കോൺഗ്രസും, എയ്ഡർ ഫൌണ്ടേഷനും തൊഴിൽ മേളയിൽ സഹകാരികളായി.

### ബെസ്റ്റ് വിമൻ ഡെവലപ്മെന്റ് സെൽ അവാർഡ്

**തിരുവമ്പാടി:** കാലിക്കറ്റ് യൂണിവേഴ്സിറ്റി വുമൺ സ്റ്റഡീസ് വിഭാഗം ഏർപ്പെടുത്തിയ ബെസ്റ്റ് വുമൺ ഡെവലപ്മെന്റ് സെല്ലിനുള്ള അവാർഡ് അൽഫോൻസ കോളജ് വിമൻ ഡെവലപ്മെന്റ് സെല്ലിന് ലഭിച്ചു. 2021 – 22 അധ്യയനവർഷത്തെ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളെ വിലയിരുത്തിയാണ് അൽഫോൻസ കോളജ് പുരസ്ക്കാരം നേടിയത്.

### ഉപകാരസ്മരണ

**അത്ഭുത പ്രാർത്ഥന**

കർത്താവായ യേശുവേ, കുരിശു വഹിച്ചുകൊണ്ടുള്ള അങ്ങേ യാത്രയിൽ അങ്ങ് ഏറ്റവും വേദന അനുഭവിച്ചത് തിരുത്തോളിലെ മുറിവിൽ നിന്നായിരുന്നല്ലോ. ആ മുറിവിന്റെ ശ്രേഷ്ഠതയാലും യോഗ്യതയാലും "നീ ചോദിക്കുന്നതെന്തും സഫലമായി തീരും" എന്ന് വി. ബർണ്ണാർദിനോട് അങ്ങ് പറഞ്ഞിട്ടുണ്ടല്ലോ. വാഗ്ദാനങ്ങളിൽ അങ്ങ് വിശ്വസ്തനാണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ആരാലും അറിയപ്പെടാത്ത ആ തിരുത്തോളിലെ മുറിവിനെ വണങ്ങുകയും ആരാധിക്കുകയും ചെയ്യുന്നവരുടെ ലഘു പാപങ്ങൾ പൂർണ്ണമായും ക്ഷമിക്കപ്പെടുകയും മാരക പാപങ്ങൾ മറന്നുകളയുകയും ചെയ്യുമെന്ന് അവിടുന്ന് പറഞ്ഞിട്ടുണ്ടല്ലോ. ആ വാക്ക് അനുസരിച്ച് ഞാൻ ചോദിക്കുന്ന എന്റെ ഈ കാര്യം (നിയോഗം പറയുക) അങ്ങേയ്ക്ക് ഇഷ്ടമുണ്ടെങ്കിൽ സാധിച്ചുതരണമെന്ന് ഞാൻ ഏറ്റവും താഴ്മയായി അപേക്ഷിക്കുന്നു. അങ്ങ് ഇന്നുവരെ എനിക്ക് തന്ന എല്ലാ അനുഗ്രഹങ്ങൾക്കും പ്രപഞ്ചത്തിലുള്ള ഓരോ തന്മാത്രക്കും എണ്ണാവുന്നതിന്റെ പരമാവധി എണ്ണത്തോളം ഞാൻ നന്ദിയും സ്തുതിയും പറയുന്നു.

**അജിലു മരിയ ജോസ് – മരുതോങ്കര**

### ഉപകാരസ്മരണ

**St. Joseph of Cupertino Prayers**

Dear St. Joseph of Cupertino, who by your prayer retain from God the Grace to be asked in your examination only by the question you know. Grant me the favor which I am about to take. I am restrains; I promise to make you know and loved.

Please St. Joseph of Cupertino teach me the right answer in the examination without fear and doubt. Give me a retainable mind to recall the things I have learned and reviewed previously to feel secure. Enlighten me and bless my pen, My St. Joseph of Cupertino that I will choose and write the right answer. Please stay on my side. Guide me for I trust in your divine power and knowledge.

Bless also the examiners and correctors that they will be considerate in my papers so as to aid my passing in the examination given. Thank you very muchO St. Joseph of Cupertino, pray for me. Give me more strength, help me to recalwhatever necessary for the board questions, and please help me to avoid mental blocks.

St. Joseph of Cupertino, please help me too, that I may succeed in the examination for greater Glory of God, Amen.

**അജിലു മരിയ ജോസ് – മരുതോങ്കര**

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായോടുള്ള നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വിശുദ്ധ യൂദാശ്ലീഹായെ ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിലും ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. ഞങ്ങളുടെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞങ്ങളപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ സദാ ഞങ്ങൾ ഓർക്കുമെന്നും, അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.

**അജിലു മരിയ ജോസ് – മരുതോങ്കര**

### ഉപകാരസ്മരണ



**മിനി – കണ്ണോത്ത്**

# കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി
## താമരശ്ശേരി രൂപത

# അക്ഷരക്കൂട്ടൊരുക്കിയവർക്ക് കൃതജ്ഞതയോടെ...



**ഫാ. ജോസഫ് വർഗീസ്**
**കോർപ്പറേറ്റ് മാനേജർ**

മലബാറിൽ കുടിയേറിപ്പാർത്തിട്ടുള്ള സുറിയാനി കത്തോലിക്കരുടെ ആത്മീയ പരിപാലനത്തിനുവേണ്ടി 1953 ൽ തലശ്ശേരി രൂപത സ്ഥാപിതമാവുകയും പ്രഥമ രൂപതാദ്ധ്യക്ഷനായി അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവ് നിയമിക്കപ്പെടുകയും ചെയ്തു. തുടർന്നുള്ള വർഷങ്ങളിൽ രൂപതയ്ക്കുണ്ടായ അഭൂതപൂർവ്വമായ വളർച്ച കണക്കിലെടുത്ത് രൂപത വിഭജിച്ച് മാനന്തവാടി, താമരശ്ശേരി രൂപതകൾ രൂപംകൊണ്ടു. രൂപതയിലെ വിവിധ ഇടവകകളുടെ കീഴിലായിരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യക്ഷമവും ഏകീകൃതവുമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനായി 1967 ൽ തലശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി രൂപീകരിക്കപ്പെട്ടു. പ്രഥമ കോർപ്പറേറ്റ് മാനേജരായി (By power of Attorney) ബഹു. ഫാ. സി.ജെ. വർക്കി നിയമിതനായി. 1972 ൽ അദ്ദേഹത്തിന്റെ പിൻഗാമിയായി ഫാ. മാത്യു എം. ചാലിൽ ചുമതലയേറ്റു. തലശ്ശേരി കോർപ്പറേറ്റ് വിഭജിച്ച് 1980 ൽ മാനന്തവാടി കോർപ്പറേറ്റും 1987 ൽ താമരശ്ശേരി കോർപ്പറേറ്റും പ്രവർത്തനം ആരംഭിച്ചു.

താമരശ്ശേരി രൂപതയുടെ ആദ്യത്തെ കോർപ്പറേറ്റ് മാനേജർ ബഹു. ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം ആയിരുന്നു. തുടർന്ന് ഫാ. മാത്യു മറ്റക്കോട്ടിൽ, ഫാ. മാത്യു മാവേലി, ഫാ. ജോസഫ് കളരിക്കൽ, ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ എന്നിവർ രൂപതാ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ സാരഥികളായി സ്തുത്യർഹ സേവനം കാഴ്ചവെച്ചു. 1987 ൽ 41 സ്കൂളുകളുമായി പ്രവർത്തനം ആരംഭിച്ച ഈ കോർപ്പറേറ്റിനുകീഴിൽ നിലവിൽ 11 ഹയർ സെക്കണ്ടറി സ്കൂളുകളും 19 ഹൈസ്കൂളുകളും 22 യു.പി. സ്കൂളുകളും 20 എൽ.പി. സ്കൂളുകളും അടക്കം 72 സ്കൂളുകൾ വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. മൂല്യാധിഷ്ഠിതവും മാതൃകാപരവുമായ പ്രവർത്തനങ്ങളിലൂടെ അധ്യാപക –അനധ്യാപക സമൂഹത്തിന്റെയും രക്ഷിതാക്കൾ, വിദ്യാഭ്യാസ വകുപ്പധികാരികൾ എന്നിവരുടെയും സഹകരണത്തോടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഭാവിതലമുറയ്ക്ക് പ്രദാനം ചെയ്യുന്നതിന് കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി പ്രതിജ്ഞാബദ്ധമാണ്.

കോർപ്പറേറ്റ് മാനേജ്മെന്റിന്റെ നയപരിപാടികൾ ആവിഷ്ക്കരിക്കുന്നതിനും ഭരണപരമായ കാര്യങ്ങളിൽ സഹായിക്കുന്നതിനുമായി വിദ്യാഭ്യാസ വിദഗ്ധരുൾപ്പെടുന്ന അഡ്വൈസറി ബോർഡിനെയും ഉദ്യോഗാർത്ഥികളിൽനിന്നും സ്വഭാവശുദ്ധിയും ഗുണമേന്മയും കാര്യശേഷിയുമുള്ള അധ്യാപകരെ തിരഞ്ഞെടുക്കുന്നതിനായി ഒരു ഇന്റർവ്യൂ ബോർഡിനെയും അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ നിയോഗിച്ചിട്ടുണ്ട്. കോർപ്പറേറ്റ് സ്കൂളുകളുടെ അടിസ്ഥാനവികസന പ്രവർത്തനങ്ങൾ ഒരു രജിസ്റ്റേർഡ് ട്രസ്റ്റാണ് (Educational Trust of Diocese of Thamarassery) നിർവഹിക്കുന്നത്. അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ട്രസ്റ്റിന്റെ പ്രസിഡണ്ട് ബഹു. വികാരി ജനറാളച്ചനാണ്. കോർപ്പറേറ്റ് മാനേജർ, രൂപതാചാൻസലർ, രൂപതാ ഫിനാൻസ് ഓഫീസർ എന്നിവർ ട്രസ്റ്റ് അംഗങ്ങളുമാണ്. മുഴുവൻ കോർപ്പറേറ്റ് സ്കൂളുകൾക്കും ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ ന്യൂനപക്ഷ പദവി അനുവദിച്ച് നൽകിയിട്ടുണ്ട്.

പേജ് 13ൽ തുടരും ▸

### താമരശ്ശേരി രൂപത എഡ്യുക്കേഷണൽ ട്രസ്റ്റ് അംഗങ്ങൾ



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
(താമരശ്ശേരി രൂപതാ മെത്രാൻ)



**മോൺ. ജോൺ ഒറവുങ്കര**
(താമരശ്ശേരി രൂപതാ വികാരി ജനറൽ)



**ഫാ. ജോസഫ് പാലക്കാട്ട്**
(കോർപ്പറേറ്റ് മാനേജർ)



**ഫാ. ബെന്നി മുണ്ടനാട്ട്**
(താമരശ്ശേരി രൂപതാ ചാൻസലർ)



**ഫാ. മാത്യു പുളിമൂട്ടിൽ**
(താമരശ്ശേരി രൂപതാ ഫിനാൻസ് ഓഫീസർ)

### ആശംസ



താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിക്കു കീഴിൽ പ്രവർത്തിക്കുന്ന എൽപി, യുപി, ഹൈസ്കൂൾ, ഹയർസെക്കൻഡറി സ്കൂളുകളിൽ നിന്ന് വിരമിക്കുന്ന അധ്യാപകരെ ആദരിക്കുന്നതിനായി പുല്ലൂരാംപാറ ബഥാനിയായിൽ വിദ്യാഭ്യാസ സംഗമവും യാത്രയയപ്പും സംഘടിപ്പിച്ചതിൽ അതിയായ സന്തോഷമുണ്ട്. അക്ഷരവും അറിവും പകർന്ന് മൂല്യബോധമുള്ള യുവതയെ സൃഷ്ടിച്ചെടുക്കുന്ന അധ്യാപനത്തിന്റെ പണിപ്പുരയിൽ നിന്ന് ഈ വർഷം വിരമിച്ച എല്ലാവർക്കും തുടർന്നുള്ള വിശ്രമകാല ജീവിതത്തിൽ വിജയാശംസകൾ നേരുന്നു. രാജ്യത്തിന്റെ സാമൂഹിക സാംസ്കാരിക വളർച്ചയ്ക്കായി നിങ്ങൾ വഹിച്ച പങ്ക് നിസ്തുലമാണ്. അധ്യാപനം അതിശ്രേഷ്ഠമായ സേവനമാണ്. രാഷ്ട്രത്തിന്റെ നന്മയ്ക്കും എല്ലാവിധ ഉന്നമനത്തിനും അടിസ്ഥാന ശിലയിടുന്നതും അധ്യാപകരാണ്. നാളെ നാം കാണേണ്ടതും പുതുതലമുറ ജീവിക്കേണ്ടതുമായ വികസിത സുന്ദര ലോകത്തിന് ചിറകു വിരിയിക്കുന്ന നിങ്ങളുടെ സേവനം എക്കാലവും ശോഭിതമാകട്ടെ. കേവലം അക്ഷരാഭ്യാസത്തിലൂടെ നേടുന്ന ബിരുദ, ബിരുദാനന്തര നേട്ടവും അനുബന്ധമായി നേടുന്ന ജീവന മാർഗ്ഗവും മാത്രമല്ല വിദ്യാഭ്യാസം. അവനവന്റെ സുഖാനുഭവ ജീവിതത്തോടൊപ്പം അപരന്റെ സുഖാനുഭവ ജീവിതത്തിന് ഭംഗം വരുത്താതെ എല്ലാവർക്കും നന്മ പകർന്ന് സമത്വത്തിന്റെയും സമഭാവനയുടെയും പാതയിൽ ചരിക്കുവാൻകൂടി പരിശീലിപ്പിക്കുന്നതാകണം വിദ്യാഭ്യാസം. ജീവിത പ്രയാണത്തിനിടയിൽ നിസ്സഹായത്വം നിത്യ ദുഃഖമായി മാറുന്നവർക്ക് സാന്ത്വനവും സമാശ്വാസവുമേകാനാകണം. അതിനുതകുന്ന മനസ് രൂപപ്പെടുത്താനാകുമ്പോഴാണ് അധ്യാപനവും വിഭ്യാഭ്യാസവും സാർത്ഥകമാകുന്നത്. കഴിഞ്ഞ ആറ് വർഷക്കാലം കോർപ്പറേറ്റ് മാനേജരുടെ ഉത്തരവാദിത്വം തികഞ്ഞ പ്രവർത്തനമികവോടെ നിർവ്വഹിച്ച ഫാ. സെബാസ്റ്റ്യൻ പുരയിടത്തിലിന്റെ സ്തുത്യർഹമായ സേവനവും ഇത്തരുണത്തിൽ നന്ദിയോടെ സ്മരിക്കുന്നു. നമ്മുടെ വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഫാ. ജോസഫ് പാലക്കാട്ടിന്റെ നേതൃത്വത്തിൽ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി പ്രവർത്തന മികവിന്റെ പാരമ്യതയിൽ മുന്നേറുകയാണ്. സ്കൂളുകളിലെ എല്ലാ പ്രധാനാധ്യാപകരുടെയും അധ്യാപകരുടെയും അനധ്യാപകരുടെയും തികഞ്ഞ സഹകരണം വലിയ നേട്ടമാണ് നമ്മുടെ വിദ്യാലയങ്ങൾക്ക് നേടിത്തരുന്നത്. എല്ലാവർക്കും നിറഞ്ഞ സ്നേഹത്തോടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
**(താമരശ്ശേരി രൂപതയുടെ മെത്രാൻ)**

കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയിൽ നിന്നും വിരമിച്ച അധ്യാപകരെ പുല്ലൂരാംപാറ ബഥാനിയ റിന്യൂവൽ സെന്ററിൽ വച്ച് നടന്ന ചടങ്ങിൽ ആദരിച്ചപ്പോൾ ▼



## വിരമിക്കുന്ന ഹയർ സെക്കൻഡറി, ഹൈസ്കൂൾ പ്രധാനാധ്യാപകർ


ഷിവിച്ചൻ മാത്യു
കോടഞ്ചേരി എച്ച്എസ്എസ്


ഹാരിസ് കെ. കുരുവിള
കട്ടിപ്പാറ എച്ച്എസ്എസ്


കെ. ടി. ജോസഫ്
വിലങ്ങാട് എച്ച്എസ്


മേഴ്സി ജോസഫ്
കണ്ണോത്ത് എച്ച്എസ്



എ. എം. തങ്കച്ചൻ
കക്കാടംപൊയിൽ എച്ച്എസ്


കെ. പി. മരിയ ബ്രിജിറ്റ്
മരഞ്ചാട്ടി എച്ച്എസ്

## വിരമിക്കുന്ന ഹയർ സെക്കൻഡറി, ഹൈസ്കൂൾ അധ്യാപകർ


ജയശ്രീ സെബാസ്റ്റ്യൻ
കല്ലാനോട് എച്ച്എസ്എസ്


ജാൻസി ജോസ്
കൂരാച്ചുണ്ട് എച്ച്എച്ച്എസ്


സി. ജെ. ജോയ്സൺ
മരുതോങ്കര എച്ച്എച്ച്എസ്


എമിലി ജെയിംസ്
മരുതോങ്കര എച്ച്എസ്എസ്


ആനി സഖറിയാസ്
പുല്ലൂരാംപാറ എച്ച്എസ്


കെ. കെ. കത്രീന
കൂടരഞ്ഞി എച്ച്എസ്


ലിസമ്മ കുരുവിള
ചെമ്പനോട എച്ച്എസ്


സെലിൻ ഫ്രാൻസിസ്
കൂടരഞ്ഞി എച്ച്എസ്


മറിയക്കുട്ടി തോമസ്
കുണ്ടുതോട് എച്ച്എസ്


മായ ആന്റണി
ചെമ്പനോട എച്ച്എസ്


എം. ജെ. സിൽവി
കുളത്തുവയൽ എച്ച്എസ്


കെ. ജോസ് സിറിയക്
കുളത്തുവയൽ എച്ച്എസ്

## ആശംസ



പുല്ലൂരാംപാറ ബഥാനിയായിൽ വെച്ച് കോർപ്പറേറ്റ് സ്കൂൾ വിദ്യാഭ്യാസ സംഗമവും വിരമിക്കുന്ന അധ്യാപകർക്ക് യാത്രയയപ്പും സംഘടിപ്പിച്ചതിൽ എല്ലാവരോടുമൊപ്പം ഞാനും സന്തോഷിക്കുന്നു. ദീർഘനാളത്തെ സേവനത്തിനുശേഷം വിശ്രമത്തിലേക്കു പ്രവേശിക്കുന്ന എല്ലാ അധ്യാപകർക്കും സന്തോഷകരമായ ജീവിതം ആശംസിക്കുന്നു. മനോഹരമായി ഇങ്ങനെയൊരു അധ്യാപക സംഗമം സംഘടിപ്പിച്ചതിനു പിന്നിൽ പ്രവർത്തിച്ചവരുടെ സംഘാടക മികവിന് തികഞ്ഞ സന്തോഷത്തോടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങൾക്ക് മികച്ച വിദ്യാഭ്യാസം നൽകുവാൻ നിങ്ങളേവരും കാണിക്കുന്ന സ്ഥിരോത്സാഹം വിലയേറിയതാണ്. അത് വിദ്യാർത്ഥികൾക്ക് ആത്മവിശ്വാസവും രക്ഷിതാക്കൾക്ക് ഏറെ പ്രതീക്ഷയും നൽകുന്നുണ്ട്. മികവുറ്റ വിദ്യാഭ്യാസം നൽകുവാൻ രൂപതയുടെ കോർപ്പറേറ്റ് ഏജൻസി സശ്രദ്ധം പ്രവർത്തിച്ചു വരുന്നതും അഭിനന്ദനാർഹമാണ്. എല്ലാവർക്കും വിശ്രമ ജീവിതത്തിൽ ആയുരാരോഗ്യ സൗഖ്യം നേരുന്നു.

**മോൺ. ജോൺ ഒറവുങ്കര**
**(വികാരി ജനറൽ**
**താമരശ്ശേരി രൂപത)**

## താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകൾ

### ഹയർ സെക്കൻഡറി സ്കൂളുകൾ

1. സെന്റ് മേരീസ് എച്ച്എസ്എസ് കല്ലാനോട് 2. ഹോളി ഫാമിലി എച്ച്എസ്എസ് കട്ടിപ്പാറ 3. സെന്റ് സെബാസ്റ്റ്യൻ എച്ച്എസ്എസ് കൂടരഞ്ഞി 4. സെന്റ് ജോർജ്ജ് എച്ച്എസ്എസ് കുളത്തുവയൽ 5. സെന്റ് മേരീസ് എച്ച്എസ്എസ് മരുതോങ്കര 6. സേക്രട്ട് ഹാർട്ട് എച്ച്എസ്എസ് തിരുവമ്പാടി 7. സെന്റ് ജോസഫ് എച്ച്എസ്എസ് കോടഞ്ചേരി 8. സെന്റ് ജോസഫ് എച്ച്എസ്എസ് പുല്ലൂരാംപാറ 9. ഹോളി ഫാമിലി എച്ച്എസ്എസ് വേനപ്പാറ 10. സെന്റ് തോമസ് എച്ച്എസ് എസ് കൂരാച്ചുണ്ട് 11. ഹോളി ഫാമിലി എച്ച്എസ്എസ് പടത്തുകടവ്

### ഹൈസ്കൂളുകൾ

1. സെന്റ് ജോസഫ് എച്ച്എസ്, ചെമ്പനോട 2. സെന്റ് മേരീസ് എച്ച്എസ് കക്കാടംപൊയിൽ 3. സെന്റ് മേരീസ് എച്ച്എസ് കല്ലാനോട് 4. സെന്റ് ആന്റണീസ് എച്ച് എസ് കണ്ണോത്ത് 5. ഹോളി ഫാമിലി എച്ച്എസ്, കട്ടിപ്പാറ 6. സെന്റ് ജോസഫ് എച്ച്എസ് കോടഞ്ചേരി 7. സെന്റ് സെബാസ്റ്റ്യൻ എച്ച് എസ്, കൂടരഞ്ഞി 8. സെന്റ് തോമസ് എച്ച് എസ് കൂരാച്ചുണ്ട് 9. സെന്റ് ജോർജ്ജ് എച്ച്എസ് കുളത്തുവയൽ 10. പി. ടി. ചാക്കോ മെമ്മോറിയൽ എച്ച്എസ് കുണ്ടുതോട് 11. സെന്റ് ജോൺസ് എച്ച്എസ് നെല്ലിപൊയിൽ 12. ഹോളി ഫാമിലി എച്ച്എസ് പടത്തുകടവ് 13. സെന്റ് ജോസഫ് എച്ച്എസ് പുല്ലൂരാംപാറ 14. സെന്റ് സെബാസ്റ്റ്യൻ എച്ച് എസ് പുന്നയ്ക്കൽ 15. സേക്രട്ട് ഹാർട്ട് എച്ച്എസ് തിരുവമ്പാടി 16. സെന്റ് ജോർജ് എച്ച്എസ് വിലങ്ങാട് 17. മേരിഗിരി എച്ച്എസ് മരഞ്ചാട്ടി 18. സെന്റ് മേരീസ് എച്ച്എസ് മരുതോങ്കര 19. ഹോളി ഫാമിലി എച്ച്എസ് വേനപ്പാറ

### യൂപി സ്കൂളുകൾ

1. സെന്റ് മേരീസ് യൂപിഎസ് ആനക്കാംപൊയിൽ 2. നിർമ്മല യൂപിഎസ് ചമൽ 3. സെന്റ് ജോസഫ് യൂപിഎസ് ചെമ്പനോട 4. ഹോളി ഫാമിലി യൂപിഎസ് ചെങ്ങരോത്ത് 5. സെന്റ് തോമസ് യൂപിഎസ് കല്ലുരുട്ടി 6. സെന്റ് ആന്റണീസ് യൂപിഎസ് കണ്ണോത്ത് 7. നസറത്ത് യൂപിഎസ് കട്ടിപ്പാറ 8. നിർമ്മല യൂപിഎസ് കാറ്റുള്ളമല 9. സെന്റ് തോമസ് യൂപിഎസ് കൂരാച്ചുണ്ട് 10. വിമല യൂപിഎസ് മഞ്ഞുവയൽ 11. സെന്റ് ജോസഫ് യൂപിഎസ് മൈലെള്ളാംപാറ 12. വിദ്യാ ജ്യോതി യൂപിഎസ് നെന്മേനി 13. ഫാത്തിമ യൂപിഎസ് മരിയാപുരം 14. ലിറ്റിൽ ഫ്ളവർ യൂപിഎസ് പശുക്കടവ് 15. ഫാത്തിമ എയൂപിഎസ് പെരുവണ്ണാമുഴി 16. ഐ. സി. യൂപിഎസ് പൂഴിത്തോട് 17. സെന്റ് ജോസഫ് യൂപിഎസ് പുല്ലൂരാംപാറ 18. ലിറ്റിൽ ഫ്ളവർ യൂപിഎസ് പുഷ്പഗിരി 19. സെന്റ് തോമസ് യൂപിഎസ് തെയ്യപ്പാറ 20. സേക്രട്ട് ഹാർട്ട് യൂപിഎസ് തിരുവമ്പാടി 21. ലിറ്റിൽ ഫ്ളവർ യൂപിഎസ് വേനപ്പാറ 22. എം. എ. എം. യുപിഎസ് വിളക്കാംതോട്

### എൽ പി സ്കൂളുകൾ

1. സെന്റ് തോമസ് എൽപിഎസ് ആനക്കുളം 2. സെന്റ് ആന്റണീസ് എൽപിഎസ് ചക്കിട്ടപ്പാറ 3. സെന്റ് മേരീസ് എൽപിഎസ് കല്ലാനോട് 4. സെന്റ് മേരീസ് എൽപിഎസ് കരിങ്ങാട് 5. സെന്റ് ജോസഫ് എൽപിഎസ് കോടഞ്ചേരി 6. സെന്റ് സെബാസ്റ്റ്യൻ എൽപിഎസ് കൂടരഞ്ഞി 7. സെന്റ് ജോസഫ് എൽപിഎസ് കൂടത്തായി 8. സെന്റ് ജോർജ്ജ് എൽപിഎസ് കുളത്തുവയൽ 9. സെന്റ് ജോസഫ് എൽപിഎസ്, മാലാപറമ്പ് 10. സെന്റ് മേരീസ് എൽപിഎസ്, മരുതോങ്കര 11. സെന്റ് സെബാസ്റ്റ്യൻ എൽപിഎസ് മുത്തപ്പൻപുഴ 12. നസറത്ത് എൽപിഎസ് മൂത്തോറ്റിക്കൽ–കട്ടിപ്പാറ 13. പുഷ്പ എൽപിഎസ് നരിനട 14. സെന്റ് തോമസ് എൽപിഎസ് നീലേശ്വരം 15. സെന്റ് ജോസഫ് എൽപിഎസ് പന്തല്ലൂർ 16. സെന്റ് ജോസഫ് എൽപിഎസ് പൂതംപാറ 17. ലിറ്റിൽ ഫ്ളവർ എൽപിഎസ് പുഷ്പഗിരി 18. എഎൽപിഎസ് തലയാട് 19. ഫാത്തിമ മാതാ എൽപിഎസ് തേക്കുകുറ്റി 20. എം.എ.എം. എൽപിഎസ് വിളക്കാംതോട്

## മുൻ കോർപ്പറേറ്റ് മാനേജർമാർ


ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം


ഫാ. മാത്യു മറ്റക്കോട്ടിൽ


ഫാ. മാത്യു മാവേലി


ഫാ. ജോസഫ് കളരിക്കൽ


ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ

11-ാം പേജിൽ നിന്നു തുടർച്ച

ഏതൊരു പൊതുവിദ്യാലയത്തിനും മാതൃക ആക്കാൻ കഴിയുന്നവിധം അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ശിശു സൗഹൃദ ഭൗതിക സാഹചര്യങ്ങൾ മുഴുവൻ സ്കളൂകളിലും ലഭ്യമാക്കുന്നതിനുള്ള യത്നത്തിലാണ് കോർപ്പറേറ്റ് മാനേജ്മെന്റ്. 2025 ഓടുകൂടി മുഴുവൻ കോർപ്പറേറ്റ് സ്കൂളുകളിലും ഏറ്റവും മികച്ച കെട്ടിട സൗകര്യങ്ങൾ ഒരുക്കണമെന്ന അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ ആഗ്രഹം ഫലപ്രാപ്തിയിൽ എത്തുകയാണ്. വിലങ്ങാട് ഹൈസ്കൂൾ, കണ്ണോത്ത് ഹൈസ്കൂൾ, കൂടരഞ്ഞി ഹൈസ്കൂൾ, കൂടരഞ്ഞി എൽ.പി. സ്കൂൾ, കക്കാടംപൊയിൽ ഹൈസ്കൂൾ എന്നിവയുടെ പുതിയ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമായി കഴിഞ്ഞു. നെല്ലിപ്പൊയിൽ ഹൈസ്കൂൾ, പെരുവണ്ണാമൂഴി യൂ.പി. സ്കൂൾ, കട്ടിപ്പാറ എൽ.പി.സ്കൂൾ, കുളത്തുവയൽ ഹൈസ്കൂൾ, പന്തല്ലൂർ എൽ. പി. സ്കൂൾ എന്നിവയുടെ കെട്ടിട പുനർനിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

അക്കാദമിക രംഗത്തും കലാകായിക രംഗങ്ങളിലും മികവാർന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ കോർപ്പറേറ്റ് സ്കൂളുകൾ ഏറെ മുന്നിട്ട് നിൽക്കുന്നു. എസ്.എസ്.എൽ.സി., പ്ലസ് ടൂ, എൽ.എസ്.എസ്., യു.എസ്.എസ്. പരീക്ഷകളിൽ തിളക്കമാർന്ന വിജയം കൈവരിക്കാൻ നമ്മുടെ സ്കൂളുകൾക്ക് കഴിയുന്നുണ്ട്. പഠനമികവ്, അച്ചടക്കം, മൂല്യാധിഷ്ഠിത വ്യക്തിത്വ വികസനം, സർഗ്ഗശേഷി വികാസം എന്നീ രംഗങ്ങളിൽ പുതിയ അദ്ധ്യായം രചിക്കാനുള്ള സംഘയത്നത്തിൽ ഏർപ്പെട്ടിരിക്കുന്ന കോർപ്പറേറ്റ് സ്കൂളുകളിലെ ബഹു. മാനേജർ അച്ചന്മാർ, പ്രധാനാധ്യാപകർ, അധ്യാപക - അനധ്യാപക ജീവനക്കാർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ എന്നിവരെ നന്ദിയോടെ സ്മരിക്കുകയും എല്ലാ വിജയങ്ങളും നേരുകയും ചെയ്യുന്നു. നിർധന വിദ്യാർത്ഥികൾക്ക് ഉപരിപഠന സഹായം നൽകുന്ന 'കോർഡിയ', സ്കൂളുകളുടെ ഭൗതിക സൗകര്യവികസനത്തിന് കൈത്താങ്ങായ 'ഗുരുനിധി', കോർപ്പറേറ്റ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ചികിത്സ സഹായം നൽകുന്ന 'അൽഫോൻസ സ്നേഹനിധി' എന്നിവ കോർപ്പറേറ്റ് സ്കൂളുകളിലെ ജീവനക്കാരുടെ സാമൂഹ്യ പ്രതിബദ്ധതയുടെ നേർസാക്ഷ്യങ്ങളാണ്.

പതിറ്റാണ്ടുകൾ നീണ്ട ഔദ്യോഗിക ജീവിതത്തിനുശേഷം 37 അധ്യാപകശ്രേഷ്ഠർ ഈ വർഷം സർവ്വീസിൽനിന്നും വിരമിക്കുകയാണ്. അവരുടെ സ്തുത്യർഹ സേവനത്തിന് ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പ്രകാശിപ്പിക്കുകയും എല്ലാവിധ ആയുരാരോഗ്യ സൗഖ്യങ്ങളും മംഗളങ്ങളും നേരുകയും ചെയ്യുന്നു ●



പുല്ലൂരാംപാറ ബഥാനിയ റിന്യൂവൽ സെന്ററിൽ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി സംഘടിപ്പിച്ച വിദ്യാഭ്യാസ സംഗമവും യാത്രയയപ്പ് സമ്മേളനവും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്യുന്നു.



## വിരമിക്കുന്ന എൽപി, യുപി വിഭാഗം പ്രധാനാധ്യാപകർ


റോയ്മോൻ കെ. ഓവേലിൽ
വേനപ്പാറ യുപിഎസ്


ജെസി ആൻഡ്രൂസ്
പെരുവണ്ണാമൂഴി യുപിഎസ്


ടി. ജി. ജോസ്
കട്ടിപ്പാറ യുപിഎസ്


കെ. സി. ടോമിച്ചൻ
നെന്മേനി യുപിഎസ്


മിനി എം. എബ്രാഹം
നീലേശ്വരം എൽപിഎസ്


മീന സെബാസ്റ്റ്യൻ
പന്തല്ലൂർ എൽപിഎസ്


പ്രസന്ന ജോൺ
മുത്തോറ്റിക്കൽ എൽപിഎസ്

## വിരമിക്കുന്ന യുപി, എൽപി സ്കൂൾ അധ്യാപകർ


ത്രേസ്യാമ്മ മാത്യു
നെന്മേനി യുപിഎസ്


സി. ത്രേസ്യാമ്മ ജോസഫ്
വിളക്കാംതോട് യുപിഎസ്


ത്രേസ്യാമ്മ തോമസ്
പരിയാപുരം യുപിഎസ്


ലിയോണി മൈക്കിൾ
തിരുവമ്പാടി യുപിഎസ്


എ. എം. ജോയ്സി
ചക്കിട്ടപാറ എൽപിഎസ്


ജെസമ്മ വർഗീസ്
കൂടരഞ്ഞി എൽപിഎസ്


സി. ആനീസ് എബ്രഹാം
കണ്ണോത്ത് യുപിഎസ്


പി. സി. സാലിയാമ്മ
ചങ്ങരോത്ത് യുപിഎസ്


ബെന്നിച്ചൻ കെ. മാത്യു
ചങ്ങരോത്ത് യുപിഎസ്


ലൗവ്ലി ജോൺ
കണ്ണോത്ത് യുപിഎസ്


എം. വി. ബാബു
വേനപ്പാറ യുപിഎസ്


കെ. ബാബു
വിലങ്ങാട് എച്ച്എസ്

## കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി സംഘടിപ്പിച്ച വിദ്യാഭ്യാസ സംഗമവും യാത്രയയപ്പ് സമ്മേളനവും

Infocuz





വിദ്യാഭ്യാസ സംഗമത്തിൽ അധ്യാപകരെ അഭിസംബോധന ചെയ്ത് സംസാരിക്കുന്ന ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, ഫാ. തോമസ് തെക്കേൽ, ഫാ. ജോസഫ് പാലക്കാട്ട്



മികച്ച സ്ഥാപന മേലധികാരിക്കുള്ള സംസ്ഥാന കൃഷി വകുപ്പിന്റെ അവാർഡ് ജേതാവായ ആനക്കാംപൊയിൽ സെന്റ് മേരീസ് യുപി സ്കൂൾ ഹെഡ്മാസ്റ്റർ ജെയിംസ് വി. ജോഷിയെ ആദരിക്കുന്നു



പുല്ലൂരാംപാറ ബഥാനിയ റിന്യൂവൽ സെന്ററിൽ നടന്ന വിദ്യാഭ്യാസ സംഗമത്തിലും യാത്രയയപ്പ് സമ്മേളനത്തിലും പങ്കെടുത്ത പ്രൗഢ സദസ്

## കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ സ്കൂളുകൾ പുത്തൻ മുഖച്ഛായയിലേക്ക്



കട്ടിപ്പാറ മുത്തോറ്റിക്കൽ നസ്രത്ത് എൽപി സ്കൂൾ പുതിയ കെട്ടിടത്തിന് തറക്കല്ലിടുന്നു.



പെരുവണ്ണാമൂഴി ഫാത്തിമ എയുപി സ്കൂളിന്റെ പുതിയ കെട്ടിടത്തിന് തറക്കല്ലിടുന്നു.



കക്കാടംപൊയിൽ സെന്റ് മേരീസ് ഹൈസ്കൂളിന്റെ കെട്ടിട നിർമ്മാണം അന്തിമഘട്ടത്തിൽ



കണ്ണോത്ത് സെന്റ് ആന്റണീസ് ഹൈസ്ക്കൂളിന്റെ പുതിയ കെട്ടിടം ശ്രീ. ലിന്റോ ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.



കണ്ണോത്ത് സെന്റ് ആന്റണീസ് ഹൈസ്ക്കൂളിന്റെ പുതിയ കെട്ടിടം



വിലങ്ങാട് സെന്റ് ജോർജ് ഹൈസ്ക്കൂളിന്റെ പുതിയ കെട്ടിടം



കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻ സ്കൂളിന്റെ പുതിയ കെട്ടിടം



കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻ സ്കൂളിന്റെ പുതിയ കെട്ടിടം ബഹു. വിദ്യാഭ്യാസ മന്ത്രി ശ്രീ. വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു.

**THE CORPORATE EDUCATIONAL AGENCY**

Bishop's House,
P.B. No. 1, Thamarassery P. O.
Calicut
Phone: 0495 2225617
Email: dotedn@gmail.com
www.corporateschoolstsy.org

# കീടാക്രമണത്തിൽ ഇല്ലാതാകുന്ന തെങ്ങുകൃഷി– പരിഹാരമാർഗങ്ങൾ

**നാൽപതും അൻപതും വർഷം കായ്ഫലം നൽകി കർഷകർക്ക് അനുഗ്രഹമാകേണ്ട തെങ്ങ് രോഗബാധ വന്ന് നശിച്ചാൽ നഷ്ടം വലുതാണ്. എത്രനാളത്തെ അധ്വാനം കൂടിയാണ് വൃഥാവിലാകുന്നത്. ശ്രദ്ധയോടെയും ജാഗ്രതയോടെയുമുള്ള പ്രതിരോധ പ്രവൃത്തികൾ വഴി കീടാക്രമണങ്ങളെ നിയന്ത്രിക്കാം**



**വീട്ടുകൃഷി**
ജോസ് കെ. വയലിൽ

തെങ്ങുകൃഷിക്കിറങ്ങുന്ന കർഷകരെ തളർത്തിക്കളയുന്നത് അവയ്ക്കുണ്ടാകുന്ന രോഗങ്ങളാണ്. കീടങ്ങളുടെയും വണ്ടുകളുടെയും ഉപദ്രവം വേറെയും. നാൽപതും അൻപതും വർഷം കായ്ഫലം നൽകി കർഷകർക്ക് അനുഗ്രഹമാകേണ്ട വൃക്ഷങ്ങൾ രോഗബാധ വന്ന് നശിച്ചാൽ നഷ്ടം വലുതാണ്. എത്രനാളത്തെ അധ്വാനം കൂടിയാണ് വൃഥാവിലാകുന്നത്. വീണ്ടും ഒന്ന് എന്ന് തുടങ്ങുകയോ പുതിയ ഇനങ്ങൾ പരീക്ഷിക്കുകയോ മറ്റൊരു കൃഷിയിലേക്ക് മാറുകയോ അല്ലാതെ വഴിയൊന്നും ഇല്ല. ശ്രദ്ധയോടെയും ജാഗ്രതയോടെയുമുള്ള പ്രതിരോധ പ്രവൃത്തികൾ വഴി കീടാക്രമണങ്ങളെ നിയന്ത്രിക്കാനാകുമെന്ന് കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിലെ അഗ്രിക്കൾച്ചർ എന്റമോളജി അസിസ്റ്റന്റ് പ്രഫസർ ഡോ. ആനീസ് പറയുന്നു. കർഷകർക്ക് വലിയ നഷ്ടങ്ങൾ ഉണ്ടാക്കുന്ന ചില രോഗങ്ങളെയും അവയ്ക്ക് കാരണമാകുന്ന കീടങ്ങളെയും പരിചയപ്പെടാം.

### ചെമ്പൻ ചെല്ലി



റിങ്കോഫോറസ് ഫെറുജീനിയസ് എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന നേരിയ കറുപ്പു കലർന്ന ചുവന്ന നിറവും തലഭാഗത്തു കറുത്ത പൊട്ടുകളുമുള്ള ഷഡ്പദമാണ് ചെമ്പൻചെല്ലി. ചെമ്പൻചെല്ലിയുടെ മുട്ടകൾ വിരിഞ്ഞിറങ്ങുന്ന പുഴുക്കളിൽ നിന്നാണ് ചെല്ലികൾ ഉണ്ടാകുന്നത്.

എല്ലാ പ്രായത്തിലുള്ള തെങ്ങുകളെയും ചെല്ലി ബാധിക്കുമെങ്കിലും 20 വർഷത്തിനു താഴെയുള്ളവയിലും കുറിയതരം തെങ്ങുകളിലും ആക്രമണം കൂടുതലായി കാണുന്നു. ഇത്തരം തെങ്ങുകളുടെ ഉയരക്കുറവും മധുരക്കൂടുതലും തടിയുടെയും മടലുകളുടെയും മൃദുലതയും കാരണങ്ങളായി കരുതാം. തെങ്ങിന്റെ മണ്ടയിലൂടെയും ഓലമടലിന്റെ ചുവട്ടിലൂടെയും ഇളം തടിയിലൂടെയും ചെല്ലി ആക്രമിക്കുന്നു.

മണ്ടയിലൂടെയാണ് ആക്രമണമെങ്കിൽ തെങ്ങിന്റെ നാമ്പോല വാടി നിൽക്കുന്നതായും ഇടയോലകളിൽ ചിലതു വാടി പ്പഴുത്തും കാണപ്പെടും. ചെമ്പൻചെല്ലി തെങ്ങിന്റെ കവിളോലകൾക്കിടയിൽക്കൂടി ആക്രമിക്കാറുണ്ട്. ചെല്ലിയുടെ പുഴുക്കൾ തുരന്നുതിന്ന ഭാഗത്ത് ചെറിയ ദ്വാരങ്ങൾ കാണാം.

തടിയിലാണ് ആക്രമണമെങ്കിൽ ആ ഭാഗത്തുനിന്നു തവിട്ടുനിറത്തിലുള്ള ദ്രാവകം ഒലിച്ചിറങ്ങുന്നതു കാണാം. മാത്രമല്ല, പുഴു ഉണ്ടാക്കിയ ദ്വാരങ്ങളിൽനിന്നു നാരുകൾ പുറത്തേക്കു തള്ളിയിരിക്കുന്നതായും കാണാം. തെങ്ങുകളിലുണ്ടാക്കുന്ന മുറിവുകൾ, കവിളോലയിലെ പൊട്ടലുകൾ, ചീയൽ ബാധിച്ച നാമ്പുകളിൽനിന്നുള്ള പ്രത്യേക ഗന്ധം എന്നിവ അനുകൂല ഘടകങ്ങളാണ്.

പുഴു തിന്ന ഭാഗം ചെത്തി മാറ്റി അവിടെ കീടനാശിനി മിശ്രിതം ഒഴിച്ചുകൊടുക്കണം. ഓലക്കവിളുകളുടെ ഭാഗത്തുകൂടിയുണ്ടാകുന്ന ആക്രമണം പലപ്പോഴും മാരകമായിരിക്കും. ഇങ്ങനെ വന്നാൽ ചോർപ്പ് ഉപയോഗിച്ചു കീടനാശിനി മിശ്രിതം തെങ്ങിന്റെ മണ്ടയ്ക്കുള്ളിലേക്കും കവിളുകളിലും ഒഴിച്ചുകൊടുക്കണം. പുഴുക്കൾ തടിയിലുണ്ടാക്കിയ ദ്വാരങ്ങൾ സിമന്റോ ചെളിയോ ഉപയോഗിച്ച് അടച്ചതിനുശേഷം അതിന്റെ അൽപം മുകളിൽനിന്നു താഴേക്ക് തമർ ഉപയോഗിച്ച് ഒരു ദ്വാരം ഉണ്ടാക്കി കീടനാശിനി ലായനി ഒഴിച്ചുകൊടുക്കണം.

കീടത്തിന്റെ എല്ലാ ജീവിതദശകളും തെങ്ങിന്റെയുള്ളിൽത്തന്നെ ആയതിനാൽ ഫലപ്രദമായ ഒരു ജൈവിക നിയന്ത്രണ മാർഗം വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ കീടനിയന്ത്രണത്തിന് രാസ കീടനാശിനിയെത്തന്നെ ആശ്രയിക്കേണ്ടിവരുന്നു.

തെങ്ങിൻതടിയിലും ഓലക്കവിളുകളിലും മുറിവുകൾ ഉണ്ടാകാതെ നോക്കുക. തെങ്ങിൽ ഏതെങ്കിലും തരത്തിൽ മുറിവുകൾ ഉണ്ടായാൽ മുറിവേറ്റഭാഗത്ത് നിർദേശിക്കപ്പെട്ട കീടനാശിനി മിശ്രിതം പുരട്ടുക. തെങ്ങിൻമണ്ട വർഷത്തിലൊരിക്കലെങ്കിലും വൃത്തിയാക്കുക. ഓല വെട്ടുമ്പോൾ തെങ്ങിൻതടിയിൽനിന്ന് ഒരു മീറ്ററെങ്കിലും നീട്ടി വെട്ടുക. ചെല്ലിബാധ വന്നു നശിച്ച തെങ്ങുകൾ വെട്ടി മാറ്റി തീയിട്ടു നശിപ്പിക്കുക. ഇതിൽ ചെല്ലിയും അവയുടെ മറ്റു ദശകളും കാണാം. അവ പെരുകാതെ നശിച്ചുകൊള്ളും. വെട്ടിമാറ്റാൻ കാലതാമസമുള്ളപക്ഷം മണ്ടമറിഞ്ഞ് നശിച്ച ഭാഗത്തുകൂടി 200 മില്ലി മണ്ണെണ്ണ ഒഴിച്ചുകൊടുത്താൽ അതിനകത്തുള്ള ചെല്ലിയെയും പുഴുക്കളെയും നശിപ്പിക്കാം. കാലവർഷാരംഭത്തിലും മഴയ്ക്കുശേഷവും 250 ഗ്രാം പൊടിച്ച വേപ്പിൻപിണ്ണാക്ക്/മരോട്ടിപ്പിണ്ണാക്ക്/പാറ്റഗുളിക (3 എണ്ണം) തുല്യവ്യാപ്തം മണലുമായി ചേർത്ത് നാമ്പോലയ്ക്കു ചുറ്റുമുള്ള 2–3 ഓലക്കാലുകൾക്കിടയിലേക്ക് ഇടുക.

### കൊമ്പൻചെല്ലി

ചാണകത്തിൽ വളരുന്ന പുഴുക്കളിൽ നിന്നാണ് കൊമ്പൻ ചെല്ലികളുണ്ടാകുന്നത്. കൊമ്പൻ ചെല്ലികൾ ചാണകക്കുഴിയിൽ മുട്ടയിടുകയും അവ വിരിഞ്ഞ് ചാണകപ്പുഴുക്കൾ ഉണ്ടാകുകയുമാണ് ചെയ്യുന്നത്. കൊമ്പൻ ചെല്ലി തെങ്ങിന്റെ കൂമ്പ് ഭാഗമാണ് ആദ്യം ആക്രമിക്കുന്നത്. വിടർന്നു വരുന്ന ഓലകളിൽ 'വി' ആകൃതിയിൽ അരിഞ്ഞു മാറ്റിയതുപോലെ കാണുന്നതാണ് ചെല്ലിയുടെ ആക്രമണത്തിന്റെ ലക്ഷണം. കൂടാതെ ഓലമടലുകളിൽ ദ്വാരങ്ങളും കാണാം. വിടരാത്ത ഓലകളും കൂമ്പും തിന്നു നശിപ്പിക്കുകയും തെങ്ങിന്റെ മണ്ടയിലെ മധുരമുള്ള ഭാഗത്ത് തുളച്ചു കയറി അവിടം നശിപ്പിക്കുകയും ചെയ്യും. കൂമ്പ് ചീയലും ഇതിനു പിന്നാലെ ഉണ്ടാകും.



നാമ്പിനു ചുറ്റുമുള്ള രണ്ട് ഓലകൾക്കിടയിലേക്ക് തരിരൂപത്തിലുള്ള കീടനാശിനി പായ്ക്കറ്റുകളോ പാറ്റഗുളികയോ, വേപ്പിൻ പിണ്ണാക്കോ മരോട്ടിപ്പിണ്ണാക്കോ (200 ഗ്രാം തുല്യഅളവ് മണലുമായി ചേർത്തത്) വയ്ക്കേണ്ടതാണ്.



### തെങ്ങോലപ്പുഴു


ഫെബ്രുവരി, മേയ് മാസങ്ങളിൽ തെങ്ങുകളിൽ ഈ പുഴുവിന്റെ ആക്രമണം കൂടുതലായി കാണാറുണ്ട്. അന്തരീക്ഷ ആർദ്രതയിലുള്ള വർധനയ്ക്കനുസരിച്ച് ആക്രമണം രൂക്ഷമാകാനാണ് സാധ്യത. 'ഒപീസിന അരിനോസെല്ല' എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന ഈ കീടത്തിന്റെ പുഴുക്കളുടെ ആക്രമണഫലമായി തെങ്ങോലകൾക്കു തവിട്ടുനിറം ബാധിച്ചു ക്രമേണ ഉണങ്ങും. ഇത്തരം ഓലകൾ വെട്ടിമാറ്റി കത്തിച്ചുകളയുകയോ ജൈവിക കീടനിയന്ത്രണത്തിനായി ബ്രാക്കോൺ ബ്രെവികോണിസ്, ഗോണിയോസിസ് നെഫാന്റിഡിസ് എന്നീ പരാദങ്ങളെ തോട്ടത്തിൽ വിടുകയോ ചെയ്യാവുന്നതാണ്. ഒരു തെങ്ങിന് 10 എണ്ണം എന്ന തോതിൽ നാലു മുതൽ ആറു തവണ വരെ ഇത് തുടർന്നാൽ കീടനാശിനികൾ ഉപയോഗിക്കാതെ തന്നെ ആക്രമണം വരുതിയിലാക്കാം. കാസർകോട് സിപിസിആർഐ, എസ്എഫ്എഫ് കാസർകോട്, പരപ്പനങ്ങാടി പാരസൈറ്റ് ബ്രീഡിങ് സ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്നും പരാദങ്ങൾ സൗജന്യമായി ലഭിക്കും.

### വെള്ളീച്ച

വിദേശത്തുനിന്ന് എത്തിയ ഒരു കീടമാണ് വെള്ളീച്ച. അവ ഓലകളുടെ അടിയിൽ കൂട്ടത്തോടെ പറ്റിപ്പിടിച്ചിരുന്ന് ഓലകളിലെ ഹരിതകം നശിപ്പിക്കുകയാണ് ചെയ്യുക. കൂടാതെ ഓലകളുടെ മുകൾ ഭാഗത്തെ ഓലകൾ ചാരം പൂശിയതു പോലെയാകും. കുറച്ചു ദിവസങ്ങൾക്കുള്ളിൽ എല്ലാ ഓലയിലും കറുത്ത പൂപ്പൽ ബാധിക്കും. രാത്രി പ്രകാശം തട്ടുമ്പോൾ വെട്ടിത്തിളങ്ങും. കറുത്ത പൊടി തൊട്ടെടുക്കാം.

വെള്ളീച്ച ശല്യം കൂടുതലുള്ള തെങ്ങുകളിലെ മച്ചിങ്ങ പൊഴിയുന്നുണ്ട്. തൈത്തെങ്ങുകൾ ശോഷിക്കുകയും ചെയ്യും. ഏതാനും വർഷം മുമ്പാണു വെള്ളീച്ചയെ സംസ്ഥാനത്തു കാണാൻ തുടങ്ങിയത്. ഇറക്കുമതി ചെയ്ത ഫലവൃക്ഷത്തൈകളിൽ നിന്നാവാം ഇതെന്നാണു നിഗമനം. റൂഗോസ് സ്പൈറലിങ് വൈറ്റ് ഫ്ലൈ എന്ന ഈച്ചയാണിത്.

ആദ്യം കണ്ടെത്തിയതു പൊള്ളാച്ചി, പാലക്കാട് തുടങ്ങിയ സ്ഥലങ്ങളിലാണ്. എൻകാർസ്യ എന്ന മിത്രകീടത്തെ ഉപയോഗിച്ച് വെള്ളീച്ചയെ ഇല്ലാതാക്കാൻ കഴിയും. കീടനാശിനി ഉപയോഗിക്കരുതെന്നാണു കൃഷി വിദഗ്ധർ പറയുന്നത്. ഉപയോഗിച്ചാൽ മിത്രകീടങ്ങൾ നശിക്കും.



മഴ കുറഞ്ഞതാണ് വെള്ളീച്ചയുടെയും അവയുണ്ടാക്കുന്ന രോഗം പടരുന്നതിന്റെയും പ്രധാന കാരണം. വിളകൾക്ക് ആവശ്യത്തിനു നന നൽകുന്നത് ഇവയുടെ വ്യാപനത്തെ ചെറുക്കും. കൃഷിയിടങ്ങളിൽ മഞ്ഞക്കെണികൾ സ്ഥാപിക്കാം. മഞ്ഞ പെയിന്റ് അടിച്ച ബോർഡിൽ വേപ്പെണ്ണ പുരട്ടി കെണി നിർമിക്കാം. നിറത്തിൽ ആകൃഷ്ടരാകുന്ന കീടങ്ങൾ ബോർഡിൽ പറ്റിപ്പിടിച്ചു നശിക്കും. തെങ്ങിന്റെ ചുവട്ടിലെ തടത്തിൽ ജൈവവസ്തുക്കൾ കൂട്ടിയിട്ടു പുകയിടുന്നതും ഫലപ്രദമാണ്.വേപ്പെണ്ണ ലായനിയോ വേപ്പ് അധിഷ്ഠിത കീടനാശിനികളോ തളിക്കുന്നതും ഗുണംചെയ്യും. ആക്രമണം രൂക്ഷമായ ഇലകൾ വെട്ടിയിട്ടു തീയിട്ടു നശിപ്പിക്കണം. വെർട്ടിസീലിയം ലിക്കാനി എന്ന കുമിൾ കീടനാശിനിയും ഫലപ്രദമാണ്.

ഉപകാരസ്മരണ

ഡിനോ ബേബി– ചെമ്പനോട

ഉപകാരസ്മരണ

ഡെനില ബേബി– ചെമ്പനോട

# വിശ്വാസത്തിന്റെ നിറവിൽ ജ്വലിച്ച താരകം




## അനുസ്മരണം

മാർ റെമീജിയോസ്
ഇഞ്ചനാനിയിൽ

താമരശ്ശേരി രൂപതയുടെ ചരിത്രത്തിൽ ഏറെ ആദരവോടെയും അഭിമാനത്തോടെയും എന്നും ഓർമ്മിക്കപ്പെടേണ്ട വ്യക്തിയാണ് ചക്കാലയിൽ സി. എം. ജോസഫ്. താമരശ്ശേരി രൂപതയിലെ വിവിധ സ്കൂളുകളിൽ അധ്യാപകനായും, പ്രിൻസിപ്പലായും, രണ്ട് തവണ രൂപതയുടെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായും, കണ്ണോത്ത് ഇടവകയിൽ ദീർഘകാലം മതാധ്യാപകനായും, അധ്യാപനരംഗത്ത് നിന്ന് വിരമിച്ച ശേഷം രൂപതാ കോർപ്പറേറ്റ് എഡ്യുക്കേഷനൽ ഏജൻസിയിൽ ഓഫീസ് സ്റ്റാഫ് എന്ന നിലയിലുമൊക്കെ അദ്ദേഹം ചെയ്ത സ്തുത്യർഹമായ സേവനങ്ങളെ രൂപതയ്ക്ക് വേണ്ടി ഏറെ നന്ദിയോടെ ഓർക്കുന്നു. കടന്നുപോയ വഴികളിലൊക്കെ അറിയാതെ തന്നെ ജോസഫ് സാർ തന്റെ വ്യക്തിമുദ്ര അവശേഷിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്ത് പ്രാർത്ഥിക്കുകയും, അന്തിമോപചാരങ്ങളർപ്പിക്കുകയും ചെയ്തവരുടെ വലിയ നിര ആ വ്യക്തിത്വത്തിന്റെ മായാത്ത മുദ്ര അനേകരിൽ പതിഞ്ഞതിന്റെ വ്യക്തമായ സാക്ഷ്യമായി നിൽക്കുന്നു. അവരുടെയെല്ലാം മനസ്സിൽ അണയാത്ത വിളക്കായി അദ്ദേഹം എക്കാലവും ജ്വലിച്ച് നിൽക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്.

ജോസഫ് സാർ തന്റെ കർമ്മമേഖലകളിലെല്ലാം വളരെയേറെ തീക്ഷ്ണതയോടെ പ്രവർത്തിച്ചതിന്റെ വ്യത്യസ്തങ്ങളായ അനുഭവങ്ങൾ നേരിട്ടറിഞ്ഞതും പറഞ്ഞ് കേട്ടതുമായ സാക്ഷ്യങ്ങൾ എനിക്കുമുമ്പിലുണ്ട്. അധ്യാപകനെന്ന നിലയിൽ അദ്ദേഹത്തിന്റെ അർപ്പണമനോഭാവവും, വിദ്യാർത്ഥികളോടുണ്ടായിരുന്ന കരുതലും, വിദ്യാലയങ്ങളുടെയും നാടിന്റെയും വളർച്ചയ്ക്കും ഉന്നമനത്തിനും വേണ്ടി അദ്ദേഹം ഏറ്റെടുക്കാൻ തയ്യാറായ വെല്ലുവിളി നിറഞ്ഞ വഴികളുമൊക്കെ ജോസഫ് സാറിനെ വിദ്യാർത്ഥികൾക്കും സഹപ്രവർത്തകർക്കും പ്രിയപ്പെട്ടവനാക്കി മാറ്റി. വിമർശനങ്ങളെ തെല്ലും ഭയപ്പെടാതെ, താൻ മുറുകെപ്പിടിക്കുന്ന, ശരിയെന്ന് ഉറപ്പുള്ള മൂല്യങ്ങൾക്ക് വേണ്ടി നിലകൊള്ളാനുള്ള ധൈര്യം അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ വലിയ സവിശേഷതയായിരുന്നു. കോടഞ്ചേരി സ്കൂളിൽ ഇംഗ്ലീഷ് മീഡിയമെന്ന ആശയത്തെ ആദ്യമായി അവതരിപ്പിച്ചപ്പോൾ നേരിട്ട വിമർശനങ്ങളിൽ തളർന്ന് പോകാതെ തന്റെ സഹപ്രവർത്തകർക്കും, വിദ്യാർത്ഥികൾക്കും ധൈര്യം പകർന്നും പ്രചോദനമേകിയും ജോസഫ് സാർ മുമ്പോട്ട് നീങ്ങി. മലയാളം മീഡിയമെന്ന ഒരു വലിയ പാരമ്പര്യത്തോട് ഇംഗ്ലീഷ് മീഡിയമെന്ന പുതിയൊരു ആശയത്തെ ചേർത്ത് വയ്ക്കാൻ അന്ന് അദ്ദേഹം കാണിച്ച ധൈര്യത്തിന്റെ ഫലം നൂറു മേനിയായി വിളവെടുക്കുന്നത് കാണാൻ അദ്ദേഹത്തിന് കഴിഞ്ഞത് ആ കർമ്മധീരതയുടെ അനേകം സാക്ഷ്യങ്ങളിൽ ഒന്നു മാത്രം.

ഒരു അധ്യാപകന്റെ വിജയം അദ്ദേഹം എത്ര വിദ്യാർത്ഥികളെ പഠിപ്പിച്ചു എന്നതല്ല, എത്ര പേരുടെ മനസ്സിൽ ആഴത്തിലുള്ള അടയാളങ്ങൾ പതിപ്പിക്കാൻ കഴിഞ്ഞു എന്നതാണ്. ചില അധ്യാപകരെ എത്രകാലം കഴിഞ്ഞാലും നാം ഓർത്തിരിക്കുന്നത് ബ്ലാക്ക്ബോർഡിൽ ചോക്കു കൊണ്ട് അവരെഴുതിയ അക്ഷരങ്ങളുടെയും അക്കങ്ങളുടെയും തെളിച്ചം കൊണ്ടല്ല; നമ്മുടെ ഹൃദയങ്ങളിൽ അവരെഴുതിച്ചേർക്കുന്ന ചില നല്ല പാഠങ്ങളുടെ പ്രകാശത്തിലാണ്. അധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള ബന്ധം ഗുരുശിഷ്യബന്ധമെന്നതിലുപരി മക്കളോടെന്നത് പോലെയാകുമ്പോഴാണ് അത് വിദ്യാർത്ഥികളെ ആഴത്തിൽ സ്പർശിക്കുന്നതെന്ന് ജോസഫ് സാറും അദ്ദേഹത്തിന്റെ ശിഷ്യസമൂഹവും തമ്മിലുണ്ടായിരുന്ന ബന്ധത്തിൽ നിന്ന് വ്യക്തമാണ്. അദ്ദേഹത്തിന്റെ മരണസമയത്ത് ജിയോ ജോയ് എന്ന പൂർവവിദ്യാർത്ഥി തന്റെ ഓർമ്മയിൽ സാറിനെക്കുറിച്ചുള്ള അനുഭവങ്ങൾ പങ്കുവച്ചത് സമൂഹമാധ്യമങ്ങളിൽ നിന്ന് വായിച്ചത് ഇപ്രകാരമാണ്: ഒരിക്കൽ ഒരു വേദിയിൽ വെച്ച് കിട്ടിയ സമ്മാനങ്ങൾ വേദിക്കു പിന്നിൽ വെച്ച് ആരോ പിടിച്ച് വാങ്ങി വെച്ചപ്പോൾ വിഷമം കൊണ്ടും, അതിലേറെ അമ്പരപ്പ് കൊണ്ടും പകച്ചു നിന്ന ജിയോയെ ജോസഫ് സാർ ചേർത്ത് നിർത്തി ആശ്വസിപ്പിച്ച് സ്വന്തം ചിലവിൽ വേറെ സമ്മാനങ്ങൾ വാങ്ങി നൽകിയപ്പോൾ ഗുരുഭാവം ഈശ്വര ഭാവമായി പരിണമിക്കുകയായിരുന്നു.



സി. എം. ജോസഫ്
ചക്കാലയിൽ

മാതൃകാപരമായി ജീവിച്ച് അനേകരിൽ അറിവിന്റെ അക്ഷരവെളിച്ചം പകർന്നു കൊടുത്ത അധ്യാപകനായിരുന്നു അദ്ദേഹം. ആ അധ്യാപനമികവിനുള്ള അംഗീകാരമായിട്ടാണ് താമരശ്ശേരി രൂപതയുടെ കോർപ്പറേറ്റ് എഡ്യുക്കേഷനൽ ഏജൻസിക്ക് കീഴിലുള്ള സ്കൂളുകളിലെ മികച്ച അധ്യാപകന് നൽകുന്ന അവാർഡ് ഒരു തവണ സാറിന് ലഭിച്ചത്.

തന്റെ അധ്യാപനമികവിനെ സഭയ്ക്കും ദൈവജനത്തിനും ആത്മീയവളർച്ചയ്ക്ക് കാരണമാകത്തക്കവിധം വിശ്വാസപരിശീലന രംഗത്ത് പ്രയോജനപ്പെടുത്തണമെന്ന് ജോസഫ് സാറിന് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ട് തന്നെ കണ്ണോത്ത് ഇടവകയിൽ 37 വർഷക്കാലം മതബോധന അധ്യാപകനായി അദ്ദേഹം ശുശ്രൂഷ ചെയ്യുകയും അനേകം വിദ്യാർത്ഥികൾക്ക് വിശ്വാസത്തിന്റെ ദീപനാളം പകർന്നു കൊടുക്കുകയും ചെയ്തു. ഒരു ഞായറാഴ്ച പോലും മതബോധനക്ലാസുകൾക്ക് മുടക്കം വരുത്തുകയില്ല എന്ന നിർബന്ധബുദ്ധി വിശ്വാസപരിശീലനത്തിന് അദ്ദേഹം നൽകിയിരുന്ന പ്രാധാന്യത്തെയും അതിനായി അദ്ദേഹം ഏറ്റെടുക്കേണ്ടി വന്ന ത്യാഗങ്ങളെയും വ്യക്തമാക്കുന്നു. 'ഗോതമ്പുമണി നിലത്ത് വീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും' (യോഹ 12:24) എന്ന തിരുവചനം തന്റെ ജീവിതം കൊണ്ട് അദ്ദേഹം അന്വർത്ഥമാക്കി.

ദൈവവിശ്വാസത്തിന്റെ നിറവിൽ ജീവിതം നയിച്ച സമുദായബോധമുള്ള വ്യക്തിയായിരുന്നു ജോസഫ് സാർ. തന്റെ മാതൃസഭയോടും രൂപതയോടുമുള്ള സ്നേഹവും വിശ്വസ്തതയും കഴിയും വിധത്തിലെല്ലാം പ്രകടമാക്കാൻ അദ്ദേഹം സദാ ഉത്സുകനായിരുന്നു. അങ്ങനെയാണ് ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ച ശേഷവും താമരശ്ശേരി രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായി രണ്ട് തവണ ശുശ്രൂഷ ചെയ്യാൻ അദ്ദേഹം മുമ്പോട്ട് വന്നത്.

ഒരിക്കൽ കോർപ്പറേറ്റിനു കീഴിലുള്ള ഒരു സ്കൂളിൽ ജോലി ചെയ്തിരുന്ന ഒരു അധ്യാപകൻ ഗുരുതരമായ ഒരു ആരോപണത്തിൽ പെട്ട് അന്വേഷണ വിധേയമായി താൽക്കാലികമായി സേവനത്തിൽ നിന്ന് മാറ്റി നിർത്തപ്പെട്ടു. അന്വേഷണം പൂർത്തിയായപ്പോൾ കുറ്റക്കാരനാണെന്ന് വ്യക്തമായി. ഗുരുതരമായ കുറ്റമായിരുന്നതിനാൽ ജോലിയിൽ നിന്ന് പിരിച്ച് വിടുക മാത്രമേ പരിഹാരമായി അവശേഷിച്ചിരുന്നുള്ളൂ. കോർപ്പറേറ്റ് ഓഫീസിൽ നിന്നാണ് അതിനുള്ള ഔദ്യോഗിക രേഖ പുറപ്പെടുവിക്കേണ്ടത്. ഇത്തരത്തിലുള്ള കത്തുകളും രേഖകളുമെല്ലാം തയ്യാറാക്കേണ്ട ചുമതല ജോസഫ് സാറിന്റേതായിരുന്നു. വെള്ള പേപ്പറിൽ വളരെ മനോഹരമായ കൈപ്പടയിൽ അദ്ദേഹം തയ്യാറാക്കുന്ന രേഖകൾ എപ്പോഴും കുറ്റമറ്റതായിരുന്നു താനും. ഈ അധ്യാപകനെ ജോലിയിൽ നിന്ന് പിരിച്ചു വിടാനുള്ള കത്ത് തയ്യാറാക്കാൻ കോർപ്പറേറ്റ് മാനേജരച്ചൻ രാവിലെ തന്നെ ജോസഫ് സാറിനോട് പറയുന്നത് ഞാൻ കേട്ടു. ഏറെ നേരം കഴിഞ്ഞ് ചെന്നപ്പോഴും അദ്ദേഹം തന്റെ കസേരയിൽ ചാരി, മേശപ്പുറത്ത് ഇരിക്കുന്ന കടലാസിലേക്ക് നോക്കി ഇരിക്കുന്നതാണ് കണ്ടത്. കൈയിലിരുന്ന പേനയുടെ അടപ്പ് തുറന്ന് പിടിച്ചിട്ടുണ്ടെങ്കിലും കടലാസിൽ ഒരക്ഷരം പോലും എഴുതിയിരുന്നില്ല. "എന്തു പറ്റി, സുഖമില്ലേ?" എന്ന് ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ മറുപടി എന്റെ ഹൃദയത്തെ സ്പർശിക്കുന്നതായിരുന്നു. "ഒരാൾക്ക് സസ്പെൻഷൻ കൊടുക്കുമ്പോൾ മടങ്ങി വരാനുള്ള അവസരം അവശേഷിക്കുന്നുണ്ട്. പക്ഷേ ജോലിയിൽ നിന്ന് പിരിച്ചു വിടുമ്പോൾ അങ്ങനെയല്ല. അയാളുടെയും, ഒരു പക്ഷേ കുടുംബത്തിന്റെയും മുമ്പോട്ടുള്ള ജീവിതംതന്നെ അവിടെ നിശ്ചലമാകുന്നു. കുറ്റം ചെയ്തുവെന്നത് ശരിതന്നെ, പക്ഷേ സ്വയംതിരുത്തി മടങ്ങിവരാനുള്ള അവസരം നിഷേധിക്കപ്പെടുകയല്ലേ. അതുകൊണ്ട് ഒരാളെ പിരിച്ച്വിടാനുള്ള കത്ത് തയ്യാറാക്കുമ്പോൾ അയാളുടെ സ്ഥാനത്ത് ഞാൻ എന്നെത്തന്നെ ഒന്ന് ഓർത്ത് നോക്കും; അയാളുടെ കുടുംബത്തിന്റെ സ്ഥാനത്ത് എന്റെ കുടുംബത്തെയും. അപ്പോൾ മനസ്സ് അറിയാതെ ശൂന്യമായി പോകും, ഒന്നും എഴുതാൻ കഴിയില്ല." തന്റെ സഹപ്രവർത്തകനോടും കുടുംബത്തോടുമൊക്കെയുള്ള അദ്ദേഹത്തിന്റെ സഹാനുഭൂതിയും, കരുതലുമൊക്കെ അത്രയേറെ ആഴത്തിലുള്ളതായിരുന്നുവെന്ന് ഈ സംഭവത്തിൽ നിന്ന് എനിക്ക് വ്യക്തമായി.

ദൈവസ്നേഹത്തിലും, സമുദായസ്നേഹത്തിലും നിറഞ്ഞ് അനേകരിലേക്ക് അനുഗ്രഹമായി കടന്നു ചെന്ന ജോസഫ് സാറിന്റെ ജീവിതം ഒത്തിരിയേറെപ്പേർക്ക് പ്രചോദനമായി നിൽക്കുമെന്നതിൽ സംശയമില്ല. താമരശ്ശേരി രൂപതയ്ക്കും ദൈവജനത്തിനും വേണ്ടി അദ്ദേഹം ചെയ്ത എല്ലാ സേവനങ്ങളെയും നന്ദിയോടെ ഓർക്കുകയും അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പാവന സ്മരണയ്ക്ക്



സേവ്യർ ജോസഫ്
കാഞ്ഞിരത്തിങ്കൽ
ജനനം: 23-08-1954, മരണം: 30-12-2018



ജോസഫ് പി. ജെ. & അന്നമ്മ ജോസഫ്
കാഞ്ഞിരത്തിങ്കൽ
ജനനം: 14-05-1916, മരണം: 02-08-2019
ജനനം: 09-10-1920, മരണം: 27-11-2012



കെ.ജെ. ജോസഫ്
കാഞ്ഞിരത്തിങ്കൽ
ജനനം: 22-08-1946, മരണം: 23-05-2021

പ്രാർത്ഥനയോടെ, കാഞ്ഞിരത്തിങ്കൽ ഫാമിലി, മരുതോങ്കര

# വിശുദ്ധ ദേവസഹായം പിള്ള: വിശ്വാസത്തിന്റെ തീക്കനൽ



രക്തസാക്ഷിത്വത്തിന്റെ 270–ാം വാർഷികത്തിൽ ദേവസഹായം പിള്ള വിശുദ്ധ പദവിയിൽ. ഇന്ത്യയിൽ നിന്ന് വിശുദ്ധ പദവിയിലെത്തുന്ന ആദ്യത്തെ അൽമായനാണ് ദേവസഹായം പിള്ള. വിശുദ്ധ പ്രഖ്യാപന ദിവസം അഖിലേന്ത്യ മെത്രാൻ സമിതിയുടെ ആഹ്വാനപ്രകാരം ആഹ്ളാദ സൂചകമായി ഭാരതത്തിലെ മുഴുവൻ ദേവാലയങ്ങളിലും ഉച്ചകഴിഞ്ഞ് 2.30ന് ദേവാലയ മണികൾ മുഴങ്ങി.

വിശുദ്ധപദവിയിലേക്ക് ഉയർത്തിയതിന്റെ ദേശീയതല ആഘോഷം ജൂൺ അഞ്ചിന് വിശുദ്ധ ദേവസഹായത്തിന്റെ ഭൗതികശരീരം അടക്കം ചെയ്തിരിക്കുന്ന കോട്ടാർ സെന്റ് ഫ്രാൻസിസ് സേവ്യർ ദേവാലയത്തിൽ നടക്കും.

1712 മുതൽ 1752 വരെയുള്ള കാലഘട്ടത്തിലാണ് ദേവസഹായം പിള്ള ജീവിച്ചിരുന്നത്. തെക്കൻ തിരുവിതാംകൂറിൽ പദ്മനാഭപുരത്തിനടുത്ത് നട്ടാലം പ്രദേശത്തെ മരുതക്കുളങ്ങരം എന്ന തറവാട്ടിൽ വാസുദേവൻ നമ്പൂതിരിയുടേയും ദേവകിയമ്മയുടേയും മകനായി ജനിച്ച നീലകണ്ഠ പിള്ളമാമ്മോദീസ സ്വീകരിച്ച് ദേവസഹായം പിള്ളയായി.

ചെറുപ്പത്തിൽത്തന്നെ സംസ്കൃതം, മലയാളം, തമിഴ് ഭാഷകളിലും തർക്കം, വേദാന്തം, വ്യാകരണം, പുരാണ പാരായണം, ആയുധാഭ്യാസം എന്നിവയിലും പ്രാവീണ്യം നേടിയ അദ്ദേഹം മാർത്താണ്ഡവർമ്മയുടെ കാര്യവിചാരകനായി പ്രവർത്തിച്ചു. അതിനിടയിൽ ജ്ഞാനപ്പൂവമ്മയെ വിവാഹം ചെയ്തു. കുളച്ചൽ യുദ്ധത്തിൽ തടവുകാരനായി പിടിക്കപ്പെട്ടു, പിന്നീട് മാർത്താണ്ഡ വർമ്മയുടെ തിരുവിതാംകൂർ സൈന്യാധിപനായി മാറിയ ഡച്ച് ക്യാപ്റ്റൻ ഡിലനായിയുമായുള്ള സൗഹൃദമാണ് നീലകണ്ഠൻ പിള്ളയെ ക്രിസ്തുമതത്തിലേക്ക് ആകർഷിച്ചത്. ക്രിസ്തുവിന്റെ ജീവിതത്തിലും ബൈബിൾ വചനങ്ങളിലും ആകൃഷ്ടനായ അദ്ദേഹം തിരുനൽവേലി വടക്കൻകുളം പള്ളിയിൽ മിഷനറിയായിരുന്ന ജെ. പി. പട്ടാരി എന്ന ഈശോസഭ വൈദികനിൽ നിന്ന് 1745 മെയ് 17നാണ് ജ്ഞാനസ്നാനം സ്വീകരിച്ചത്.

മതം മാറിയതിന്റെ പേരിൽ അദ്ദേഹത്തിന് നിരവധി പീഡനങ്ങൾ ഏൽക്കേണ്ടിവന്നു. 1757 ജനവരി 14ന് ആരുവാമൊഴിക്കടുത്ത് കാറ്റാടിമലയിൽ വെച്ച് അദ്ദേഹത്തെ വെടിവെച്ചുകൊന്നു. അദ്ദേഹം കൊല്ലപ്പെട്ടതായി കരുതുന്ന ജനുവരി 14 നാണ് ദേവസഹായം പിള്ളയുടെ തിരുനാളായി സഭ ആചരിക്കുന്നത്

2012 ഡിസംബർ 2–ന് അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചിരുന്നു. അദ്ദേഹത്തിന്റെ ജീവിതവുമായി ബന്ധമുള്ള സ്ഥലങ്ങൾ കന്യാകുമാരി ജില്ലയിലെ കോട്ടാർ രൂപതയിലാണ്. കമുകിൻതോട് കൊച്ചുപള്ളിയുടെ ഉത്ഭവം ദേവസഹായം പിള്ള വഴിയാണെന്നാണ് വിശ്വാസം. നാഗർകോവിലിലെ സെന്റ് ഫ്രാൻസിസ് സേവ്യർ കത്തീഡ്രലിലാണ് ദേവസഹായം പിള്ളയുടെ ശവകുടീരമുള്ളത്.

ദേവസഹായം പിള്ളയുടെ രക്തസാക്ഷിത്വത്തിനും നാമകരണത്തിനും പ്രധാന തെളിവായി റോമിലെ തിരുസംഘം സ്വീകരിച്ചിരിക്കുന്നത് ബനഡിക്ട് പതിനാലാമൻ മാർപ്പാപ്പയ്ക്ക് കൊച്ചി രൂപതയിലെ അന്നത്തെ ബിഷപ്പ് മാർ ക്ലമന്റ് ജോസഫ് എഴുതിയ കത്തിലെ വിവരങ്ങളാണ്.

## സിസ്റ്റർ റാണി മരിയയുടെ ജീവിതം ബോളിവുഡിൽ സിനിമയാകുന്നു

ഫാ. ജോസഫ് കളത്തിൽ



ക്രിസ്തുവിശ്വാസത്തെ പ്രതി രക്തസാക്ഷിത്വം വരിച്ച സിസ്റ്റർ റാണി മരിയയുടെ ജീവിതം ബോളിവുഡിൽ സിനിമയാകുന്നു.

"The Face of the Faceless"(മുഖമില്ലാത്തവരുടെ മുഖം) എന്നാണ് സിനിമയുടെ പേര്. ഹിന്ദിക്ക് പുറമേ മലയാളം, സ്പനിഷ് ഭാഷകളിലും സിനിമ റിലീസ് ചെയ്യും. മുബൈ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പ്രമുഖ ഡോക്യുമെന്ററി സംവിധായകനും മലയാളിയുമായ ഡോ. ഷൈസൺ ഔസേപ്പ് ആണ് സിനിമ സംവിധാനം ചെയ്യുന്നത്. മലയാളി സിനിമാതാരമായ വിൻസി അലോഷ്യസാണ് ചിത്രത്തിൽ സിസ്റ്റർ റാണി മരിയയായി വേഷമിടുന്നത്.

മധ്യപ്രദേശിൽ 21–ാം വയസിൽ എത്തുകയും ജാതിമതഭേദമെന്യേ അവിടെയുള്ള പീഡിതജനതയ്ക്കുവേണ്ടി സ്വജീവിതം ഉഴിഞ്ഞു വയ്ക്കുകയും ചെയ്ത മലയാളി കന്യാസ്ത്രീയാണ് എഫ് സി സി സന്യാസിസമൂഹാംഗം ആയ സി. റാണി മരിയ 41–ാം വയസിൽ രക്തസാക്ഷിത്വം വരിക്കേണ്ടി വന്ന സിസ്റ്ററിന്റെ ത്യാഗോജ്ജ്വലമായ ജീവിതമാണ് ഈ സിനിമയിൽ അനാവവരണം ചെയ്യപ്പെടുന്നത്. 1995 ഫെബ്രു 25നാണ് ഇൻഡോറിലുള്ള യാത്രാമദ്ധ്യേ ഒരു ബസിൽ വച്ച് സിസ്റ്റർ റാണി മരിയ കൊല്ലപ്പെടുന്നത്. സമന്ദർസിംഗ് എന്ന അക്രമി 40ലേറെ തവണ കത്തികൊണ്ട് സിസ്റ്ററിനെ കുത്തിക്കൊലപ്പെടുത്തുകയായിരുന്നു. ദരിദ്രരുടെ ഇടയിൽ സിസ്റ്റർ റാണി മരിയ നടത്തിയ പ്രവർത്തനങ്ങളിൽ രോഷാകുലരായ ജന്മിമാർ സിസ്റ്ററിനെ കൊലപ്പെടുത്താൻ സമന്ദർസിംഗിനെ നിയോഗിക്കുകയായിരുന്നു. പിന്നീട് ജയിൽ ശിക്ഷ അനുഭവിക്കവേ സിസ്റ്റർ റാണി മരിയയുടെ സഹോദരിയായ സിസ്റ്റർ സെൽമി ജയിലിലെത്തി സമന്ദർസിംഗിനു മാപ്പുനൽകുകയാണുണ്ടായത്. തുടർന്ന് മാനസാന്തരപ്പെട്ട സമന്ദർസിംഗ് സിസ്റ്റർ റാണി മരിയയുടെ മാതാപിതാക്കളെ കാണാൻ 2003 ൽ സിസ്റ്ററിന്റെ ജന്മനാടായ എറണാകുളത്തെ പുല്ലുവഴിയിലെത്തുകയും ചെയ്തു.



വിൻസി അലോഷ്യസ്

2017 നവമ്പർ നാലിന് സിസ്റ്റർ റാണിമരിയയെ രക്തസാക്ഷിയായ വാഴ്ത്തപ്പെട്ട പദവിയിലേക്ക് ഫ്രാൻസിസ് മാർപാപ്പ ഉയർത്തി.

## ഉക്രൈനിൽ നടക്കുന്നത് ആയുധങ്ങളുടെ പരീക്ഷണം: മാർപാപ്പ

ഉക്രെയ്നിൽ ഇപ്പോൾ നടക്കുന്നത് ആയുധങ്ങളുടെ പരീക്ഷണമാണെന്ന് ഫ്രാൻസിസ് മാർപാപ്പ. കാൽമുട്ടുവേദനയാൽ ക്ലേശം അനുഭവിക്കുകയാണങ്കിലും ഉക്രൈനിൽ സമാധാനം പിനഃസ്ഥാപിക്കാൻ റഷ്യൻ തലസ്ഥാനമായ മോസ്ക്കോയിലെത്തി പ്രസിഡന്റ് വ്ളാഡിമർ പുടിനുമായി കൂടിക്കാഴ്ച്ച നടത്താനുള്ള സന്നദ്ധത മാർപാപ്പ അറിയിച്ചു.

യുദ്ധം ആരംഭിച്ച സാഹചര്യത്തിൽ തന്നെ പ്രശ്നപരിഹാരത്തിന് മധ്യസ്ഥതവഹിക്കാനുള്ള സന്നദ്ധത വത്തിക്കാൻ അറിയിച്ചിരുന്നു. ആഗോള പ്രാർത്ഥനാദിനം പ്രഖ്യാപിച്ചും ഉക്രൈനിലേക്ക് പ്രതിനിധികളെ അയച്ചുമെല്ലാമാണ് യുക്രൈൻ ജനതയോട് മാർപാപ്പ ഐക്യദാർഢ്യം പ്രഖ്യാപിച്ചത്. യുദ്ധം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് പ്രോട്ടോക്കോൾ പരിഗണിക്കാതെ തന്നെ മാർപാപ്പ നേരിട്ട് ഇറ്റലിയിലെ റഷ്യൻ എംബസിയിലെത്തിയിരുന്നു. ഇപ്രകാരം തുടരുന്ന മധ്യസ്ഥശ്രമങ്ങളിൽ ഏറ്റവും പുതിയ നീക്കമാണ് പുടിനുമായുള്ള കൂടിക്കാഴ്ച്ചയ്ക്കുള്ള ശ്രമം.

# വൈദികരും കുമ്പസാരിപ്പിക്കാനുള്ള അനുവാദവും



ചോദ്യം ഉത്തരം
റവ. ഡോ. ഏബ്രഹാം കാവിൽപുരയിടത്തിൽ

?എല്ലാ വൈദികർക്കും എവിടെയും കുമ്പസാരിപ്പിക്കുന്നതിനുള്ള അനുവാദമുണ്ടോ? സ്വന്തം രൂപതയ്ക്കു പുറത്തുള്ളൊരു ദേവാലയത്തിൽ കുമ്പസാരിപ്പിക്കണമെങ്കിൽ പ്രത്യേക അനുവാദം ആവശ്യമുണ്ടോ?

● മാർട്ടിൻ ചാലക്കുടി

ഒരു വിശ്വാസിയുടെ അനുദിനവിശ്വാസജീവിതവുമായി വളരെ ബന്ധപ്പെട്ടു നിൽക്കുന്ന ഒരു ചോദ്യമാണ് ഇവിടെ ഉന്നയിക്കപ്പെട്ടിരിക്കുന്നത്. സാധാരണ ഗതിയിൽ നമ്മൾ കണ്ടിട്ടുള്ളത് വൈദികർ എവിടെയും കുമ്പസാരിപ്പിക്കുന്നതാണ്; സഭകളുടെ വ്യത്യാസമോ രൂപതയുടെ വ്യത്യാസമോ കൂടാതെ വൈദികർ ഈ കൂദാശ വിശ്വാസികൾക്കു വേണ്ടി പരികർമ്മം ചെയ്യുന്ന സാഹചര്യം. ഏതു ദേവാലയത്തിൽ ചെന്നാലും കുമ്പസാരക്കൂട്ടിൽ വൈദികനുണ്ടെങ്കിൽ സ്വതന്ത്രമായി കടന്നു ചെന്ന് കുമ്പസാരിക്കാനുള്ള സാഹചര്യവും സ്വാതന്ത്ര്യവും വിശ്വാസികൾക്കുണ്ട്. അതേ സമയം, എല്ലാ വൈദികർക്കും കുമ്പസാരമെന്ന കൂദാശ എവിടെയും പരികർമ്മം ചെയ്യാമോ എന്ന ചോദ്യം വൈദികരുടെ ശുശ്രൂഷയുമായി ബന്ധപ്പെട്ടതാണ്. ഈ ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന വിവിധ വശങ്ങൾ നമുക്ക് പരിശോധിക്കാം.

കുമ്പസാരം അഥവാ അനുരഞ്ജന കൂദാശയുടെ കാർമ്മികൻ വൈദികൻ മാത്രമാണ് എന്ന് സഭാനിയമം പറയുന്നു (CCEO c 722 § 1; CIC c 956). എന്നുവച്ചാൽ വൈദികപട്ടം സ്വീകരിച്ചവർക്കു മാത്രമേ ഈ കൂദാശ പരികർമ്മം ചെയ്യാൻ സാധിക്കുകയുള്ളു. ഡീക്കന്മാർക്കും സിസ്റ്റർമാർക്കും അത്യാവശ്യഘട്ടങ്ങളിൽ കുമ്പസാരിപ്പിക്കാൻ സാധിക്കുമോ എന്നുള്ള ചോദ്യത്തിനുള്ള ഉത്തരം കൂടിയാണിത്.

വൈദികനായതുകൊണ്ടു മാത്രം കുമ്പസാരിപ്പിക്കാൻ അനുവാദമുണ്ടോ എന്നതാണ് അടുത്ത ചോദ്യം. ഇല്ല എന്നതാണ് ഉത്തരം. പൗരസ്ത്യ സഭാ നിയമം ഇപ്രകാരം പറയുന്നു: "സാധുവായി പ്രവർത്തിക്കുന്നതിന് (കുമ്പസാരം കേൾക്കുന്നതിന്) വൈദികർക്ക് അനുരഞ്ജന കൂദാശ പരികർമ്മം ചെയ്യുന്നതിനുള്ള അധികാരം മുൻകൂട്ടിയുണ്ടാകണം. നിയമത്താൽ തന്നെയോ, തക്ക അധികാരി നൽകുന്ന പ്രത്യേക അനുവാദത്താലോ ആണ് ഈ അധികാരം നൽകപ്പെടുന്നത്" (CCEO c. 722 § 3). ലത്തീൻ സഭാ നിയമവും ഇക്കാര്യം തന്നെ നിഷ്കർഷിക്കുന്നു (CIC c 966). നിയമാനുസൃതം വൈദികപട്ടം സ്വീകരിച്ച ഒരു വ്യക്തിക്ക് സാധുവായി കുമ്പസാരമെന്ന കൂദാശ പരികർമ്മം ചെയ്യണമെങ്കിൽ അതിനുള്ള അധികാരം (Faculty) നിയമാനുസൃത അധികാരി നൽകേണ്ടതുണ്ട്.

എപ്രകാരമാണ് കുമ്പസാരിപ്പിക്കാനുള്ള അധികാരം (Faculty) ഒരു വൈദികനു നൽകുന്നത്? അതിന് വ്യത്യസ്ത രീതികൾ നിലവിലുണ്ട്. ചില രൂപതകളിൽ ഒരു വ്യക്തിക്കു തിരുപ്പട്ടം കൊടുത്തതിനുശേഷം കാർമ്മികനായ രൂപതാധ്യക്ഷൻ നവവൈദികന് കുമ്പസാരിപ്പിക്കുന്നതിനുള്ള അനുവാദം വാക്കാൽ നൽകുന്നു. ആ അനുവാദമാണ് കുമ്പസാരിപ്പിക്കാനുള്ള അധികാരമായി കണക്കാക്കുന്നത്. രൂപതാധ്യക്ഷനല്ല മറ്റൊരു മെത്രാനാണ് പട്ടം നൽകുന്നതെങ്കിൽ തിരുപ്പട്ട സ്വീകരണത്തിനു ശേഷം രൂപതാധ്യക്ഷനെക്കണ്ട് നവവൈദികൻ ഈ അനുവാദം വാങ്ങിക്കുന്നു. ഇങ്ങനെ വാക്കാൽ നൽകുന്ന അനുവാദം രൂപതാധ്യക്ഷൻ തക്കതായ കാരണങ്ങളാൽ രേഖാമൂലം പിൻവലിക്കുന്നതുവരെ നിലനിൽക്കുന്നു.

മറ്റു ചില രൂപതകളിൽ രൂപതാധ്യക്ഷൻ നവവൈദികർക്ക് തിരുപ്പട്ടത്തിനു ശേഷം കുമ്പസാരം കേൾക്കുന്നതിനുള്ള അനുവാദം എഴുതി നൽകുന്നു. ഇങ്ങനെ നൽകപ്പെടുന്ന അനുവാദം, രൂപതാധ്യക്ഷൻ നിശ്ചയിച്ചിരിക്കുന്നതുപോലെ നിശ്ചിത സമയം (ഒരു വർഷം/മൂന്ന് വർഷം) പൂർത്തിയാകുമ്പോൾ പുതുക്കേണ്ടതാണ്. സന്യാസ വൈദികർക്ക് കുമ്പസാരിപ്പിക്കാനുള്ള അനുവാദം നൽകുന്നത് അവർ താമസിക്കുന്നതോ ശുശ്രൂഷ ചെയ്യുന്നതോ ആയ രൂപതകളിലെ മേലധ്യക്ഷന്മാരാണ്. അതേ സമയം സമർപ്പിത വൈദികരുടെ ഭവനങ്ങളിൽ താമസിക്കുന്ന സമർപ്പിതരുടെയും മറ്റുള്ളവരുടെയും കുമ്പസാരം കേൾക്കുന്നതിന് സമർപ്പിത സമൂഹത്തിന്റെ നിയമാവലിക്കനുസൃതമായി വൈദികരെ ചുമതലപ്പെടുത്തുന്നതിന് സമർപ്പിത സമൂഹത്തിന്റെ നിയമാനുസൃത അധികാരിക്ക് സാധിക്കുന്നതാണ് (CCEO c 724 § 2; CIC c 967 § 3).

എന്തുകൊണ്ടാണ് വൈദികപട്ടം സ്വീകരിച്ച ഒരു വ്യക്തിക്ക് കുമ്പസാരം കേൾക്കുന്നതിന് ഇപ്രകാരം ഒരു പ്രത്യേക അനുവാദം ആവശ്യമാണെന്ന് സഭ ചിന്തിക്കുന്നത്? അത് കുമ്പസാരക്കൂട്ടിൽ ഒരു വൈദികൻ ചെയ്യേണ്ട ദൗത്യങ്ങളുടെ ഉത്തരവാദിത്വപൂർണമായ നിർവഹണം ഉറപ്പു വരുത്തുന്നതിനാണ്. ക്രിസ്തുവിന്റെ സ്ഥാനത്തു നിന്ന് അനുതപിച്ചുവരുന്ന വിശ്വാസിയുടെ പാപം മോചിക്കുക എന്ന കൗദാശികമായ ദൗത്യത്തോടൊപ്പം തന്റെ പാപങ്ങൾ ഏറ്റു പറയുന്ന വിശ്വാസിയുടെ വിശ്വാസത്തെയും ധാർമ്മികതയെയും സഭയുടെ വിശ്വാസവും ധാർമ്മിക തത്വങ്ങളുമനുസരിച്ച് രൂപപ്പെടുത്താനുള്ള കടമയും ഒരു വൈദികൻ നിർവഹിക്കണം. വൈദികൻ കുമ്പസാരക്കൂട്ടിൽ നല്ല കൗൺസിലർ ആയിരിക്കണം. പാപ സാഹചര്യത്തിലായിരിക്കുന്ന ഒരു വ്യക്തിയോട് എപ്രകാരം അതിൽ നിന്ന് പിന്മാറാൻ സാധിക്കുമെന്ന് പറഞ്ഞു കൊടുക്കണം. പാപം ഏറ്റുപറയുന്ന വ്യക്തിയുടെ വികാരങ്ങളെയും ചിന്തകളെയും യഥാർത്ഥത്തിൽ പാപകരമായ പ്രവൃത്തികളിൽ നിന്ന് വേർതിരിച്ചു കാണാനുള്ള അറിവും വിവേകവും വിവേചനവും ഉണ്ടായിരിക്കണം. ഇതൊക്കെ ചെയ്യണമെങ്കിൽ ദൈവശാസ്ത്രത്തിലും (Theology) ധാർമ്മികശാസ്ത്രത്തിലും (Moral theology) ലൈംഗിക ധാർമ്മികത (Sexual ethisc) യിലും കൃത്യമായ അറിവുണ്ടായിരിക്കണം. സെമിനാരി പരിശീലനം പൂർത്തിയാക്കുന്ന ഒരു വൈദിക വിദ്യാർത്ഥിക്ക് ഈ അറിവ് ഉണ്ട് എന്നതാണ് നിഗമനം. ശരി തെറ്റാണെന്നും തെറ്റ് ശരിയാണെന്നും ഉപദേശിക്കുന്നതുവഴി ഒരു വ്യക്തിയുടെ ആത്മരക്ഷയെത്തന്നെ അപകടത്തിലാക്കാനുള്ള സാധ്യത കുമ്പസാരക്കൂടുകളിലുണ്ട് എന്നതിനാലാണ് കുമ്പസാരിപ്പിക്കുന്ന വൈദികന് കൃത്യമായ ബോധനം നൽകേണ്ടതിന്റെ പ്രാധാന്യം അടങ്ങിയിരിക്കുന്നത്രേ. അതിനാൽ മറ്റു കൂദാശകളെന്നപോലെ അനുരഞ്ജന കൂദാശയും ഫലപ്രദമായി പരികർമ്മം ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പു വരുത്താനുള്ള ഉത്തരവാദിത്വം രൂപതാധ്യക്ഷന്റേതാണ്. (CCEOc.201: CIC c392)

കുമ്പസാരമെന്ന കൂദാശയുടെ പരികർമ്മത്തിന്മേലുള്ള രൂപതാധ്യക്ഷന്റെ ശ്രദ്ധയും ജാഗ്രതയും പ്രകടമാകുന്നത് തന്റെ രൂപതയിലെ വിശ്വാസികളുടെ കുമ്പസാരം കേൾക്കുന്നത് ആരായിരിക്കണം എന്ന് നിശ്ചയിക്കുന്നതിലൂടെയാണ്. അതുകൊണ്ടാണ്, ക്രൈസ്തവ വിശ്വാസികളിലാർക്കുവേണ്ടിയും അനുരഞ്ജന കൂദാശ പരികർമ്മം ചെയ്യാനുള്ള അധികാരം ഒരു പ്രത്യേക അനുവാദം വഴി ഏതൊരു വൈദികനും നൽകാൻ സ്ഥലമേലധ്യക്ഷൻ മാത്രമാണ് പ്രാപ്തമായിട്ടുള്ളത് (CCEOc.724§1) എന്ന് സഭാനിയമം നിഷ്കർഷിക്കുന്നത് (cf.CICc.967). രൂപതാദ്ധ്യക്ഷനിൽ നിന്ന് ഇപ്രകാരം ലഭിക്കുന്ന അധികാരം (Facutly) ഉപയോഗിച്ച് ഏതൊരു വൈദികനും തന്റെ രൂപതയിലും മറ്റെല്ലായിടത്തും നിയമാനുസൃതം കുമ്പസാരിപ്പിക്കാമെന്നതാണ് സഭാനിയമം.

ഒരു രൂപതയിൽ/ സമർപ്പിത സമൂഹത്തിൽ ശുശ്രൂഷ ചെയ്യുന്ന ഒരു വൈദികന് മറ്റു രൂപതകളിലും എല്ലാ സ്ഥലത്തും കുമ്പസാരിപ്പിക്കുന്നതിനുള്ള അനുവാദം ഉണ്ട് എന്നത് ഇതിനാൽ വ്യക്തമാണ്. എന്നാൽ ചില സാഹചര്യങ്ങളിൽ ഏതെങ്കിലുമൊരു വൈദികന്റെ തെറ്റായ പ്രബോധനങ്ങൾ ശ്രദ്ധയിൽപ്പെട്ട ഒരു രൂപതാധ്യക്ഷന് ആ വൈദികനെ തന്റെ രൂപതയിൽ കുമ്പസാരം കേൾക്കുന്നതിൽ നിന്ന് വിലക്കാവുന്നതാണ്. ഏതെങ്കിലും ഒരു വൈദികനെ സ്വന്തം രൂപതാധ്യക്ഷൻ കുമ്പസാരിപ്പിക്കുന്നതിൽ നിന്ന് വിലക്കിയാൽ ആ വൈദികന് മറ്റൊരിടത്തും സാധുവായി ഈ കൂദാശ പരികർമ്മം ചെയ്യാൻ സാധിക്കുകയില്ല.

ചോദ്യത്തിനുള്ള ഉത്തരം ഇതിനാൽ വ്യക്തമായിട്ടുണ്ട് എന്ന് കരുതികൊണ്ട് സാധാരണ ഈ മേഖലയിൽ വരുന്ന ഒരു സംശയം കൂടി ദൂരീകരിച്ച് അവസാനിപ്പിക്കാം. കുമ്പസാരിപ്പിക്കാൻ അനുവാദമില്ലാത്ത (Faculty) ഒരു വൈദികൻ കുമ്പസാരക്കൂട്ടിൽ ഇരിക്കുന്നു എന്ന് സങ്കൽപ്പിക്കുക. താൻ ചെയ്യുന്നത് നിയമത്തിനെതിരാണെന്നും താൻ ചെയ്യുന്ന കൂദാശ അസാധുവാണെന്നും വൈദികനറിയാം. എന്നാൽ, കുമ്പസാരത്തിനെത്തുന്ന വിശ്വസികൾ സാധാരണപോലെ കുമ്പസാരിക്കുന്നു. വൈദികൻ പാപമോചനം നൽകുന്നു. ഇവിടുത്തെ ചോദ്യമിതാണ്. അനുവാദമല്ലാതെ കുമ്പസാരിപ്പിച്ച വൈദികനിൽ നിന്ന് ലഭിച്ച പാപമോചനം സാധുവാണോ? കുമ്പസാരക്കൂട്ടിൽ ഇരുന്ന വൈദികന് കുമ്പസാരിപ്പിക്കാൻ അനുവാദമില്ലാത്തയാളാണെന്ന് അറിഞ്ഞതിനുശേഷമാണ് ആ വൈദികന്റെയടുത്തുതന്നെ ഒരു വ്യക്തി കുമ്പസാരിക്കുന്നതെങ്കിൽ പാപമോചനം അസാധു (Invalid)വാണ്; വീണ്ടും കുമ്പസാരിക്കണം. തന്നെ കുമ്പസാരിപ്പിക്കുന്ന വൈദികനെക്കുറിച്ച് യാതൊരു ധാരണയുമില്ലാതെ പൂർണവിശ്വാസത്തോടെ കുമ്പസാരിക്കുകയും പാപമോചനം സ്വീകരിക്കുകയും ചെയ്ത വ്യക്തിയുടെ പാപം മോചിക്കപ്പെട്ടു. (Ecclesia supplet) പിന്നീട് ആ പാപങ്ങൾ കുമ്പസാരിക്കേണ്ടതില്ല. അതേസമയം മരണകരമായ സാഹചര്യത്തിലായിരിക്കുന്ന ഒരു വ്യക്തിയെ കുമ്പസാരിപ്പിക്കാൻ എല്ലാ വൈദികർക്കും (അധികാരമില്ലാത്തവർക്കും, വൈദികശുശ്രൂഷ ഉപേക്ഷിച്ചവർക്കുപോലും) അനുവാദവും കടമയും ഉണ്ട്. (CCEOc. 735§2:CICc.986§2)

## വിൽപനയ്ക്ക്

കുന്നമംഗലത്ത് പൂനൂർ പുഴയുടെ തീരത്ത് 19 സെന്റ് സ്ഥലവും 2700 സ്ക്വയർ ഫീറ്റ്, ഫുൾ ഫർണിഷ്ഡ് വീടും വിൽപനയ്ക്ക്

വിവരങ്ങൾക്ക്:

ക്ലമന്റ് ഹെൻട്രി, പാലംപറമ്പിൽ

8547582414, 9447635779

## മലബാർ വിഷൻ മാട്രിമോണിയൽ



താമരശ്ശേരി രൂപത RC യുവാവ്,
31 വയസ്, 5.2 Inch ഉയരം,
SSLC. സ്വന്തമായി ഇൻഡസ്ട്രിയൽ വർക്ക് നടത്തുന്നു.
സാമ്പത്തികം പ്രശ്നമല്ല.
അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9745402455, 8547514556




തലശ്ശേരി രൂപത RC യുവാവ്,
32 വയസ്, 172 cm ഉയരം,
വെളുത്ത നിറം, Plus Two,
CCTV and IT work - Abudhabi
സാമ്പത്തികം പ്രശ്നമല്ല.
അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9497147946, 9778792643

ജീവിതപങ്കാളിയെ തേടിയുള്ള നിങ്ങളുടെ യാത്രയിൽ ഞങ്ങൾ നിങ്ങളെ സഹായിക്കാം. മാട്രിമോണിയൽ പരസ്യങ്ങൾ വരൻ/വധുവിന്റെ ഫോട്ടോയോടുകൂടി പ്രസിദ്ധീകരിക്കും. ഒരു ലക്കത്തിലേക്ക് വിവാഹ പരസ്യം നൽകുന്നതിന് 1000 രൂപയും 2 ലക്കങ്ങളിലേക്ക് 1500 രൂപയുമാണ് നിരക്ക്. വ്യക്തി വിവരങ്ങളും ഫോട്ടോയും 97 44 99 555 3 എന്ന വാട്സാപ്പ് നമ്പറിലേക്ക് അയയ്ക്കാം.

## ഉപകാരസ്മരണ

വി. യൂദാശ്ലീഹായോടുള്ള നൊവേന



മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വിശുദ്ധ യൂദാശ്ലീഹായെ ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിലും ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. ഞങ്ങളുടെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞങ്ങളപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ സദാ ഞങ്ങൾ ഓർക്കുമെന്നും, അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.

ഒരു വിശ്വാസി – ആനക്കാംപൊയിൽ

# അധിക്ഷേപിക്കപ്പെട്ടവരുടെ മധ്യസ്ഥ

**സിസ്റ്റർ എമിൽ FCC**

ഫ്രാൻസിലെ ടുളൂസ് പട്ടണത്തിൽ ലോറന്റ് കൂസിന്റെയും മേരി ലറോവിന്റെയും മകളായി ജെർമ്മയിൻ ജനിച്ചു. ജന്മനാ അവളുടെ വലതുകരം തളർന്ന് ശോഷിച്ചിരുന്നു. കഴുത്തിന് ചുറ്റുമായി ഉണ്ടായ കണ്ഠമാല എന്ന രോഗം കൂടി ആയപ്പോൾ അവളുടെ വൈരൂപ്യം വർദ്ധിച്ചു. ഏകദേശം 5വയസ്സായപ്പോഴേക്കും അവളുടെ അമ്മ പ്ലേഗ് ബാധിച്ചു മരിച്ചു. പിതാവ് ഹോർറടൻസ് എന്ന സ്ത്രീയെ തുടർവിവാഹം ചെയ്തു. വളർത്തമ്മയ്ക്ക് ജെർമ്മയ്നെ ഒട്ടും ഇഷ്ടപ്പെട്ടില്ല. അവർ അവളെ അവഗണിക്കാനും ഉപദ്രവിക്കാനും തുടങ്ങി. അവളുടെ രോഗം പകർച്ചവ്യാധിയാണെന്ന മിഥ്യാധാരണയിൽ അവൾ തന്റെ വീട്ടിൽ നിന്ന് പുറത്താക്കപ്പെട്ടു.

ആടുകളെ മേയിക്കലായിരുന്നു വളർത്തമ്മ അവൾക്ക് നൽകിയ പണി. അതിനിടയിൽ കമ്പിളി നൂൽക്കണമെന്നും വളർത്തമ്മ നിർബന്ധം പിടിച്ചിരുന്നു. ആട് മേയ്ക്കുന്ന സ്ഥലങ്ങളിലെ പാവപ്പെട്ട കുട്ടികൾ മാത്രമായിരുന്നു അവൾക്ക് കൂട്ട്. അവരോടൊത്ത് അവൾ കളിക്കും, കളി കഴിഞ്ഞ് അവർ ഒരുമിച്ച് ജപമാല ചൊല്ലും. അതിനു ശേഷം ചെറിയ കല്ലുകളും കമ്പുകളും ചേർത്ത് നിർമിച്ച അവരുടെ ദേവാലയത്തിൽ മാതാവിന്റെ ചിത്രം പൂക്കൾകൊണ്ട് അലങ്കരിക്കും.

വീടിന് പുറത്തുള്ള തൊഴുത്തിന്റെ മൂലയിലാണ് രാത്രി മുഴുവൻ അവൾക്ക് കഴിച്ചു കൂട്ടേണ്ടിവന്നത്. തൊഴുത്തിലെ ദുർഗന്ധവും ഒറ്റപ്പെടുത്തലും അവളെ വല്ലാതെ അലട്ടിയിരുന്നു. പ്രാർത്ഥനയിലാണ് അവൾ ആശ്വാസം കണ്ടെത്തിയത്. ജീവിതത്തിലെ സഹനങ്ങളെ സ്നേഹത്തിന്റെ നറുമലരുകളാക്കി അവൾ ഈശോയുടെ കരങ്ങളിൽ സമർപ്പിച്ചു.

പുച്ഛം കലർന്ന ഔദാര്യത്തോടെ വളർത്തമ്മ നൽകിയ വീട്ടിൽ ബാക്കി വന്ന അപ്പക്കഷ്ണങ്ങൾ അവൾ ഏറെ നന്ദിയോടെ സ്വീകരിച്ചു. പോഷകാഹാരക്കുറവും വിശ്രമമില്ലാത്ത അധ്വാനവും പകൽ മുഴുവനുമുള്ള അലഞ്ഞു തിരിയലും എല്ലാം അവളുടെ കുഞ്ഞു ശരീരത്തിന്റെ സഹനം വർധിപ്പിച്ചു. ചെറിയ തെറ്റുകൾക്കുപോലും കഠിനമായി ശകാരിക്കുകയും ശിക്ഷിക്കുകയും ചെയ്യുക വളർത്തമ്മയുടെ പതിവായിരുന്നു. ശിക്ഷയായി തിളച്ച വെള്ളം അവളുടെ കാലുകളിൽ ഒഴിക്കാൻ പോലും അവർ മടികാണിച്ചില്ല. രോഗം, ആവശ്യമില്ലാത്ത ചിലവ് എന്നൊക്കെപ്പറഞ്ഞ് വിദ്യാഭ്യാസവും നിർത്തലാക്കി.

ഒരു മഞ്ഞുകാലത്ത് അവളുടെ വളർത്തമ്മ ഒരു പരാതിയുമായി വന്നു. ജെർമ്മയിൻ വീട്ടിൽ നിന്ന് റൊട്ടികഷ്ണങ്ങൾ മോഷ്ടിച്ച് ഭക്ഷിക്കുകയും റോഡിൽ കാണുന്ന ഭിക്ഷക്കാർക്കെല്ലാം വിതരണം ചെയ്യുകയും ചെയ്യുന്നുവത്രേ. വളർത്തമ്മ ഒരു വടിയുമായി അവളെ പെരുവഴിയിലൂടെ ഓടിക്കുകയാണ്. അവൾ കരഞ്ഞുകൊണ്ട് ഓടുന്നതു കണ്ട് ആ പ്രദേശത്ത് താമസിക്കുന്നവരെല്ലാം ഓടിക്കൂടി. ജെർമ്മയിൻ മോഷ്ടിക്കുകയോ? അവർക്ക് അത് വിശ്വസിക്കാൻ സാധിക്കുന്നില്ല. വളർത്തമ്മ അലറിവിളിച്ചു. “തുറക്കെടീ നിന്റെ ഏപ്രൺ... നീ കള്ളിയാണെന്ന് എല്ലാവരും മനസ്സിലാക്കട്ടെ. നീ കട്ടെടുത്ത റൊട്ടി ഞങ്ങൾ കാണട്ടെ.” അവൾ ഏപ്രൺ തുറന്നു. അത്ഭുതമെന്ന് പറയട്ടെ, അതാ അതിനുള്ളിൽ അവിടെയെങ്ങും ഒരിക്കലും കാണാൻ സാധ്യതയില്ലാത്തതും മനോഹരവും സുഗന്ധം പരത്തുന്നതുമായ റോസാപ്പൂക്കൾ. അവൾ അതിലൊരെണ്ണമെടുത്ത് വളർത്തമ്മയ്ക്ക് കൊടുത്തിട്ട് സ്നേഹത്തോടെ പുഞ്ചിരിച്ചു. ആളുകൾ എല്ലാം മുട്ടിന്മേൽ നിന്ന് നെറ്റിയിൽ കുരിശു വരച്ച് ദൈവത്തിന് മഹത്വം നൽകി. അവർ പരസ്പരം പറഞ്ഞു: “ജെർമ്മയിൻ ഒരു വിശുദ്ധയാണ്.” വളർത്തമ്മ ലജ്ജിതയായി തല കുനിച്ചു.



വിശുദ്ധ ജെർമ്മയിൻ

ദിവ്യകാരുണ്യ നാഥനോടും വിശുദ്ധ കുർബാനയോടും അവൾ പുലർത്തിയ ഭക്തി അതിശയകരമായിരുന്നു. ദിവ്യബലിക്കുള്ള മണി അടിക്കുന്നത് കേട്ടാൽ എവിടെ ആയിരുന്നാലും തീക്ഷ്ണതയോടെ അവൾ ദേവാലയത്തിലേക്ക് ഓടിയിരുന്നു. അരുവി നിറഞ്ഞൊഴുകിയ ഒരു ദിവസം വിശുദ്ധ കുർബാനയിൽ പങ്കെടുക്കുവാനുള്ള അതിയായ ആഗ്രഹത്തോടെ വന്ന തന്നെ പരിഹസിക്കാനായി കാത്തുനിന്ന രണ്ട് നാട്ടുകാരുടെ മുമ്പിൽ ഒഴുക്ക് വകവയ്ക്കാതെ ജെർമ്മെയ്ൻ അരുവിയിലേക്കിറങ്ങി. പാദം വച്ചയുടനെ അരുവി രണ്ടായി പകുത്ത് മാറി. പ്രത്യക്ഷമായ കരയിലൂടെ അക്കരെ കടന്ന് ദിവ്യബലിയിൽ സംബന്ധിക്കാനായി അവൾ പുറപ്പെട്ടു. അവളെ പരിഹസിക്കാനായി വന്നവർ ഈ കാഴ്ച കണ്ട് അത്ഭുത സ്തബ്ധരായി ഈ സംഭവം നാട്ടുകാരോടെല്ലാം പങ്കുവച്ചു.

അവളുടെ പ്രാർത്ഥനയിലൂടെ അനേകർ ദൈവത്തെ അനുഭവിക്കുവാൻ തുടങ്ങി. അവളുടെ ജീവിതം ക്രിസ്തുവിനെ സ്നേഹിക്കാൻ അനേകർക്ക് പ്രചോദനമായി. സാവധാനം അവളുടെ കുടുംബവും അവളിലെ നന്മയും വിശ്വാസവും തിരിച്ചറിഞ്ഞ് സ്വന്തം ഭവനത്തിലേക്ക് തിരിച്ചു വിളിച്ചെങ്കിലും തന്റെ പഴയ ജീവിതരീതിയിൽത്തന്നെ തുടരാൻ അനുവദിക്കണമെന്ന് അവരോട് അപേക്ഷിച്ചു. തന്റെ മരണദിനം വരെ അവൾ തൊഴുത്തിൽത്തന്നെ കഴിഞ്ഞു.

അവളുടെ ഭൗതിക ശരീരം ഒരുക്കി വെള്ള വസ്ത്രങ്ങൾ ധരിപ്പിച്ച് പുഷ്പങ്ങൾ കൊണ്ടുള്ള മുടി അണിയിച്ചു. കയ്യിൽ ഒരു മെഴുകുതിരിയും കൊടുത്തു. അന്നത്തെ പതിവനുസരിച്ച് ഇടവക സെമിത്തേരിയിൽ അവളെ സംസ്ക്കരിച്ചു. ഏതാണ്ട് 43 വർഷങ്ങൾക്കു ശേഷം ജെർമ്മയിന്റെ ബന്ധുവായ ഏവുദാലെഗെ എന്ന സ്ത്രീയെ സംസ്ക്കരിക്കാനായി ആ കുഴിമാടം തുറന്നപ്പോൾ അവളുടെ ഭൗതിക ശരീരം അഴുകാതെ സ്വർഗ്ഗീയ തേജസ്സിനാൽ വലയം ചെയ്തിരിക്കുന്നതായി കാണപ്പെട്ടു. വർഷങ്ങൾ കടന്നു പോയതോടെ അവളുടെ പേരിൽ ധാരാളം അത്ഭുതങ്ങൾ രേഖപ്പെടുത്തപ്പെട്ടു. അവളെ വിശുദ്ധ പദവിയിലേക്ക് ഉയർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ധാരാളം അപേക്ഷകൾ ലഭിച്ചതോടെ ജെർമ്മയിനെ വിശുദ്ധരുടെ ഗണത്തിൽ ചേർക്കാൻ തിരുസഭ ഒരുങ്ങി. ഗ്രിഗറി പതിനാറാമൻ മാർപാപ്പ അവളെ വിശുദ്ധയായി പ്രഖ്യാപിച്ചു. അധിക്ഷേപിക്കപ്പെട്ടവരുടെ മധ്യസ്ഥയായി അവൾ വണങ്ങപ്പെടുന്നു.



# ഉള്ളറിഞ്ഞും ഉള്ളുലഞ്ഞും വേണം, നമ്മുടെ നേതൃത്വശുശ്രൂഷകൾ

**2022–25 കാലഘട്ടത്തിലേക്കുള്ള താമരശ്ശേരി രൂപതയുടെ കുടുംബ യൂണിറ്റ് ഭാരവാഹികൾ ചുമതലയേറ്റു കഴിഞ്ഞു. കോവിഡാനന്തര കാലത്തിൽ കുടുംബ യൂണിറ്റുകളെ ശക്തിപ്പെടുത്താനും കൂട്ടായ്മ വർദ്ധിപ്പിക്കാനും എളിമയോടെ പ്രവർത്തിക്കാൻ സാധിക്കുമ്പോഴാണ് ഈ ശുശ്രൂഷ അനുഗ്രഹപ്രദമാകുന്നത്.**



## ചിന്തയും ചർച്ചയും

ആന്റണി ചടയംമുറി



ഇടവകയിലെ കുടുംബയൂണിറ്റ് ഭാരവാഹികളുടെ പ്രഥമയോഗമായിരുന്നു അന്ന്. കോവിഡിനുശേഷം ഇടവക പ്രതിനിധികളുടെ ആദ്യകൂട്ടായ്മ. രണ്ടു നിലയിൽ നിർമ്മിച്ച എൽ പി സ്കൂളിന്റെ താഴത്തെ നിലയിലായിരുന്നു മീറ്റിംഗ്.

വികാരിയച്ചന്റേതായിരുന്നു സ്വാഗത പ്രസംഗം. അച്ചൻ രണ്ടു കാര്യങ്ങൾ മാത്രമേ പറഞ്ഞുള്ളൂ. ഒന്നാമതായി തെരഞ്ഞെടുക്കപ്പെട്ട പുതിയ ഭാരവാഹികൾക്ക് എല്ലാ വിജയങ്ങളും നേരുന്നു. രണ്ടാമതായി അച്ചൻ ഒരു ചോദ്യം ഉന്നയിച്ചു. പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ തിങ്ങിനിറഞ്ഞ സദസിനോടായിരുന്നു ആ ചോദ്യം.

### പത്രോസ് എങ്ങനെ നേതാവായി?

പത്രോസ് യേശുനാഥനെ തള്ളിപ്പറഞ്ഞയാളല്ലേ? വികാരിയച്ചൻ ചോദിച്ചപ്പോൾ എല്ലാവരും തലകുലുക്കി. വിവാഹിതനായിരുന്നു പത്രോസ്. സുവിശേഷകനായ മർക്കോസിന്റെ പിതാവ്. ശിഷ്യരിൽ ബുദ്ധിശാലികളുണ്ടായിരുന്നു. യേശുവിന്റെ ബന്ധുക്കളുണ്ടായിരുന്നു. ഇടിമുഴക്കത്തിന്റെ പുത്രന്മാരും തീവ്രവാദിയുമുണ്ടായിരുന്നു. ചാകുന്നെങ്കിൽ ചാകട്ടെ അവനോടൊപ്പം നമുക്കും ജെറുസലേമിലേക്കു പോകാമെന്ന് വിളിച്ചു പറഞ്ഞ തോമസ് അപ്പസ്തോലനുണ്ടായിരുന്നു. ഇത്രയും പറഞ്ഞതിനു ശേഷം വികാരിയച്ചൻ അൽപനേരം നിശബ്ദനായി. എന്നിട്ടുമെന്തേ പത്രോസിനെ ഈശോ നേതാവായി തിരഞ്ഞെടുത്തു? ആരെങ്കിലും ഉത്തരം പറയുമോ? പലരും പലതും പറഞ്ഞു. നിങ്ങളുടെ വ്യക്തിപരമായതും നേതൃപരമായതുമായ ഉത്തരവാദിത്വത്തെ സൂചിപ്പിക്കാനാണ് ഈ ചോദ്യം ഉന്നയിക്കുന്നതെന്ന് വികാരിയച്ചൻ വിശദീകരിച്ചു. ഒടുവിൽ അച്ചൻ തന്നെ ആ ചോദ്യത്തിന് ഉത്തരം പറഞ്ഞു. നിങ്ങൾ ഓരോരുത്തരും ഈ ഇടവക ജനത്തെ നയിക്കാൻ വിളിക്കപ്പെട്ടവരാണ്. പക്ഷേ, പ്രിയപ്പെട്ടവരേ നിങ്ങൾ മാനസാന്തരത്തിന്റെ ഇരട്ട പ്രതലത്തിലുള്ള ചലനാത്മകതയെകുറിച്ച് ചിന്തിക്കണം. പത്രോസ് അത്തരത്തിലുള്ള ഒരു വ്യക്തിയാണെന്ന് ഈശോ തിരിച്ചറിഞ്ഞു. പത്രോസ് സ്വന്തം തെറ്റുമനസിലാക്കി മാനസാന്തരപ്പെട്ടു. ഒരു കാര്യം നാം ഇവിടെ ശ്രദ്ധിക്കുക. ഞാനും നിങ്ങളുമെല്ലാം സ്വയം മാനസാന്തരപ്പെട്ടാൽ മാത്രമേ നമുക്കുചുറ്റുമുള്ളവർക്കായി മാനസാന്തരത്തിന്റെ ഫലം പുറപ്പെടുവിക്കാനും അത് പൊതുസമൂഹത്തിലേക്ക് സംവദിക്കാനും കൈമാറാനും കഴിയൂ. നമ്മുടെ യഥാർത്ഥ പ്രശ്നം നാം നമ്മുടേ തന്നെ ഉള്ളിലേക്ക് നോക്കാൻ മടിയുള്ളവരാണെന്നതാണ്. ഒരു യഥാർത്ഥ നേതാവ് അവന്റെ/ അവളുടെ കുറവുകളെപ്പറ്റി ഉള്ളാലെ ബോധ്യപ്പെട്ടാൽ മാത്രമേ മറ്റുള്ളവരെ നയിക്കാൻ കഴിയുന്ന വിധത്തിലുള്ള ഹൃദയ വിശുദ്ധി ഉള്ളവരായി മാറുന്നുള്ളൂ.

### സിനഡാത്മകത ഇടവകയിൽ

മംഗലപ്പുഴ സെമിനാരിയിൽ നിന്നു വന്ന ഒരു വൈദികനാണ് പുതിയ ഭാരവാഹികൾക്കുവേണ്ടിയുള്ള ക്ലാസ് നയിച്ചത്. രണ്ടാം വത്തിക്കാൻ സുനഹദോസ് അത്മായപ്രേഷിതത്തെപ്പറ്റി എന്താണ് നിർവചിച്ചിട്ടുള്ളതെന്ന് അച്ചൻ ആമുഖമായി പറഞ്ഞു. " തിരുക്കർമ്മങ്ങളും കൂദാശകളും വഴി ദൈവജനത്തെ വിശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവ് ഈ പ്രേഷിത പ്രവർത്തനങ്ങൾക്കായുള്ള പ്രത്യേക വരങ്ങൾ നൽകുന്നതായി പൗലോസ് അപ്പസ്തോലൻ വിശദികരിക്കുന്നു(1കോറി 12–7)ദൈവം തിരുമനസാകുന്നതുപോലെയാണ് ഓരോരുത്തർക്കും ഈ ദാനം നൽകുന്നത്. (1 കോറി 12–11) ഓരോരുത്തരും തങ്ങൾക്കു കിട്ടിയ ദാനത്തിന്റെ തോതനുസരിച്ച് അത് മറ്റുള്ളവർക്ക് പകർന്നു കൊടുക്കേണ്ടതാണ്. അങ്ങനെ വിവിധ ദൈവദാനങ്ങളുടെ വിശ്വസ്ത കാര്യസ്ഥന്മാരായി (1 പത്രോ 4–10) മുഴുവൻ ശരീരത്തേയും സ്നേഹത്തിൽ പടുത്തുയർത്തേണ്ടിയിരിക്കുന്നു.(എഫേ 4–16) സഹോദരീ സഹോദരന്മാരേ, ഈ നിർവചനമനുസരിച്ച് ഇടവകയെന്ന തിരുസഭയുടെ പ്രാദേശിക പ്രതിരൂപത്തിൽ അണിയിക്കേണ്ട മുഖ്യചമയമെന്നത് സ്നേഹമാണെന്ന് സഭ പഠിപ്പിക്കുന്നു.

### കോവിഡിനു ശേഷം സഭയും കുടുംബയൂണിറ്റുകളും

സഭാപ്രബോധനങ്ങൾ ഈ കാലഘട്ടത്തിന് അനുയോജ്യമല്ലെന്ന് വാദിക്കുന്നവരുണ്ടെന്ന് അച്ചൻ പറയുന്നു. കോവിഡിനു ശേഷം സഭാത്മക സമൂഹത്തിൽ രണ്ട് യാഥാർത്ഥ്യങ്ങൾ അറിഞ്ഞോ അറിയാതെയോ വിശ്വാസികളുടെ മനസിൽ തെളിഞ്ഞിട്ടുണ്ട്. ഒന്ന് കൂദാശകളെ കുറിച്ചും മറ്റ് വിശ്വാസബോധ്യങ്ങളെക്കുറിച്ചും ചില വിശ്വാസികൾ നിർവികാരരായി മാറി. രണ്ട്: ദൈവം ഓരോ വ്യക്തിയുടെയും ജീവിതത്തിൽ നിന്ന് അകന്നു പോയെന്നുള്ള തോന്നൽ ചിലരുടെ മനസുലച്ചു.

2023–ൽ നടക്കാൻ പോകുന്ന സിനഡിന്റെ ഒരുക്ക രേഖയിലെ അഞ്ചാമത്തെ ചർച്ചാവിഷയം അച്ചൻ ഉദ്ധരിച്ചു." സഭയിലെ എല്ലാ അംഗങ്ങളും പങ്കാളികളാകാൻ വിളിക്കപ്പെട്ടിരിക്കുന്ന സഭയുടെ പ്രേഷിത ദൗത്യത്തിന് ഉപകരിക്കുന്നതാണ് സിനഡാത്മകത. സിനഡിന്റെ പത്ത് മൂല പ്രമേയങ്ങളിൽ അധികാരവും പങ്കാളിത്തവും എന്നതിനും, ഒരുമിച്ചുള്ള സഞ്ചാരത്തിൽ നമ്മെത്തന്നെ രൂപീകരിക്കുക എന്നതിനും ഊന്നൽ നൽകണം.

### സിനഡാത്മക പ്രക്രിയയിൽ ഇടവകയുടെ പ്രാധാന്യം

യേശുവും ജനക്കൂട്ടവും അപ്പസ്തോലന്മാരും അടങ്ങുന്ന ആദിമസഭയുടെ ത്രിതല സ്വഭാവത്തിലേക്കാണ് ഫ്രാൻസിസ് പാപ്പ ക്രൈസ്തവരായ ഓരോരുത്തരെയും ക്ഷണിക്കുന്നതെന്ന് അച്ചൻ ചൂണ്ടിക്കാട്ടി. " കാലത്തിന്റെ അടയാള" മായി കോവിഡ് പോലുള്ള മഹാമാരികളെ കണ്ടറിഞ്ഞ് പരിശുദ്ധാത്മാവിനോട് യാചിച്ച് അജപാലന രീതികളുടെ നവ്യരൂപങ്ങൾ നാം കണ്ടെത്തേണ്ടതുണ്ട്.

ഇടവകയുടെ അജപാലനം സിനഡിന്റെ ഒരുക്കരേഖ നിർദേശിക്കുന്നതുപോലെ വിശുദ്ധ ലിഖിതത്തിന്റെയും വിശുദ്ധ പാരമ്പര്യത്തിന്റെയും പശ്ചാത്തലത്തിൽ പുനർനിർണ്ണയിക്കണം." സമൂഹം ഏറെ മാറിയിട്ടുണ്ടെന്ന യാഥാർത്ഥ്യം നിങ്ങൾ തിരിച്ചറിഞ്ഞു കഴിഞ്ഞിട്ടുണ്ട്. ആത്മീയമായ കാര്യങ്ങളിൽ നിഷ്ഠയുള്ളവരായാൽ ഭൗതികമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിയുമെന്ന കമ്പോള ശൈലിയിൽ അല്ല കാര്യങ്ങൾ വിശ്വാസികളെ ബോധ്യപ്പെടുത്തേണ്ടത്. പകരം, ഓരോ വീടുകളിലേക്കും ആ വീടിന്റെ പെട്ടന്നുള്ള ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവരെ സമാശ്വസിപ്പിക്കാനും സഹായിക്കാനും കഴിയുന്നവിധത്തിലുള്ള ഭവനസന്ദർശനങ്ങൾക്ക് അജപാലന സമിതി നേതൃത്വം നൽകണം. ഇടവക ജനങ്ങളുടെ ആവശ്യങ്ങൾ പ്രാദേശികമായ തലത്തിൽ തന്നെ തിരിച്ചറിഞ്ഞ് അവരുടെ ഹൃദയം തൊടുന്ന അജപാലന രീതികൾ ആവിഷ്കരിക്കണം. ഒപ്പം ഓരോ മേഖലയിലും വിദഗ്ദ സമിതികൾ സന്നദ്ധ സേവന രീതിയിൽ രൂപീകരിക്കപ്പെടണം. പൊതു സമൂഹത്തിനായി പ്രവർത്തിക്കുന്ന സഹായ സഹകരണ പദ്ധതികളിൽ നിന്ന് ഇടവക ജനങ്ങൾക്ക് ഗുണം ലഭിക്കാവുന്ന ശ്രദ്ധയിൽപ്പെടുത്താൻ പറ്റിയ ഗ്രൂപ്പുകൾ ഇടവകയിൽ ഉണ്ടാകണം. പ്രാർത്ഥനാ ഗ്രൂപ്പുകൾ, സന്നദ്ധസേവന ഗ്രൂപ്പുകൾ, ഹെൽപ്പ് ഡസ്ക്ക് രീതിയിലുള്ള സംവിധാനങ്ങൾ അങ്ങനെ ഇടവക ജനങ്ങളുടെ ഏതൊരാവശ്യത്തിനും സദാസന്നദ്ധമായ ഗ്രൂപ്പുകൾ വികാരിയച്ചന്റെ മേൽനോട്ടത്തിൽ ഇടവകയിൽ പ്രവർത്തിക്കട്ടെ–അച്ചൻ നിർദ്ദേശിച്ചു.

### ഉപയോഗപ്പെടുത്തണം ഇന്റർനെറ്റ് സാധ്യതകൾ

നെറ്റ്വർക്കിന്റെ കാലമാണിത്. പലകാര്യങ്ങൾക്കും നമുക്ക് ഇന്റർനെറ്റിനെ ആശ്രയിക്കാം. എന്നാൽ ചിലകാര്യങ്ങൾക്കായി നാം ഇന്റർനെറ്റിനെ ആശ്രയിക്കാനും പാടില്ല. ഉദാഹരണം പറയാം: ഒരു ഇടവകാംഗം സാമ്പത്തിക കുഴപ്പത്തിലാണ്. വായ്പ നൽകുന്ന മൊബൈൽ ആപ്പ് വഴി പണം കടം വാങ്ങാമോ എന്ന സംശയം ചോദിക്കാൻ ഐടി സംബന്ധിച്ച അറിവുള്ള ഒരു ഗ്രൂപ്പ് വേണം. കരിയർ ഗൈഡൻസിനും വേണം ഇടവകയിൽ സംഘടിതമായ സംവിധാനം. നോർക്ക പോലുള്ള തൊഴിൽ ദായക സ്ഥാപനങ്ങളുടെ വിവരങ്ങൾ ഇടവക നോട്ടീസ് ബോർഡിൽ വീഴ്ച കൂടാതെ പ്രദർശിപ്പിക്കണം. ഏതെങ്കിലും മേഖലയിൽ നടക്കുന്ന അദാലത്തുകളുടെ അറിയിപ്പുകളും ഇതേ സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്. പരിശുദ്ധാത്മാവ് വഴി സംഭവിക്കുന്ന രോഗശാന്തികൾ, അത്ഭുതങ്ങൾ എന്നിവ ഇടവക വികാരിയുടെ സമ്മതത്തോടെ പ്രാർത്ഥനാ ഗ്രൂപ്പുകളുടെ ബോർഡിൽ പ്രദർശിപ്പിക്കട്ടെ. കാരണം, ജീവിത സാക്ഷ്യങ്ങൾക്കാണ് ഇനിയുള്ള നാളുകളിൽ വിശ്വാസികളെ കൂടുതൽ വേഗത്തിൽ ദൈവസന്നിധിയിലേക്ക് കൈപിടിച്ച് നടത്താനാവുക.

### അമ്മയോടൊപ്പം പ്രാർത്ഥിക്കൂ വിജയം ഒപ്പമുണ്ടാകും

അച്ചൻ ക്ലാസ് അവസാനിപ്പിക്കുകയാണെന്ന് പറഞ്ഞു: മരിച്ചവന് കൺമുന്നിൽ വച്ച് ജീവൻ നൽകിയിട്ടും വിശ്വസിക്കാതെ പോയവരാണ് വേദഗ്രന്ഥത്തിലെ നമ്മുടെ പൂർവികർ. ഈ കുടിയേറ്റ ഗ്രാമങ്ങളിൽ ജപമാലയും കുരിശുമായി ജീവിതയാതനകളുടെ കാൽവരിയാത്രകൾക്കൊടുവിൽ ദൈവം നമ്മുടെ പൂർവികരെ അനുഗ്രഹിച്ച ഒരു ഉപകഥ കൂടി ഇവിടെ ചുരുൾ നിവരുന്നുണ്ട്. ആകാശം ഇടിഞ്ഞുവീഴുമ്പോൾ പോലും " എന്റെ കർത്താവേ എന്റെ ദൈവമേ" എന്ന നിലവിളിയുടെ സ്തൂപങ്ങളിൽ അത് തടഞ്ഞുനിർത്തപ്പെടുമെന്ന് ചിന്തിക്കാനും വിശ്വസിക്കാനും നമുക്ക് കഴിയണം– അച്ചൻ നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന ചൊല്ലി. എല്ലാവരും ഏറ്റുചൊല്ലി.

പ്രാർത്ഥന കഴിഞ്ഞപ്പോൾ അച്ചൻ പറഞ്ഞു: പരിശുദ്ധ അമ്മേ അങ്ങനെയായിരുന്നില്ലേ? ഏക മകൻ രക്ഷകനാണെന്ന് എല്ലാവരും പറഞ്ഞു. അമ്മയുടെ കൺമുന്നിൽ ആ മകൻ കുരിശിൽ മരിച്ചു. ശിഷ്യന്മാരെല്ലാം ഓടിപ്പോയി. അത്ഭുതങ്ങൾ കണ്ടും അനുഭവിച്ചും അന്തം വിട്ടവർ ഇവനെ ഞങ്ങൾ അറിയില്ലെന്ന മട്ടിൽ ദൂരെ മാറിനിന്നു. ഒരു മനുഷ്യപേക്കോലം പോലെ തന്റെ മകന്റെ ജീവനറ്റശരീരം മടിയിൽ കിടത്തി പിതൃസന്നിധിയിലേക്ക് കണ്ണയയ്ക്കുന്ന ആ അമ്മയെ മനസിൽ കാണാൻ നമുക്ക് കഴിയുന്നുണ്ടോ? റോമൻ പടയാളികളുടെയും ഫരിസേയ സദൂക്കായമാഫിയകളുടെയും ഭീഷണികൾക്ക് നടുവിലും ശിഷ്യന്മാരെ ഒരുമിച്ച് കൂട്ടി പ്രാർത്ഥിച്ച അമ്മയെ ക്രൈസ്തവർ മറന്നുവോ? നിങ്ങളുടെ നേതൃത്വശുശ്രൂഷയിലേക്ക് പരിശുദ്ധാത്മാവ് പറന്നിറങ്ങാൻ പരിശുദ്ധ അമ്മയോടൊപ്പം പ്രാർത്ഥിക്കുക. പാപിയായ എന്നിക്കുവേണ്ടിയും" അച്ചൻ പറഞ്ഞു നിർത്തി. ക്ലാസ് കഴിഞ്ഞു. ചിലരുടെ കണ്ണുകൾ നിറഞ്ഞു കണ്ടു. നേതൃശുശ്രൂഷയുടെ വിനയഭാവങ്ങളുടെ ആ കണ്ണീർതുള്ളികളിൽ പ്രതിഫലിച്ചത് വരദാനങ്ങളുടെ പ്രകാശമായിരുന്നുവോ?




# ക്വിസ് കോർണർ 2022

## 2022 മേയ് – ജൂൺ ലക്കം ചോദ്യങ്ങൾ

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. നൈജീരിയയിൽ മതതീവ്രവാദികളായ സഹപാഠികളാൽ കൊല്ലപ്പെട്ട വിദ്യാർത്ഥിനിയുടെ പേര്?

2. സാമൂഹ്യ ജീവിതത്തിന്റെ പാഠങ്ങൾവിദ്യാർത്ഥികൾക്ക് അന്യമായ കാലം ഏതായിരുന്നു?

3. കേന്ദ്ര സർവകലാശാലകളിൽ ഡിഗ്രി, പിജി പ്രവേശനത്തിനായി നടത്തുന്ന പൊതു പരീക്ഷ ഏത്?

4. അജ്ന ജോർജിന്റെ ജീവിതത്തെ ആസ്പദമാക്കി പുറത്തിറങ്ങിയ പുസ്തകങ്ങൾ ഏതെല്ലാം?

5. 'സഭയുടെ വളർച്ചയ്ക്ക് കൂട്ടായ പ്രവർത്തനം അനിവാര്യമാണ് വെറുപ്പും വൈരാഗ്യവും അസൂയയും ആധാരശിലയാക്കി സമുദായം വളർത്താൻ കഴിയില്ല' ആരുടെ വാക്കുകളാണിത്?

6. റിങ്കോ ഫോറസ് ഫെറുജീനിയസ് എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന ഷഡ്പദം?

7. വെള്ളീച്ചയുടെയും അവയുണ്ടാക്കുന്ന രോഗം പടരുന്നതിന്റെയും കാരണം എന്ത്?

8. സിസ്റ്റർ റാണി മരിയയുടെ കൊലപാതകിയുടെ പേര് എന്ത്?

9. ജെർമ്മയിൽ എന്ന പെൺകുട്ടിക്ക് വളർത്തമ്മ നൽകിയ ജോലി എന്തായിരുന്നു?

10. നെസർ എന്ന ഹിബ്രു പദത്തിന്റെ അർത്ഥം എന്ത്?

തയ്യാറാക്കിയത്: **ഫാ. സായി പാറൻകുളങ്ങര**

**ഉത്തരങ്ങൾ 2022 ജൂൺ 30ന് മുമ്പ് ലഭിക്കണം**

*മാർച്ച് – ഏപ്രിൽ ലക്കം വിജയികളായവർ:*

● ഒന്നാം സമ്മാനം, 1000 രൂപ
**റ്റെസി ജോസ്**
ഈന്തുങ്കൽ, അടയ്ക്കാക്കുണ്ട്

● രണ്ടാം സമ്മാനം, 500 രൂപ
**അൻസല സെബാസ്റ്റ്യൻ**
കാഞ്ഞിരംപറമ്പിൽ, ചെമ്പുകടവ്

● മൂന്നാം സമ്മാനം, 250 രൂപ
**ലിയ മരിയ ലിജു**
കല്ലൂർ, പടത്തുകടവ്

ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ് നമ്പർ
**9744 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

## മാർച്ച് – ഏപ്രിൽ ലക്കം ഉത്തരങ്ങൾ

1. ദുർമേദസ് 2. ഗാന്ധിജി 3. പ്രവാചകന്മാർ 4. 3,82,000 ഏക്കർ 5. സാൾടയർ സ്കോളർഷിപ്പ് 6. ഗലീലി പ്രദേശം 7. മൊബൈൽ അഗ്രിക്ലിനിക്ക് 8. ഫ്രാൻസിസ് പാപ്പ 9. അംഗീകരിക്കുന്നില്ല 10. കുടുംബങ്ങളിൽ

## പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്. ● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല.
● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● **വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പിഒ, കോഴിക്കോട് 673012.** ● സംശയങ്ങൾക്ക് വിളിക്കുക: **97 44 99 5553**

ഇവിടെ മുറിക്കുക

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

| | |
|---|---|
| 1 | |
| 2 | |
| 3 | |
| 4 | |
| 5 | |
| 6 | |
| 7 | |
| 8 | |
| 9 | |
| 10 | |

പേര്: ...........................................

വീട്ടുപേര്: ...........................................

ഇടവക: ...........................................

ഫോൺ: ...........................................

# കർത്താവിന്റെ കാലത്തെ പലസ്തീന

**കർത്താവിന്റെ കാലത്ത് പലസ്തീന മൂന്ന് പ്രൊവിൻസുകൾ അല്ലെങ്കിൽ ഡിസ്ട്രിക്റ്റുകളായി വിഭജിക്കപ്പെട്ടിരുന്നു. ഏറ്റവും വടക്കേ ഭാഗം ഗലിലാ പ്രദേശം, അതിന്റെ തൊട്ടുതാഴെ പലസ്തീനായുടെ മദ്ധ്യഭാഗം "സമറിയ" അതിന്റെ തെക്ക് "യൂദയാ" പ്രദേശം ഏറ്റവും വടക്കുള്ള ഗലീലാ പ്രദേശത്തുനിന്ന് നമ്മുടെ പുണ്യ യാത്ര നാം ആരംഭിക്കുകയാണ്.**



**തീർത്ഥാടനം**
ഫാ. ജോസഫ് കാപ്പിൽ

പലസ്തീനയെ ഇന്നത്തെ ഇസ്രായേൽ രാജ്യത്തെ പറ്റിയുള്ള പെതുവായ വിവരങ്ങൾ കഴിഞ്ഞ രണ്ട് ലക്കങ്ങളിൽ നാം കാണുകയുണ്ടായി. ഇനി കർത്താവിന്റെ കാലത്തെ പലസ്തീനായുടെ സ്ഥിതിവിശേഷങ്ങളും കർത്താവിന്റെ ജീവിതവുമൊക്കെ നാം പരിചയപ്പെടുകയും വിശുദ്ധ ഗ്രന്ഥത്തിലെ രക്ഷാകരസംഭവങ്ങളുടെ പശ്ചാത്തലത്തിൽ മനസിലാക്കുവാനും ആരംഭിക്കുകയാണ്.

കർത്താവിന്റെ കാലത്ത് പലസ്തീന മൂന്ന് പ്രൊവിൻസുകൾ അല്ലെങ്കിൽ ഡിസ്ട്രിക്റ്റുകളായി വിഭജിക്കപ്പെട്ടിരുന്നു. ഏറ്റവും വടക്കേ ഭാഗം ഗലിലാ പ്രദേശം, അതിന്റെ തൊട്ടുതാഴെ പലസ്തീനായുടെ മദ്ധ്യഭാഗം "സമറിയ" അതിന്റെ തെക്ക് "യൂദയാ"പ്രദേശം (മാപ്പ് കാണുക) ഏറ്റവും വടക്കുള്ള ഗലീലാ പ്രദേശത്തുനിന്ന് നമ്മുടെ പുണ്യ യാത്ര നാം ആരംഭിക്കുകയാണ്.


## ഗലീലിയ പ്രദേശം

ഗലീലയുടെ വടക്ക്, മഞ്ഞ് മൂടപ്പെട്ട് കിടക്കുന്ന ഹെർമോൺ പർവ്വത നിരകൾ, തെക്ക് ഭാഗത്ത് സമറിയ, കിഴക്ക് യോർദാൻ നദിയും, ഗലീലതാടാകവും, ചാവുകടലും പടിഞ്ഞാറ് മെഡിറ്റേറിയൻ കടലും സ്ഥിതി ചെയ്യുന്നു. ഏകദേശം 100 കിലോമീറ്റർ നീളവും 50 കിലോമീറ്റർ വീതിയുമുള്ള ഗലീലിയാ, പലസ്തീനയിലെ ഏറ്റവും ഫലഭൂയിഷ്ഠമായ പ്രദേശമാണ്. ഈജിപ്തിൽ നിന്നെത്തി ഇസ്രയേലിലെ 12 ഗോത്രങ്ങൾക്കായി വിഭജിച്ച് നൽകിയപ്പോൾ ഗലീലിയ പ്രദേശം ആഷർ, നെഫ്തലി, സബലൂൺ, ഇസാക്കർ എന്നീ ഗോത്രങ്ങൾക്കായിട്ടാണ് നൽകപ്പെട്ടത്. (ജോഷ്വ 19–10)

യേശു തന്റെ പരസ്യജീവിതത്തിന്റെ ഭൂരിഭാഗവും ചിലവഴിച്ചതും അവിടുത്തെ പ്രേഷിത പ്രവർത്തനങ്ങളുടെ പ്രധാന വേദിയുമായിരുന്നു ഗലീലിയാ പ്രദേശം. അവൻ അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചു, രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു, ജനങ്ങളുടെ എല്ലാ രോഗങ്ങളും, വ്യാധികളും സുഖപ്പെടുത്തിയും ഗലീലിയാ മുഴുവൻ ചുറ്റിസഞ്ചരിച്ചു. (മത്തായി 4–23) ഏകദേശം 200 ൽ അധികം കൊച്ചു കൊച്ചു ഗ്രാമങ്ങളും പട്ടണങ്ങളും ഗലീലിയാ പ്രദേശത്ത് ഉണ്ടായിരുന്നു.

കർത്താവിന്റെ ജീവിതവുമായി ബന്ധപ്പെട്ട സ്ഥലങ്ങളും പട്ടണങ്ങളും ഗ്രാമങ്ങളും ഓരോന്നോരോന്നായി ഇനി നാം മനസിലാക്കുകയാണ് ഈ ലക്കത്തിൽ.

നമ്മൾ ആരംഭിക്കുന്നത് ഗലീലാ പ്രദേശത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന നസ്രസ്സിലാണ്. ഗലീലിയായിലെ വളരെ അപ്രധാനമായ ഒരു കൊച്ചു ഗ്രാമമായിരുന്നു നസ്രസ്സ്. പഴയനിയമത്തിൽ നസ്രസ്സിനെ പറ്റി പരാമർശമൊന്നുമില്ല. മറിയത്തിന്റെ മംഗളവാർത്തയും, ഈശോയുടെ മനുഷ്യാവതാരവുമായി ബന്ധപ്പെട്ടാണ് നസ്രസ്സ് രക്ഷാകരചരിത്രത്തിലേക്ക് കടന്നുവരുന്നത്. വളരെ ചെറുതും അവഗണിക്കപ്പെട്ട് കിടന്നിരുന്നതുമായ നസ്രസ്സിനെ പറ്റി നഥാനിയേൽ പറഞ്ഞത് വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 'നസ്രസ്സിൽ നിന്ന് എന്തെങ്കിലും നന്മയുണ്ടാകുമോ?'(യോഹ 1–46)



## നസ്രസ്സ്

നസ്രസ്സ് എന്ന പേര് "നെസർ" എന്ന ഹിബ്രുവാക്കിൽ നിന്ന് ഉത്ഭവിക്കുന്നെന്നാണ് കണക്കാക്കപ്പെടുന്നത്. ഈ വാക്കിന്റെ അർത്ഥം "പുഷ്പം" എന്നാണ്. വിടർന്നു നിൽക്കുന്ന പുഷ്പതുല്യം, നടുഭാഗം കുഴിഞ്ഞ് ചുറ്റും മലകളാൽ ചുറ്റപ്പെട്ട പ്രകൃതി രൂപമാണ് നസ്രസ്സിനുള്ളത്. ചുറ്റുമുള്ള കുന്നുകളുടെ മടിത്തട്ടാണ് നസ്രസ്സ്. ഒരർത്ഥത്തിൽ ഒരു ബെയ്സന്റെ രൂപമാണെന്ന് പറയാം. ഇവിടുത്തെ മലഞ്ചെരുവിൽ പത്തോ പതിനഞ്ചോ കുടുംബങ്ങൾ തൊട്ടുതൊട്ടായി ജീവിച്ചിരുന്ന ഒരു കൊച്ചുഗ്രാമം. അവിടെ ജീവിച്ചിരുന്ന പരിശുദ്ധ കന്യാമറിയത്തിന്റെ അടുത്തെത്തി മംഗളവാർത്ത അറിയിച്ചു. അങ്ങനെ ദൈവത്തിന്റെ പുത്രൻ മാംസംധരിക്കുകയും കന്യാമറിയം ദൈവമാതൃത്വത്തിലേക്ക് ഉയർത്തപ്പെടുകയും ചെയ്ത പുണ്യസ്ഥലമാണ് നസ്രസ്സ്. മാംസംധരിച്ച ഈശോ 30 വർഷം രഹസ്യജീവിതം നയിച്ച സ്ഥലം. അവിടേക്ക് നമുക്ക് കടന്നുചെല്ലാം.

നസ്രസ്സിന്റെ ദൃശ്യം വളരെ ഹൃദയഹാരിയാണ്. മനോഹരമായി തിക്കിനിറച്ച് വച്ചിരിക്കുന്നതുപോലെ കെട്ടിടങ്ങൾ നിറഞ്ഞ് നിൽക്കുന്ന ഇന്നത്തെ നസ്രത്ത് പട്ടണത്തിന്റെ മദ്ധ്യത്തിലായി തല ഉയർത്തിനിൽക്കുന്ന മംഗലവാർത്തയുടെബസിലിക്ക എവിടെ നിന്ന് നോക്കിയാലും കാണാം. മറിയത്തിന്റെ അവശേഷിച്ചിരുന്ന വീട് ഉള്ളിലാക്കി പണിതിരിക്കുന്ന അതിമനോഹരമായ ഈ ബസിലിക്കയുടെ നടുഭാഗത്ത് 20 അടി താഴെയുള്ള ഗ്രോട്ടോയുടെ അൾത്താരയുടെ മുമ്പിൽ വട്ടത്തിൽ കാണുന്ന ഫലകത്തിന്റെ സ്ഥാനത്താണ് മാതാവ് മുട്ടിന്മേൽ നിന്നത്. ആ ഫലകത്തിന്മേൽ "ഇവിടെ വചനം മാംസമായി" (യോഹ 1–4) എന്ന് ആലേഖനം ചെയ്തിട്ടുണ്ട്.

മംഗളവാർത്ത ബസിലിക്കയുടെ മദ്ബഹായുടെ പിറകിലെ ഭിത്തിയിൽ, സ്വർഗ്ഗത്തിന്റെ ലോകത്തിന്റെ ഏറ്റവും വലിയ മൊസായിക്ക് ചിത്രമാണ് പിടിപ്പിച്ചിരിക്കുന്നത്. അത് ആരേയും ആകർഷിക്കുന്ന അതിമനോഹരമായ കാഴ്ച്ചയാണ്. ബസലിക്കയുടെ ചുവരുകളിലെല്ലാം മാതാവിന്റെ വലിയ ചിത്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്. ഓരോ രാജ്യങ്ങളുടെയും സംഭാവനയാണ് അവ. ഇന്ത്യയുടെ വകയായി വേളാങ്കണ്ണി മാതാവിന്റെ ചിത്രവുമുണ്ട്. ഈ ബസലിക്കയുടെ 100 മീറ്റർ വടക്കായി വിശുദ്ധ യൗസേപ്പിന്റെ നാമത്തിലുള്ള ഒരു ദൈവാലയം ഒരു ഗുഹയുടെ മുകളിലായി നിർമ്മിച്ചിരിക്കുന്നു. തിരുക്കുടുംബം താമസിച്ചിരുന്ന ഈ ഭൂഗർഭമുറിയിലും അതിന്റെ ഓരോ വശങ്ങളിലായി കെട്ടിയുണ്ടാക്കിയ, ആശാരിപ്പണിക്ക് ഉപയോഗപ്പെടുത്തിയിരുന്ന പന്തലുകളും ആയിരുന്നു. തിരുക്കുടുംബം താമസിച്ചിരുന്നതും യൗസേപ്പിതാവ് ആശാരിപ്പണി ചെയ്തിരുന്നതും ഏറ്റവും ദരിദ്രമായ അവസ്ഥയിലാണ്. ഇവിടെയാണ് തിരുക്കുടുംബം താമസിച്ചിരുന്നത്.

നസ്രസ്സ് പട്ടണത്തിലെ മറ്റൊരു പുണ്യസ്ഥലം"മറിയത്തിന്റെ കിണർ ആണ്" അന്നത്തെ നസ്രസ്സ് ഗ്രാമത്തിന്റെ വെളിയിൽ ഏതാണ്ട് 250 മീറ്റർ ദൂരെ സ്ഥിതി ചെയ്തിരുന്ന ഈ കിണറിൽ നിന്നാണ് ഗ്രാമവാസികളെല്ലാവരും വെള്ളം എടുത്തിരുന്നത്. ഈ കിണർ ഒരു ഓർത്തഡോക്സ് ദൈവാലയത്തിനുള്ളിലാണ് സ്ഥിതി ചെയ്യുന്നത്. ഇവിടെ നിന്നാണ് മാതാവും ഒപ്പം ഈശോയും എന്നും വീട്ടാവശ്യത്തിനുള്ള വെള്ളം കോരിക്കൊണ്ടുപോയിരുന്നത്. തീർത്ഥാടകർക്ക് ഈ കിണറിൽ നിന്ന് വെള്ളം കോരിക്കുടിക്കാനും പുണ്യജലമായി കൊണ്ടുപോകുവാനും സൗകര്യമുണ്ട്. ഈ കിണർ ഇന്ന് മാതാവിന്റെ കിണർ എന്ന പേരിലാണ് അറിയപ്പെടുന്നത്. മംഗലവാർത്തയുടെ സ്ഥലമായി ഗ്രീക്ക് ഓർത്തഡോക്സുകാർ കരുതുന്നത് ഈ കിണർക്കരയാണ്. വെള്ളം കോരാൻ മാതാവ് വന്നപ്പോഴാണ് മാലാഖ പ്രത്യക്ഷപ്പെട്ട് മംഗലവാർത്ത അറിയിച്ചതെന്നാണ് അവരുടെ വിശ്വാസം.

നസ്രസ്സിലെ മറ്റൊരു തീർത്ഥാടന കേന്ദ്രം അവിടെയുള്ള യഹൂദ സിനഗോഗാണ്. അന്നത്തെ യഹൂദരുടെ ഈ പ്രാർത്ഥനാലയത്തിൽ വെച്ചാണ് ഈശോ തന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽ ഏശയ്യാ പ്രവാചകന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് തന്റെ ജീവിത ദൗത്യം പ്രഖ്യാപിച്ചത്. "കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്, ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു"(ലൂക്കാ 4–17:19)

നസ്രസ്സിലെ സിനഗോഗിൽ ഈശോ തന്റെ പ്രബോധനം ആരംഭിച്ചു. അവിടുത്തെ വചനങ്ങൾ യഹൂദരെ രോഷാകുലരാക്കി. അവർ അവിടുത്തെ പട്ടണം സ്ഥിതി ചെയ്തിരുന്ന മലയുടെ മുകളിൽ നിന്ന് തള്ളി താഴെയിടുന്നതിന് പിടിച്ചു കൊണ്ടുപോയി (ലൂക്കാ4–29:30) ആ സ്ഥലവും നമുക്കിവിടെ കാണാൻ കഴിയും.

നസ്രസ്സിൽ വസിച്ച് വളർന്നതുകൊണ്ട് "നസ്രായൻ" എന്ന പേര് യേശുവിന് ലഭിച്ചു. "അവൻ നസ്രായൻ" എന്ന് വിളിക്കപ്പെടും എന്ന് പ്രവാചകൻ വഴി അരുൾചെയ്യപ്പെട്ടത് നിവൃത്തിയാകാൻ നസ്രസ്സ് എന്ന പട്ടണത്തിൽ അവൻ ചെന്ന് പാർത്തു (മത്താ 2–23) ഒരു നന്മയും വരികയില്ലെന്ന് കരുതി, അവഗണിക്കപ്പെട്ടുകിടന്ന നസ്രസ്സിൽ നിന്നും, സകല നന്മകളുടെയും ഉറവിടമായ ദൈവപുത്രൻ ഉദയം ചെയ്തു. എന്നാൽ ആ നന്മ ഉൾക്കൊള്ളാനും സ്വീകരിക്കാനും നസ്രസ്സിന് കഴിഞ്ഞില്ല എന്ന ചിന്ത, നസ്രസ്സ് വിട്ടിറങ്ങുമ്പോൾ നമ്മുടെ മനസിൽ തങ്ങിനിൽക്കും. നസ്രസ്സിനോട് വിട പറഞ്ഞിറങ്ങുന്ന നമ്മുടെ തീർത്ഥയാത്ര ഇനി ലക്ഷ്യം വയ്ക്കുന്നത് കാന, കഫർണാം, താബോർ മല, ഗലീലാ തടാകം തീരപ്രദേശത്തെ പുണ്യസ്ഥലങ്ങൾ എന്നിവയായിരിക്കും.




ഗലീല പ്രദേശം



മംഗളവാർത്തയുടെ ബസിലിക്ക



ഇന്നത്തെ നസ്രസ്സ്



മാതാവിന് മംഗളവാർത്ത ലഭിച്ച ഗ്രോട്ടോ (ബസലിക്കയ്ക്കുള്ളിൽ)

**വിശുദ്ധനാട് തീർത്ഥാടനം**
ഫാ. ജോസഫ് കാപ്പിൽ നയിക്കുന്ന
വിശുദ്ധനാട് തീർത്ഥാടനം
2022 സെപ്റ്റംബർ 3 – 13
വിവരങ്ങൾക്ക്:
9446501944, 7558861944

# വിശുദ്ധനാട് തീർത്ഥയാത്ര

കർത്താവ് ജനിച്ചു ജീവിച്ച അനുഗ്രഹീത നാട്ടിലൂടെ ഒരു പുണ്യയാത്ര.



- ജോർദ്ദാൻ
- ഇസ്രായേൽ
- പാലസ്തീൻ
- ഈജിപ്ത്



ജെറുസലേം, നെബോ പർവതം, നസ്രത്ത്, മംഗളവാർത്താ ദേവാലയം, കാന, കഫർണാം, ബത്ലഹേം, തിരുപ്പിറവി ദേവാലയം, ബഥനി, താബോർ മല, സെഹിയോൻ മാളിക, ജോർദാൻ നദി, ബത്സയ്ദാ കുളം, ഒലിവുമല, തിരുക്കല്ലറ, ഗത്സമൻതോട്ടം, ജറീക്കോ, ചെങ്കടൽ, സീനായ്, ഈജിപ്ത്, പിരമിഡ്. നൈൽ നദിയിലും ഗലീലി തടാകത്തിലും ബോട്ട് യാത്ര, ചാവുകടലിൽ കുളി, ഗത്സമൻ തോട്ടത്തിൽ ആരാധന, കാനായിൽ വിവാഹ വാഗ്ദാന നവീകരണം, ഗാഗുൽത്തായിലേക്ക് കുരിശിന്റെ വഴി. യാത്രയുടെ ചിത്രങ്ങൾ പെൻഡ്രൈവിൽ നൽകുന്നു

2022 സെപ്റ്റംബർ 9 നും നവംബർ ആദ്യവാരവും 2023 ഏപ്രിൽ, മേയ് മാസങ്ങളിലും പുറപ്പെടുന്നു. ബുക്കിംങ് ആരംഭിച്ചിരിക്കുന്നു

Sama Travel
Great Journeys Begin Here

**Contact: 9544 285 018, 7907 150 397**

# യൂറോപ്പ്– മരിയൻ തീർത്ഥയാത്ര



● വത്തിക്കാൻ ● സ്വിറ്റ്സർലന്റ് ● പോർച്ചുഗൽ
● ഇറ്റലി ● ജർമ്മനി ● ഫ്രാൻസ് ● സ്പെയ്ൻ

കൊളോസിയം, വത്തിക്കാൻ മ്യൂസിയം, കാറ്റക്യൂമ്പ്സ്, സെന്റ് പീറ്റേഴ്സ് ബസിലിക്ക, സിസ്റ്റെയ്ൻ ചാപ്പൽ, പിസ, അസീസി, വെനീസ്, പാദുവ, മിലാൻ കത്തീഡ്രൽ, മൗണ്ട് റ്റിറ്റ്‌ലിസ്, ബെൻസ് മ്യൂസിയം, ലിസ്യൂ, നോർത്തഡാം കത്തീഡ്രൽ, ഈഫൽ ടവർ, ലൂർദ്ദ്, ഫാത്തിമ.

മാർപാപ്പയെ കാണാൻ അപൂർവ അവസരം!!!

14 ദിവസത്തെ പ്രോഗ്രാം കോഴിക്കോട് നിന്ന് പുറപ്പെടുന്നു.
ബുക്കിംങ് ആരംഭിച്ചിരിക്കുന്നു

**Contact: 9544 285 018, 7907 150 397**



CHAVARA INSTITUTE
KOCHI

2022 - 2023
Admission Continues

UGC, NSDC Approved
JAIN



B.Voc Degree Courses
- Hotel Management
- Airline Tourism & Hospitality

Diploma Courses
- PG/Diploma in Hotel Management
- Professional Cookery
- Bakery & Confectionery
- Adv. Dipl. in Airport Mgmt.
- IATA , Canada (Authorized Training Center)

Beautician Courses
- Hair Designing
- Beauty Therapy
- Spa Management

Chavara Cultural Centre,
Monastery Road, Near South Metro, Kochi

T. 99478 40404, 99478 50404
E. chavaraadm@gmail.com | W. chavarainstitute.com





Accredited College

NBA
CE CS EC EE ME
BTech Programmes

**Get ready to Engineer your future...**



Programmes Offered

**BTech**
1. Artificial Intelligence and Data Science
2. Civil Engineering
3. Computer Science and Engineering
4. Electrical and Electronics Engineering
5. Electronics and Communication Engineering
6. Mechanical Engineering
7. Mechatronics
8. Robotics and Automation

**MTech**
1. Computer Science and Engineering
2. Power Electronics
3. Transportation Engineering
4. Communication Engineering and Signal Processing
5. Industrial Automation and Robotics

**PhD**
1. Computer Science and Engineering
2. Electrical and Electronics Engineering
3. Electronics and Communication Engineering
4. Mechanical Engineering
5. Basic Science and Humanities

Jyothi Scholarships

Management Merit Scholarships to KEAM Rank Holders*

| Rank | Scholarships |
|---|---|
| Rank 1 - 5000 | Rs. 75,000/- per annum* |
| Rank 5001 - 10,000 | Rs. 37,500/- per annum |
| Rank 10,001 - 15,000 | Rs. 20,000/- per annum |
| Rank 15,001 - 20,000 | Rs. 15,000/- per annum |
| Rank 20,001 - 25,000 | Rs. 10,000/- per annum |

www.jecc.ac.in

04884-259000
95269 24455, 95269 34455

Jyothi Engineering College

# AMAL JYOTHI
## COLLEGE OF ENGINEERING
### KANJIRAPPALLY

LEARN Safe @ NATURE'S LAP

NBA NATIONAL BOARD OF ACCREDITATION ECE & EEE

NAAC NATIONAL ASSESSMENT AND ACCREDITATION COUNCIL 'A' Grade

**B TECH** **M TECH** **MCA** **PH D**

- ***First*** Self-financing Engineering College in Kerala to secure NAAC accreditation with 'A' Grade and NBA for prime departments.
- ***First*** Engineering College in Kerala to establish an IEDC sponsored by the DST, Govt. of India.
- ***First*** Engineering College in Kerala to accomplish a TBI (Technology Business Incubator) for student entrepreneurs with Govt. of India funding.
- ***First*** Engineering College in Kerala to establish a Rs. 5 crore Bio-TBI, sponsored by BIRAC of DBT, Govt. of India.
- ***First*** Engineering College in Kerala to setup an industry-in-institute for students to earn while they learn.

**For Admissions Contact**

**+ 91 9072 661 600**

## COURSES OFFERED

### B Tech / B Tech Honours

- Civil Engineering
- Chemical Engineering
- Computer Science & Engineering
- Electrical & Electronics Engineering
- Electronics & Communication Engineering
- Food Technology
- Information Technology
- Mechanical Engineering
- Mechanical Engineering (Automobile)
- Metallurgical & Materials Engineering

### M Tech

- Computer Science & Engineering
- Communication Engineering
- Energy Systems
- Power Electronics & Power Systems
- Structural Engineering & Construction Management
- Computer-Aided Structural Engineering
- Machine Design
- Nano Technology
- Environmental Engineering

### MCA

- Master of Computer Applications (Regular - 3 years)
- Master of Computer Applications (Integrated - 5 years after 10+2)

Contact info:

AMAL JYOTHI COLLEGE OF ENGINEERING
Kanjirappally, Koovappally P.O., Kottayam Dt., Kerala
S. India Pin - 686518

info@amaljyothi.ac.in
**+ 91 95 444 94 704**
**+ 91 90 745 57 707**

For more details visit
**www.ajce.in**


Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, Calicut-12. Editor: Fr. Manoj Kollamparambil